032:3M83:12 F6 PRATAPASIMHAN KUNHUNNI NAIR

032:3M83:12
F6

032:3M83:12 F6
NNI NAIR (K.).
han.
MUL
034876

**Madras University Library.**

DOCTRINA VIM PROMOVET INSITAM

Call Number 032:3M83:12 Fb

Accession Number 34876

Available for loan from

This book should be returned on or before the date last marked below.

19 MAR 1943

1951

O. 61

# PRATAPASIMHAN

BY

**K. Kunhunni Nair** B.A., B.L.,
*High Court Vakil,*
*Author of Bhishmar, Viduran, William Tell, Ahalyabhai &c.*

(Approved by the Text Book Committees of Madras, Cochin & Travancore and prescribed as a Non-detailed Text for the Intermediate Examination, 1926.)

UNIVERSITY LIB...
DEC 1926
MADRAS

# പ്രതാപസിംഹൻ

ഗ്രന്ഥകൎത്താ:

കണ്ണന്ത്ര കുഞ്ഞുണ്ണിനായർ ബി.ഏ., ബി.എൽ.,
ഹൈക്കോട്ട് വക്കീൽ.

നാലാംപതിപ്പ്

TRICHUR,
V. SUNDRA IYER & SONS.
1101/1926.

*Rights reserved by the Author.*

വില ൧൨ ണ] [Price 12 As,

STOCKED BY
... BHUTJEE, CALICUT.

34876
032 :3M83:12
F6

# മുഖവുര.

ശ്രീ:സതിശമിത്രൻ ബംഗാളഭാഷയിൽ എഴുതിട്ടുള്ള 'പ്രതാപസിംഹൻ' എന്ന പുസ്തകത്തേയും, മഹാനായ കൎണ്ണൻ ജെയിംസ് ടോഡ് സായ്പ് എഴുതീട്ടുള്ള 'രാജസ്ഥാനകഥകൾ' എന്ന പുസ്തകത്തേയും അടിസ്ഥാനപ്പെടുത്തീട്ടാണു ഞാൻ ഈ പുസ്തകം എഴുതീട്ടുള്ളതു്. ഈ പുസ്തകം എഴുതിക്കഴിഞ്ഞിട്ട് ആറേഴുകൊല്ലമായിരിക്കുന്നു. മഹാഭയങ്കരമായ ജൎമ്മൻയുദ്ധം നടക്കുന്ന കാലത്താണ് ഈ പുസ്തകം എഴുതിത്തുടങ്ങിയതു്. അതാണു വൈസ്രോയിയായിരുന്ന ഹാർഡിഞ്ച് പ്രഭുവിനെപ്പററിയും മററും ഇതിൽ പ്രസ്താവിക്കാൻ ഇടവന്നിട്ടുള്ളതു്.

ഒരു ആദൎശംകൂടാതെ ആൎക്കും ഒരു കാൎയ്യത്തിലും ഉന്നതി നേടാൻ കഴിയുന്നതല്ല. ആ ആദൎശം സ്വദേശിയവും സ്വജാതിയവും ആണെങ്കിൽ അധികം ആദരണീയവും കാൎയ്യസാദ്ധ്യത്തിന്നു് ഉപയോഗകരവും ആയിത്തീരുന്നതാണു്. മനുഷ്യന്റെ ആദൎശം കാല്പനികമായ ഒരു ദേവനല്ലാതെ മനുഷ്യനാവുന്നതുതന്നെയാണു് ഉചിതം. സ്വദേശീയമഹാപുരുഷന്മാരുടെ ആദൎശജീവിതത്തെ നാം പഠിക്കുന്നതായാൽ നമ്മുടെ ഉന്നതിക്കുള്ള വഴി എളുപ്പമായിത്തീരുന്നതാണു്. ഓരോ രാജ്യത്തിന്റേയും ഭാവി ആ രാജ്യത്തിന്റെ ഭൂതചരിത്രത്തെ അവലംബിച്ചാണു് ഇരിക്കുന്നതു്. ഭൂതചരിത്രം എന്നു പറയുന്നതു പ്രവീണന്മാ

രും, പ്രധാനികളും ആയ ഓരോരുത്തരുടെ ജീവചരിത്രം അല്ലാതെ മറെറാന്നുമല്ല. ഏതൊരു രാജ്യത്തിന്നു പണ്ടു മഹിമയുണ്ടായിരുന്നുവോ ആ രാജ്യത്തിൻെറ ഭാവി നന്നായിരിക്കുമെന്നു് ആശിക്കാൻ വഴിയുണ്ടു്. ആ ആശയില്ലെങ്കിൽ ഉന്നതിയുണ്ടാവാൻ മാൎഗ്ഗമില്ല. അതുകൊണ്ടു ആർ ഉന്നതിയെ കാംക്ഷിക്കുന്നവോ അവർ പണ്ടുണ്ടായിരുന്ന പ്രധാനികളുടെ ജീവിതവൃത്തങ്ങളെപ്പററി പൎയ്യാലോചന ചെയ്യുന്നതു് ഏററവും ആവശ്യമാണു്. ആർ അതീതയുഗങ്ങളിൽ ജീവിച്ചിരുന്ന സ്വദേശിമഹാന്മാരുടെ ചവിട്ടടികളെ അനുസരിച്ചു നടന്നു നീതിയുടെയും ധൎമ്മത്തിൻേറയും വ്യവസ്ഥകൾക്കു ഹാനി വരുത്താതെ ജീവിതം നയിക്കുന്നുവോ അവൎക്കു നിശ്ചയമായും ഉന്നതി വരുന്നതാണു്.

ഭൂതചരിത്രമാണു ഭാരതവൎഷത്തിൻെറ മൂലധനം. ഇത്ര ഉജ്ജ്വലവും ഉന്നതവുമായ ഭൂതചരിത്രം ഭൂമിയിലെ മററു രാജ്യങ്ങൾക്കുണ്ടോ എന്നു സംശയമാണു്. ധൎമ്മം, സാഹിത്യം, രാജനീതി, സമാജനീതി തുടങ്ങിയ സകല വിഷയങ്ങളിലും ഭാരതീയരുടെ പ്രതിഭ ഉന്നതിയുടെ പരമകാഷ്ഠയെ പ്രാപിച്ചിരിക്കുന്നു. രാജ്യത്തിലുണ്ടായ പലവിധകലഹങ്ങൾകൊണ്ടും ഭാഗ്യവിപൎയ്യയംകൊണ്ടും ഭാരതസന്താനങ്ങൾ തങ്ങളുടെ പൂൎവ്വന്മാരുടെ മഹിമകൾ മിക്കതും മറന്നിരിക്കുന്നു. എന്നാൽ ഈശ്വരകൃപകൊണ്ടു നമുക്കു സുദിനം വന്നിരിക്കുന്നു. നാം നമ്മുടെ പൂൎവ്വചരിത്രത്തെ പൎയ്യാലോചന ചെയ്വാൻ തുടങ്ങിയിരിക്കുന്നു.

ഇംഗ്ലീഷുകാർ മുതലായ യൂറോപ്യന്മാരുടെ ഉന്നതിക്കു പ്രധാനമായ ഒരു കാരണം അവർ തങ്ങളുടെ പൂർവ്വചരിത്രത്തെപ്പററി പര്യാലോചന ചെയ്യുകയും പൂർവ്വന്മാരെ ആദരിക്കുകയും ചെയ്യുന്നതുതന്നെയാണ്. അവർ തങ്ങളുടെ സ്വദേശത്തിലെ മഹാന്മാരെ പൂജിക്കുന്നു. അവർ വീരപൂജകന്മാരാണ്. വീരൻ എന്നു പറഞ്ഞാൽ ധർമ്മവീരൻ, കർമ്മവീരൻ, സാഹിത്യവീരൻ, യുദ്ധവീരൻ ഇവരെല്ലാം ഉൾപ്പെടുന്നതാണ്. ഇംഗ്ലീഷുകാരുടെ സാഹിത്യത്തിൻെറയും ചരിത്രത്തിൻെറയും അധികഭാഗവും വീരപൂജയുടെ ഇതിവൃത്തം മാത്രമാണ്. വാസ്തവത്തിൽ ബ്രിട്ടീഷുശാസനത്തേക്കാൾ ബ്രിട്ടിഷുസാഹിത്യത്തിന്നാണു ഭാരതവർഷത്തിൽ അധികം ആധിപത്യം കിട്ടിട്ടുള്ളതു്. ബ്രിട്ടീഷുസാഹിത്യത്തിൻെറ പ്രധാനശിക്ഷ വീരപൂജയാണ്. നാം നമ്മുടെ സ്വദേശമഹാന്മാരെ പൂജിക്കേണമെങ്കിൽ അവരുടെ ജീവിതവൃത്താന്തങ്ങളെ പഠിക്കേണ്ടതു മുഖ്യ ആവശ്യമാണ്. ഈ മാതിരി മഹാന്മാരുടെ ജീവചരിത്രങ്ങൾ അവരവരുടെ മാതൃഭാഷകളിൽ എഴുതി അവയ്ക്കു പ്രചാരം വരുത്തേണ്ടതു് അത്യാവശ്യമാണ്. ഈ ഉദ്ദേശത്തോടുകൂടിയാണു ഞാൻ ഈ പുസ്തകം എഴുതാൻ തുനിഞ്ഞതു്. പ്രതാപസിംഹൻ പ്രബലനായ മൊഗൾ ചക്രവർത്തിയോട് എതിർത്തു പൊരുതി യോദ്ധൃധർമ്മത്തിൻെറ പ്രകൃഷ്ടതയെ നമുക്കു പരിചയപ്പെടുത്തി തന്നിരിക്കുന്നു. എന്നാൽ യോദ്ധൃത്വത്തിന്നു പുറമെ അദ്ദേഹം മററു പല ഗുണങ്ങളാലും അലംകൃതനായിരുന്നു. അദ്ദേഹത്തിൻെറ കഠോരമായ പ്രതിജ്ഞയും സത്യപാലനവും, അദ്ദേഹത്തിൻെറ

ലോകോത്തരമഹത്വവും, അസാധാരണമായ സ്വദേശഭക്തിയും ദേവദുല്ലഭമായ ആത്മത്യാഗവും അദ്ദേഹത്തെ അമരനാക്കിത്തീൎത്തിരിക്കുന്നു. അദ്ദേഹം ആൎയ്യവീരനും, ആൎയ്യനൃപതിയും, ആൎയ്യയോഗിവൎയ്യനും ആണ്. പ്രതാപസിംഹൻ ഭാരതമഹാന്മാരുടെ ശീഷ്സ്ഥാനീയനാണ് എന്നു പറയുന്നതിൽ ഒട്ടുംതന്നേ അതിശയോക്തിയില്ല.

പൃഥ്വിരാജാവിൻെറ പത്രത്തേയും ഖാൻഖാനാൻെറ ചെറുകവിതയേയും പദ്യരൂപേണ തൎജ്ജമ ചെയ്തതു ശ്രീമാൻ കുററിപ്പുറത്തു കേശവൻനായരവർകളാണ്. സരസകവിയായ ആ മഹാൻെറ ഔദാൎയ്യകൃത്യത്തിന്നു ഞാൻ എപ്പോഴും നന്ദിയുള്ളവനായിരിക്കുന്നതാണ്.

1907 മിഥുനം 4-ാംനു-
തൃശ്ശിവപേരൂർ.

എന്ന്
ഗ്രന്ഥകൎത്താ.

# പ്രതാപസിംഹൻ

## ഉപക്രമണിക.

ഭാരതവഷത്തിൻെറ ഭൂപടം നോക്കുന്നതായാൽ അതിൻെറ നടുവിലായി രാജപുതന എന്നു പേരായ ഒരു വലിയ പ്രദേശം നമുക്കു കാണാൻ കഴിയുന്നതാണ്. ഇതിൻെറ വടക്കു പഞ്ചാബു രാജ്യവും, കിഴക്കു മദ്ധ്യദേശവും, തെക്കു ഗുജരാഷ്ട്രവും ബോംബെ സംസ്ഥാനവും, പടിഞ്ഞാറു സിന്ധുദേശവും ആകുന്നു. ഈ പ്രദേശമാണു ക്ഷത്രിയകുലജാതന്മാരായ രാജപുത്രന്മാരുടെ വാസസ്ഥാനം. അതിനാൽ ഈ പ്രദേശത്തെ രാജപുതന എന്നും, രാജസ്ഥാനമെന്നും, രാജബാര എന്നും വിളിച്ചു വരുന്നു.

രാജപുതനയെ ഭാരതവഷത്തിൻെറ ഹൃദയമെന്നു പറയാവുന്നതാണ്. മനുഷ്യഹൃദയം ഏതുപ്രകാരം ശരീരത്തിൻെറ നടുവിൽ സ്ഥിതിചെയ്യുന്നുവോ അതേപ്രകാരം അനേകരാജ്യങ്ങളാൽ ചുററപ്പെട്ട രാജപുതനയും ഭാരതവഷത്തിൻെറ നടുവിൽ സ്ഥിതിചെയ്യുന്നു. മനുഷ്യഹൃദയം എങ്ങിനെ അസ്ഥികൂടത്തിൻെറ ഉള്ളിൽ ഗുപ്തമായി ഇരിക്കുന്നുവോ അങ്ങിനെതന്നെ രാജപുതനയും പവ്വതനിരകളുടേയും മരുഭൂമിയുടേയും നടുവിൽ സ്ഥിതിചെയ്യുന്നു. മനുഷ്യൻെറ പ്രധാനശക്തി ഏതുപ്രകാര

ത്തിൽ ഹൃദയത്തെ ആശ്രയിച്ചു നില്ക്കുകയും ഹൃദയബലം കൊണ്ടു മനുഷ്യൻെറ യഥാൎത്ഥമായ മഹത്വം ഏതുപ്രകാരം സൂചിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ, അതുപ്രകാരത്തിൽ ഭാരതഭൂമിയുടെ ഒരു പ്രധാനശക്തി രാജപുതനയെ ആശ്രയിക്കുകയും രാജപുതനാനിവാസികളുടെ മഹാശക്തികൊണ്ടു് ഒരു കാലത്തു ഭാരതവൎഷത്തിൻെറ മാഹാത്മ്യം സുപ്രതിഷ്ഠതമാകയും ചെയ്തിരുന്നു.

രാജപുത്രരുടെ രാജ്യം പണ്ടു് എത്രത്തോളം വ്യാപിച്ചിരുന്നു എന്നു പറവാൻ സാധിക്കുന്നതല്ല. മുസൽമാന്മാരുടെ വിജയത്തിനുമുമ്പുള്ള കാലങ്ങളിൽ രാജപുത്രന്മാരുടെ അധികാരം വടക്കു ഗംഗ, യമുന എന്ന നദികളുടെ മറുകരകൾവരെയും, കിഴക്കു ബീഹാർ ബങ്കാൾ ഈ രാജ്യങ്ങളുടെ അതിൎത്തിവരെയും വ്യാപിച്ചിരുന്നു. ഈശ്വരകല്പിതത്താൽ ഇപ്പോൾ രാജപുതനയുടെ അതിൎത്തി നാലുഭാഗങ്ങളിൽനിന്നും ചുരുങ്ങി വരികയും അതിൻെറ മദ്ധ്യത്തിലുള്ള ചില പ്രദേശങ്ങൾ അന്യന്മാരുടെ അധീനത്തിലാവുകയും ചെയ്തിരിക്കുന്നു. ഭാഗ്യക്ഷയംകൊണ്ടും അനേകവിധമായ കലഹങ്ങൾകൊണ്ടും വീരഭൂമിയായ രാജപുതന ചിന്നിച്ചിതറിപ്പോയി. ഏകോപിച്ചുകൂടിയാൽ ഏതു രാജാക്കന്മാരുടെ സൈന്യങ്ങളേയും തോല്പിക്കാൻ കഴിഞ്ഞിരുന്ന രാജപുത്രഭടന്മാർതന്നെയാണു് ഇന്നും ആ ദുൎജ്ജയപ്രദേശത്തിൻെറ സമാധാനരക്ഷചെയ്തു വരുന്നതു്.

രാജപുതനയ്ക്കു് ഏഴു പ്രധാന വിഭാഗങ്ങൾ ഉണ്ടു്. അവ മീവാരം, മാൎവ്വാരം, അംബരം, ബിക്കാനീരം, യശ

ല്മീരം, കോട, ബുന്ദി എന്നിവയാകുന്നു. ആരാവല്ലീ പർവ്വതനിരകൾ രാജപുത്താനയുടെ നടുവിൽക്കൂടി അല്പം വള വോടുകൂടി തെക്കുവടക്കായി ഉടനീളം നീണ്ടുകിടക്കുന്നു. ഇതിൻെറ കിഴക്കുഭാഗം മുഴുവനും പർവ്വതങ്ങൾകൊണ്ടു നിറയപ്പെട്ടിരിക്കുന്നു. ഈ പർവ്വതങ്ങളുടെ ഇടയിലാണു മീവാരം, അംബരം, ബുന്ദി എന്നീ രാജ്യങ്ങൾ കിടക്കുന്നതു്. ആരാവല്ലിയുടെ പടിഞ്ഞാറെ ഭാഗത്തായി സിന്ധുദേശം വരെ വ്യാപിച്ചുകിടക്കുന്ന ഒരു വലിയ മരുഭൂമിയുണ്ടു്. ഈ മരുഭൂമിയുടെ ഇടയിൽ മാർവ്വാരം, ബീകാനീരം, യശല്മീരം എന്നീ രാജ്യങ്ങളും മററനേകം ചെറിയ രാജ്യങ്ങളും സ്ഥിതി ചെയ്യുന്നു. നടുഭാഗത്തു് ആരാവല്ലിയിലും അതിൻെറ സമീപത്തുമായി പണ്ടത്തെ അംബരം അല്ലെങ്കിൽ അജമീരം * എന്ന രാജ്യം സ്ഥിതിചെയ്യുന്നു. ദില്ലി, ആഗ്രാ എന്നീ പട്ടണങ്ങളിൽനിന്നു ഗുജരാഷ്ട്രം മുതലായ തെക്കൻദിക്കുകളിലേയ്ക്കു ഗതാഗതം ചെയ്യേണ്ടതിന്നു് എളുപ്പവും സുഗമവുമായ വഴി ഈ രാജ്യങ്ങളുടെ നടുവിൽക്കൂടിയാണു പോകുന്നതു്. മററുള്ള ഗതാഗതമാർഗ്ഗങ്ങൾ വളരെ ദുർഘടങ്ങളാണു്. പുറംരാജ്യക്കാർ ഈ വഴിയിൽക്കൂടെയാണു സൈന്യങ്ങളോടുകൂടി ഇന്ത്യയിലേയ്ക്കു വന്നിരുന്നതു്. ഇതു നിമിത്തം അജമീരം മുസൽമാന്മാരുടെ വാഴ്ചക്കാലത്തുതന്നെ വിദേശിയരുടെ അധീനത്തിലായി. ആ രാജ്യം ഇപ്പോഴും

* മീരം എന്ന ശബ്ദത്തിന്നു പർവ്വതം എന്നർത്ഥമാകുന്നു. അജയസിംഹൻ സ്ഥാപിച്ച പ്രദേശമായതുകൊണ്ടു ഈ പ്രദേശത്തിന്നു് അജയമീരം് അല്ലെങ്കിൽ അജമീരം എന്നു പേരുണ്ടായി.

ബ്രിട്ടീഷുശീമയുടെ ഒരു ഭാഗമാണ്. ഒന്നാമതായി മൊഗള ചക്രവത്തിക്കു കീഴടങ്ങിയതു് അംബരരാജ്യമാണ്. അംബരരാജാവുതന്നെയാണ ജയപുരത്തിൽ ചെന്നു് അവിടെ ഒരു പുതിയ രാജധാനി നിർമ്മിച്ചതു്. ജയപുരമഹാരാജാവു് ഇപ്പോഴം ഇന്ത്യാചക്രവത്തിയുടെ കീഴിലുള്ള ഒരു സാമന്തരാജാവായി ഗണിക്കപ്പെടുന്നു. മൊഗളസൈന്യങ്ങൾക്കു മരുഭൂമികളിൽക്കൂടി ഗതാഗതം ചെയ്യാൻ നല്ല ശീലം ഉണ്ടായിരുന്നതുകൊണ്ടു് അക്ബർ ചക്രവത്തിയുടെ കാലം മുതല്ക്കുതന്നേ മാർവ്വാരം, ബികാനീരം മുതലായ രാജ്യങ്ങൾ മൊഗളചക്രവത്തിയുടെ ആധിപത്യത്തിൻകീഴിലായി. എന്നാൽ മീവാരരാജ്യം ദുർഗ്ഗമമായ പർവ്വതങ്ങളുടെ ഇടയിലായിരുന്നതുകൊണ്ടു വളരെക്കാലം അന്യന്മാൎക്കു കീഴടങ്ങാതെ സ്വതന്ത്രനിലയിൽ രാജ്യം ഭരിപ്പാൻ മീവാരരാജാക്കന്മാൎക്കു സാദ്ധ്യമായി. മീവാരരാജാവായ പ്രതാപസിംഹന്റെ ഉഗ്രമായ പ്രതാപം തന്നെയാണ് ഈ മഹിമയ്ക്കു മുഖ്യമായ കാരണം.

രാജപുത്രന്മാർ ഒരു ഉൽകൃഷ്ടജാതിക്കാരാണ്. എല്ലാ ഉൽകൃഷ്ടജാതികളെപ്പോലെ രാജപുത്രന്മാൎക്കും ചില വിശേഷതകൾ ഉണ്ടു്. ഒന്നാമത്തേതു് അവരുടെ ആകൃതിവിശേഷംതന്നെയാണ്. ആൎയ്യതേജസ്സും ക്ഷത്രിയോചിതമായ വീൎയ്യാതിശയവും അവരുടെ സൎവ്വാംഗങ്ങളിലും പ്രതിഫലിക്കുന്നുണ്ടു്. അവർ നല്ല പൊക്കമുള്ളവരും ദൃഢഗാത്രന്മാരും നല്ല നിറത്തോടുകൂടിയവരും ആകുന്നു. കറുത്ത തലമുടിയും പരന്ന മാറിടവും വലിയ കണ്ണുകളും

അവരുടെ പ്രത്യേക അടയാളങ്ങളാകുന്നു. അവർ അതിസാഹസശീലന്മാരും അസാധാരണപരാക്രമികളും എന്തു കഷ്ടപ്പാടുകളും സഹിപ്പാൻ ത്രാണിയുള്ളവരുമാകുന്നു. അവൎക്കു ആപത്തിനേയോ മരണത്തേയോ ലേശം ഭയമില്ല. പട്ടിണികിടക്കുന്നതിലും ഉറക്കമൊഴിക്കുന്നതിലും ലേശം കൂസലില്ല. അവർ അലസന്മാരോ വിലാസപ്രിയന്മാരോ ആയിരുന്നില്ല. അതു രണ്ടും രാജപുത്രന്മാൎക്കു തീരെ അപരിചിതമായിരുന്നു എന്നുതന്നേ പറയാം.

രാജപുത്രന്മാർ സ്വദേശം, സ്വജാതി, സ്വധൎമ്മം എന്നീ ത്രിമൂൎത്തികളുടെ ഉപാസകന്മാരാകുന്നു. സ്വദേശത്തിന്റെ സ്വാതന്ത്ര്യത്തിന്നുവേണ്ടിയും, സ്വജാതിയുടെ മാനരക്ഷയ്ക്കു വേണ്ടിയും, സ്വധൎമ്മത്തിന്റെ മഹിമ വൎദ്ധിപ്പിക്കാൻവേണ്ടിയും, രാജപുത്രന്മാർ തങ്ങളുടെ സൎവ്വസ്വവും ഉപേക്ഷിക്കാൻ ഒരുക്കമുള്ളവരായിരുന്നു. വിശേഷിച്ചു സ്ത്രീകളുടെ ധൎമ്മവും മാനവും ഹാനിവരാതെ രക്ഷിക്കുന്നതിന്നുവേണ്ടി രാജപുത്രന്മാൎക്കു ചെയ്യാൻ കഴിയാത്തതായ കൎമ്മങ്ങൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. രാജപുത്രന്മാർ എല്ലാം ക്ഷമിച്ചു എന്നു വരും, എന്നാൽ സ്ത്രീകളുടെ നേരേയുള്ള ദുരാചാരം അവർ ഒരിക്കലും സഹിക്കുകയില്ല. അവർ സൎവ്വസ്വവും ഉപേക്ഷിച്ചു എന്നുവരും, എന്നാൽ സ്ത്രീകളുടെ മാനം അവർ ഒരിക്കലും വിററുകളയുന്നതല്ല. സ്വദേശരക്ഷയ്ക്കും, സ്വധൎമ്മരക്ഷയ്ക്കുംവേണ്ടി വാശിയോടുകൂടി യുദ്ധംചെയ്തു ഒടുവിൽ തോൽമ തീൎച്ചയാണെന്നു കാണുമ്പോൾ രാജപുത്രന്മാർ ഉത്സവസമുമമ്പായി ഒരു ചിതകൂട്ടി തീ

ജ്വലിപ്പിച്ച് അതിൽ പരിവാരങ്ങളോടുകൂടിയ തങ്ങളുടെ സ്ത്രീകളെക്കൊണ്ടു ദേഹത്യാഗം ചെയ്യിക്കുന്നു. (ഇതിന്നാണു ജഹറവ്രതം എന്നു പേർ പറയുന്നത്.) അതിന്നുശേഷം അവർ സംഹാരരുദ്രന്മാരേപ്പോലെ പോർക്കളത്തിൽ ചെന്നു ഭയങ്കരയുദ്ധം ചെയ്തു ശത്രുക്കളുടെ ഇടയിൽ ദേഹത്യാഗം ചെയ്യുന്നു. എത്ര പ്രാവശ്യമാണു രാജസ്ഥാനത്തു ഭയങ്കരമായ കലക്കങ്ങൾ ഉണ്ടായിട്ടുള്ളത്? എത്ര പ്രാവശ്യമാണു മുസൽമാന്മാർ രാജസ്ഥാനത്തെ ആക്രമിച്ചു നശിക്കുകയും കൊള്ളയിടുകയും അഗ്നിക്കിരയാക്കുകയും ചെയ്തിരിക്കുന്നത്? എന്നാൽ ഈ കാലം മുഴുവനും രാജപുത്രരമണികൾ അവരുടെ മാനവും പാതിവ്രത്യവും ഹാനിവരാതെ രക്ഷിച്ചുവന്നിരുന്നു. രാജപുത്രജാതിയുടെ ഈ വിശേഷത അവരുടെ കീർത്തികഥയെ മാഞ്ഞുപോകാത്ത അക്ഷരങ്ങളിൽ എഴുതിച്ച് എന്നെന്നേയ്ക്കും നിലനിർത്തിവരുന്നുണ്ട്.

രാജപുത്രന്മാരേപ്പോലെ സത്യസന്ധന്മാരായ ജാതിക്കാർ വളരെ ദുർല്ലഭമാണ്. അവർ ഒരു വാക്കു പറഞ്ഞാൽ അതു് അവരുടെ പ്രതിജ്ഞയ്ക്കു തുല്യമാണ്. അവർ അതിന്നു് ഒരിക്കലും ഭംഗം വരുത്തുകയില്ല. അവരിലാരെങ്കിലും ഒരു കാര്യം ചെയ്യാമെന്നു് ഏററുപറഞ്ഞാൽ പിന്നെ അയാൾ അതുപ്രകാരം ചെയ്യില്ലെന്നു സംശയിക്കാൻകൂടി വഴിയില്ല. താൻ ഏററ കാര്യം നടത്താൻവേണ്ടി ഒരു രാജപുത്രൻ തൻെറ സർവ്വസ്വവും ഉപേക്ഷിക്കുവാൻ മടിക്കുകയില്ല. രാജപുത്രഭടന്മാരുടെ ചരിത്രം ആദ്യം മുതൽ അവസാനംവരെ വായിച്ചുനോക്കിയാൽ ഒരിക്കലെങ്കിലും അ

വർ ചതി, സത്യഭംഗം, വിശ്വാസവഞ്ചന മുതലായതു പ്രവൎത്തിച്ചതായി കാണുകയില്ല. അവരുടെ നീതിശാസ്ത്ര പ്രകാരം നന്ദിയില്ലാത്തവനെപ്പോലെയും വിശ്വാസഘാതകനെപ്പോലെയും മഹാപാപികൾ ആരുംതന്നെ ഇല്ല.

രാജപുത്രന്മാരുടെ ചരിത്രത്തിൽ നീചത്വത്തിന്റെ ഉദാഹരണംകൂടി കാണില്ല. സാധാരണ ഹിന്തുക്കളെപ്പോലെ രാജപുത്രന്മാരും അതിഥിസൽക്കാരത്തേയും ആശ്രിതപരിത്രാണത്തേയും മുഖ്യധൎമ്മങ്ങളായി ഗണിച്ചിരുന്നു. ഏതു അതിഥി വന്നാലും രാജപുത്രൻ അവനെ സൽക്കരിച്ചയക്കും. ആർ വന്നു കാൽ പിടിക്കുന്നുവോ അവന്നു അഭയം കൊടുക്കുകയും ചെയ്യും. ആശ്രയം പ്രാപിക്കുന്നവൻ മുമ്പു എത്ര വലിയ അപരാധം ചെയ്തവനായാലും വേണ്ടില്ല, എത്ര വലിയ ദുൎഘടത്തിൽ പെട്ടവനായാലും വേണ്ടില്ല, രാജപുത്രന്മാർ അവനെ രക്ഷിക്കാതിരിക്കയില്ല. 'ശരണാഗതജനപാലന ധൎമ്മം കരുണാസാഗര തവകുലധൎമ്മം' എന്നു അവർ നല്ലവണ്ണം ധരിച്ചിരുന്നു. അവരെപ്പോലെ കണ്ണുഴിച്ചു ക്ഷമിക്കുന്ന ജാതിക്കാരെ അധികം കാണാൻ കഴിയുന്നതല്ല; തങ്ങളെ വളരെക്കാലം ബഹുവിധ കഷ്ടങ്ങളിലകപ്പെടുത്തിയ ശത്രുക്കളാണെന്നിരിക്കട്ടെ, അവർ തോററുട്ടിമറിഞ്ഞു കാൽ പിടിച്ചാൽ ആ മാത്രയിൽ രാജപുത്രന്മാർ അവരുടെ സകല ഉതെറുകളേയും പൊറുത്തു മാപ്പു കൊടുക്കുന്നു. രാജപുത്രന്മാർ അനേകയുദ്ധങ്ങൾ ചെയ്തിട്ടുണ്ടു; വളരെ രാജ്യങ്ങൾ പിടിച്ചടക്കീട്ടുണ്ടു; അനേകം ദിക്കുകൾ കൊ

ള്ളയിടുകയും ചെയ്യിട്ടുണ്ട്. എന്നാൽ ഒരിക്കലെങ്കിലും അവർ സ്ത്രീകളെ ഉപദ്രവിക്കുകയോ അവരുടെ പാതിവ്രത്യഭംഗം വരുത്തുകയോ ചെയ്യിട്ടില്ല. അധമ്മയുദ്ധമോ ദുബ്ബലന്മാരുടെ നേരെ ബലപ്രയോഗമോ രാജപുത്രന്മാർ ചെയ്യുന്നതല്ല.

രാജപുത്രന്മാരുടെ ചരിത്രം മുഴുവനും അവരുടെ സ്വാത്ഥപരിത്യാഗത്തിന്റെ ചരിത്രമാകുന്നു. അവർ സ്വാത്ഥപരിത്യാഗത്തിന്റെ ഉത്തമദൃഷ്ടാന്തമാണ്. ഇതിൽ അവർ അദ്വിതീയന്മാരാണ്. സ്വന്തം രാജാവിനെ അവർ ഈശ്വരനെപ്പോലെ ഭക്തിയോടുകൂടി ആദരിക്കുന്നു. അമ്മയെക്കാൾ ആദരവോടുകൂടി അവർ ജന്മഭൂമിയെ ആദരിക്കുന്നു. രാജാവിന്നു വേണ്ടിയും സ്വദേശത്തിന്നുവേണ്ടിയും തങ്ങളുടെ സവ്വസ്വവും ഉപേക്ഷിക്കുന്നതിന്റെ ദൃഷ്ടാന്തങ്ങൾ രാജപുത്രന്മാരുടെ ചരിത്രഗ്രന്ഥത്തിന്റെ എല്ലാ ഏടുകളിലും കാണുന്നുണ്ട്. മന്ത്രസ്യ സാധനം കിം വാ ശരീരപാതനം' (ഒന്നുകിൽ കാൎയ്യസാദ്ധ്യം അല്ലെങ്കിൽ മരണം. എന്ന നീതിയുടെ അനുഷ്ഠാനം അവരുടെ ചരിത്രപുസ്തകത്തിന്റെ എല്ലാ അക്ഷരങ്ങളിലും തെളിഞ്ഞുകാണുന്നുണ്ട്. തമ്മോപ്പിളി എന്നു പ്രസിദ്ധമായ മലയിടുക്കിൽവെച്ചു സ്വരാജ്യരക്ഷക്കുവേണ്ടി ആത്മത്യാഗംചെയ്യ യവനവീരനായ ലിയോനിഡൊസ് അനശ്വരമായ കീത്തിയെ സമ്പാദിച്ചു. എന്നാൽ തമ്മോപ്പിളിലെ യുദ്ധംപോലെയുള്ള യുദ്ധം ഉണ്ടാകാത്ത ഒരു ചെറിയ ദേശംപോലും രാജസ്ഥാനത്തിലില്ല. അതുപോലെത്തന്നെ ലിയോനിഡാസ്സിനെ

പ്പോലെയുള്ള വീരന്മാർ ജനിക്കാത്തതായ ഒരു ചെറിയ നഗരമെങ്കിലും രാജസ്ഥാനത്തിൽ ഇല്ല. ലിയോനിഡാസ് എന്ന ഒരുവൻെറ വീൎയ്യവും മാഹാത്മ്യവും ഓൎത്തു ജനങ്ങൾ ആശ്ചൎയ്യഭരിതന്മാരാകുന്നു. എന്നാൽ രാജസ്ഥാനത്തിലെ പൎവ്വതഗ്ഗുഹകളിലും മരുഭൂമികളിലും ലിയോനിഡാസ്സിനെപ്പോലെ വീൎയ്യം കാണിച്ച എത്ര അനേകം ശൂരന്മാരുടെ കീൎത്തികഥകൾ ജനങ്ങളുടെ ദൃഷ്ടിയിൽപ്പെടാതെ കിടക്കുന്നുണ്ട് എന്നതിന്നു കണക്കില്ല.

---

രണ്ടാം അദ്ധ്യായം.

## പൂൎവ്വപുരുഷന്മാർ.

രാജപുത്രന്മാർ സൂൎയ്യവംശക്കാരാണ്. സൂൎയ്യകുലത്തിൽ ജനിച്ചവനും അയോദ്ധ്യാരാജാവും ആയ ശ്രീരാമൻെറ ജ്യേഷ്ഠപുത്രനായ ലവൻ തൻെറ പേരനുസരിച്ച "ലവകോട" അല്ലെങ്കിൽ "ലാഹോർ" എന്ന നഗരത്തെ നിൎമ്മിച്ചു. ലവൻെറ സന്തതികളിൽ ചിലർ ഭാരതവൎഷത്തിൻെറ തെക്കൻദിക്കുകളിൽ ചെന്നു താമസിച്ചു. ആദ്യമായി ജന്മഭൂമി വിട്ട് അന്ന്യദിക്കുകളിലേയ്ക്കു പോയതു കനകസേനനാണെന്നു പറയപ്പെടുന്നുണ്ട്. അദ്ദേഹത്തിൻെറ വംശക്കാരിൽ ചിലർ സൌരാഷ്ട്രം, വല്ലഭിപുരം മുതലായ ദിക്കുകളിൽ ചെന്ന് ഓരോ രാജ്ജ്യങ്ങൾ സ്ഥാപിച്ചു. ശിലാദിത്ത്യൻ എന്നു പേരായ രാജാവു വല്ലഭിപുരം വാണിരുന്ന

കാലത്തു മുസൽമാന്മാർ ആക്രമിച്ചു നഗരിയെ കൊള്ള യിട്ടു നശിപ്പിക്കുകയും രാജാവിനെ കൊല്ലുകയും ചെയ്തു. അക്കാലത്തു രാജാവിൻെറ ഭാര്യയായ പുഷ്പവതിറാണിക്കു ഗർഭമുണ്ടായിരുന്നു. റാണി ഒരു ഗുഹയിൽപോയി ഒളിച്ചിരിക്കുകയും അവിടെവെച്ച് ഒരു പുത്രനെ പ്രസവിക്കുകയും ചെയ്തു. ഗുഹയിൽ ജനിച്ചതുകൊണ്ട് ഈ കുമാരനു ഗോഹൻ എന്നു പേർ സിദ്ധിച്ചു. ഗോഹൻെറ വംശക്കാരായതുകൊണ്ടു മീവാരത്തിലെ രാജപുത്രന്മാക്കു "ഗോഹിലട്ടകൾ" അല്ലെങ്കിൽ "ഗിഹേലാട്ടുകൾ" എന്ന പേർക്കൂടി ഉണ്ടായി.

പിന്നീട് ഈ ഗോഹൻെറ വംശക്കാരനായ നാഗാദിത്യന്ന് ഒരു പുത്രൻ ഉണ്ടായി. അവൻെറ പേർ ബാപ്പാദിത്യൻ അല്ലെങ്കിൽ ബാപ്പാരായൻ എന്നായിരുന്നു. അയാൾ മഹാപരാക്രമിയും ഈശ്വരാധീനമുള്ളവനും ആയിരുന്നതുകൊണ്ട് അയാളെ ജയിക്കാൻ ആക്കും കഴിഞ്ഞില്ല. ഈ കാലത്തു മൌര്യവംശത്തിലെ ഒരു രാജാവാണു ചിത്തോരിൽ രാജ്യഭാരം ചെയ്തിരുന്നത്. ബാപ്പാദിത്യൻെറ അമ്മ പ്രമാരവംശത്തിൽ ജനിച്ചവളാണ്; ഈ പ്രമാരവംശത്തിൻെറ ഒരു ശാഖയാണു മൌര്യവംശം. ഇതുനിമിത്തം ബാപ്പാദിത്യൻ സ്വദേശംവിട്ടു ചിത്തോരിൽ പോവാനിടയായപ്പോൾ അവിടെയുള്ളവർ അദ്ദേഹത്തെ ആദരവോടുകൂടി എതിരേററു സല്ക്കരിച്ചു. അദ്ദേഹം ഏതു സ്ഥലത്ത് ആദ്യം താമസിച്ചുവോ, അതിന്നു ശിശോദീയ എന്നു പേരായിരുന്നു എന്നു പറയ

പ്പെട്ടനണ്ട്. ഇതു കാരണത്താൽ ബാപ്പാദിത്യൻെറ വംശക്കാർക്ക ശിശോദീയരാജപുത്രന്മാർ എന്നു പ്രസിദ്ധപ്പെട്ട പേരുണ്ടായി. അല്പകാലത്തിന്നുള്ളിൽ ബാപ്പാദിത്യൻെറ വീര്യംകൊണ്ടും പരാക്രമംകൊണ്ടും അദ്ദേഹം ചിതോരിന്നു അധികാരിയായിത്തിരുകയും ക്രിസ്ത്വാബ്ദം 728-ാമണ്ടിൽ സിംഹാസനാരൂഢനായി രാജ്യം ഭരിച്ചുതുടങ്ങുകയും ചെയ്തു. കാലക്രമത്തിൽ ചിതോർ മിവാരരാജ്യത്തിൻെറ തലസ്ഥാനമായ രാജധാനിയായിത്തിന്നു.

മീവാരരാജവംശത്തിൻെറ ആദിപുരുഷനായതുകൊണ്ടു ബാപ്പാദിത്യനെ രാജ്യപുത്രന്മാർ ഭയഭക്തിബഹുമാനങ്ങളോടുകൂടി വിചാരിച്ചുവന്നു. ആദ്യത്തിൽ അദ്ദേഹത്തിൻെറ വംശക്കാരുടെ എണ്ണം വളരെ സ്വല്പമായിരുന്നു എങ്കിലും വളരെ താമസംകൂടാതെ അവരുടെ സംഖ്യ വദ്ധിച്ചുവരികയും അദ്ദേഹത്തിൻെറ കീഴിലുള്ള നല്ല അഭ്യാസംകൊണ്ടും അദ്ദേഹത്തിൻെറ ഉത്തമദൃഷ്ടാന്തത്താലും അവർ പോരിൽ മടങ്ങാത്ത ഒരു ജാതിക്കാരായിത്തിരുകയും ചെയ്തു. ബാപ്പാദിത്യൻ നൂറുകൊല്ലം ജീവിച്ചിരുന്നു. അദ്ദേഹത്തിൻെറ രാജ്യം പാരസീകം വരെ വ്യാപിച്ചിരുന്നു. അദ്ദേഹത്തിൻെറ സന്തതി വദ്ധിച്ചു രാജപുത്രന്മാരുടെ എണ്ണം അധികമായിത്തിന്നു. ക്രിസ്ത്വാബ്ദം 1150 മാണ്ടിൽ സുമരസിംഹൻ ഈ വംശത്തിൽ ജനിച്ചു. അദ്ദേഹം ചൌഹാന വംശക്കാരനും ദില്ലിരാജാവുമായ പൃത്ഥ്വിരാജൻെറ സോദരിയെ വിവാഹം ചെയ്തു. സരസ്വതീതിരത്തിൽ

വെച്ചുണ്ടായ യുദ്ധത്തിൽ സാഹാബുദിൻ പൃത്ഥ്വീരാജാവി നെ തോല്പിച്ച ദിവസംതന്നെ അദ്ദേഹത്തിൻെറ ഒന്നിച്ചു യുദ്ധം ചെയ്തിരുന്ന സമരസിംഹൻ മരിച്ചുപോയി. സുപ്ര സിദ്ധനായ ഭീമസിംഹൻ ഈ സമരസിംഹൻെറ പിൻഗാ മിയായിരുന്നു. അദ്ദേഹത്തിൻെറ വാഴ്ചകാലത്തു ദില്ലീശ്വ രനായ അലാവുദ്ദീൻ ഖിൽജി ചിതോരരാജധാനിയെ ആ ക്രമിച്ചു കൈവശപ്പെടുത്തി. കുറേദിവസം കഴിഞ്ഞശേ ഷം ഭീമസിംഹൻെറ പൌത്രനും ശൂരനുമായ ഹാംബീരൻ ചിതോരിനെ വീണ്ടെടുത്തു. നൂറിലധികം കൊല്ലങ്ങൾ ക ഴിഞ്ഞശേഷം കുംഭൻ എന്നു പേരായ ഒരു രാജാവു ചിതോ രിൻെറ കീൎത്തിയെ നാട്ടിലെല്ലാം പരത്തി. ചിതോരിലെ സുപ്രസിദ്ധമായ ജയസ്തംഭവും അനേകവിധത്തിലുള്ള കെ ട്ടിടങ്ങളും അദ്ദേഹത്തിൻെറ കീൎത്തിയെത്തന്നെ ഘോഷിച്ചു കൊണ്ടിരിക്കുന്നു.

കുംഭൻെറ പൌത്രനായ സംഗരാജൻ അല്ലെങ്കിൽ സംഗ്രാമസിംഹൻ എന്ന രാജാവിൻെറ കാലത്തു രാജപു ത്രന്മാരുടെ മഹിമ എത്രയോ അധികം വൎദ്ധിച്ചുവന്നു. ഇ ദ്ദേഹത്തിൻെറ കാലത്തുതന്നെയാണു് എല്ലാ രാജപുത്രസാ മന്തന്മാരും ഒരേ വിജയക്കൊടിയുടെ കീഴിൽ ഒന്നിച്ചു ചേ ൎന്നതു്. വളരെ കാലമായിട്ടു തോഗലക്കു്, സെയിദു്, ലോ ദി മുതലായ വംശങ്ങളിലെ രാജാക്കന്മാരാണു ദില്ലീപട്ട ണത്തിൽ വാണിരുന്നതു്. രാജ്യത്തിൽ പലേ കലഹങ്ങ ളും ഉണ്ടായിക്കൊണ്ടിരുന്നു എങ്കിലും അവയുടെ ബാധ കൂടാതെ രാജപുത്രന്മാർ സ്വദേശത്തിൻേറയും സ്വജാതി

യുടേയും കീർത്തി വർദ്ധിപ്പിച്ചുംകൊണ്ടു സമാധാനത്തോടുകൂടി കാലക്ഷേപം ചെയ്തുവന്നിരുന്നു. ക്രിസ്ത്വാബ്ദം പതിനാറാം നൂററാണ്ടിൻെറ ആദിയിൽ സംഗ്രാമസിംഹൻ തൻെറ പൈതൃകമായ രാജ്യം വാണുകൊണ്ടിരിക്കുമ്പോൾ ലോദിവംശക്കാരനായ ഒരു രാജാവാണു ദില്ലിയുടെ അധീശ്വരനായിരുന്നതു്. ഈ കാലത്താണു മൊഗളവംശക്കാരനായ ബേബർ ഭാരതവർഷത്തെ ആക്രമിച്ചതു്.

മദ്ധ്യഏഷ്യയിൽനിന്നു പല പ്രാവശ്യമായി വളരെ ശത്രുക്കൾ ഭാരതവർഷത്തെ ആക്രമിച്ചിട്ടുണ്ടു. അവരിൽ അധികംപേരും രാജാധികാരം കിട്ടേണമെന്നുള്ളതിനേക്കാൾ അധികം ആഗ്രഹം ധനവും രത്നങ്ങളും അപഹരിച്ചു കൊണ്ടുപോകേണമെന്നായിരുന്നു. എന്നാൽ ബേബരുടെ ഉദ്ദേശം മറിച്ചായിരുന്നു. ക്രിസ്ത്വാബ്ദം 1526-ാമാണ്ടിൽ പാനിപഥത്തിൽ വെച്ചുണ്ടായ യുദ്ധത്തിൽ അയാൾ ഇബ്രാഹിമലോദിയെ തോല്പിച്ചു ദില്ലിക്കു് അധീശ്വരനായിവന്നു. പിന്നെ ജയംകൊണ്ടു മത്തന്മാരായ സൈന്യങ്ങളുടെ സഹായത്തോടുകൂടി അയാൾ ഓരോ രാജ്യങ്ങൾ പിടിച്ചടക്കി തൻെറ രാജ്യം വലുതാക്കാനുള്ള ശ്രമങ്ങൾ തുടങ്ങി. ഈ ഘട്ടത്തിൽ താൻ സ്വസ്ഥനായിരുന്നാൽ ഹിന്ദുരാജ്യം മുഴുവനും മൊഗളന്മാൎക്കു് അധീനമായിത്തീരുമെന്നു സംഗ്രാമസിംഹൻ കണ്ടതിനാൽ ബേബരോടു യുദ്ധം ചെയ്യാൻ വേണ്ടി അദ്ദേഹം സൈന്യങ്ങളെ ശേഖരിച്ചുതുടങ്ങി. രാജപുത്രസാമന്തന്മാരെല്ലാവരും അദ്ദേഹത്തിൻെറ കീഴിൽ ഒന്നിച്ചുകൂടി. ആദ്യമായി കാന്വജിൽ വെച്ചുണ്ടായ യുദ്ധത്തിൽ ബേബരുടെ സൈന്യത്തിലെ ഒരു ഭാഗം ശത്രുക്കളെ

ടെ ഇടയിൽപ്പെട്ടു നശിച്ചുപോയി. ബേബർ ഭയപ്പെട്ടു രാജപുത്രന്മാരോടു സന്ധിസംസാരിപ്പാനായി ഒരാളെ പറഞ്ഞയച്ചു. എന്നാൽ അവർ സന്ധിസംസാരത്തെ കണ്ടില്ല. അല്പദിവസത്തിന്നുള്ളിൽ സിക്രി എന്ന സ്ഥലത്തിന്നടുത്തുള്ള വിയാനം എന്ന നദീതിരത്തിൽ വെച്ചു 1527-ാമാണ്ടിൽ ഒരു ഭയങ്കരയുദ്ധം ഉണ്ടാവുകയും അതിൽ സംഗ്രാമസിംഹൻ തോല്ക്കുകയും ചെയ്തു. അദ്ദേഹം തോല്ക്കുമെന്ന് ആരും വിചാരിച്ചിരുന്നില്ല. ഒരു രാജപുത്രസേനാധിപൻെറ വിശ്വാസവഞ്ചനയാണ് ഇതിന്നു കാരണമെന്നു് ഊഹിക്കപ്പെടുന്നുണ്ടു്. ഈശ്വരകല്പിതം ആൎക്കാണ് അറിവാൻ കഴിയുന്നതു്? ഈ യുദ്ധത്തിൽ മൊഗളന്മാർ തോററിരുന്നെങ്കിൽ ഭാരതഖണ്ഡത്തിൻെറ ചരിത്രത്തിന്നു തീരെ ഒരു മാററം സംഭവിക്കുമായിരുന്നു.

പരാജിതനായ സംഗ്രാമൻ മൊഗൾശത്രുവിനെ തോല്പിച്ചല്ലാതെ ചിത്തോർ രാജധാനിയിലേക്കു മടങ്ങിപ്പോകില്ലെന്നു ശപഥം ചെയ്തു. എന്നാൽ അദ്ദേഹം താമസിയാതെ ക്രി. അ. 1530-ാമാണ്ടിൽ പരലോകപ്രാപ്തനായി. രാജപുത്രന്മാരുടെ ആശകളെല്ലാം നശിച്ചു. സംഗ്രാമസിംഹൻ മരണംവരെ വീരധൎമ്മത്തെത്തന്നെ അവലംബിച്ചു വളരെ പ്രസിദ്ധി നേടി. അദ്ദേഹം പല ദിക്കുകളിലും വെച്ചു പല പ്രാവശ്യവും മുസൽമാന്മാരോടു പോർ ചെയ്തു പതിനെട്ടു പ്രാവശ്യം ജയം നേടി. യുദ്ധത്തിൽ അദ്ദേഹത്തിൻെറ ഒരു കണ്ണും ഒരു കയ്യും ഒരു കാലും നശിച്ചു. അദ്ദേഹത്തിൻെറ മാറിടത്തിലും മറരമായി അസ്ത്രങ്ങൾ തറച്ച എണ്ണളെ മുറി

കളുടെ കലകൾ ഉണ്ടായിരുന്നു. വീരകേസരിയായ സംഗ്രാമന്റെ പൊട്ടുന്നനവേയുള്ള മരണം നിമിത്തം രാജപുത്രന്മാൎക്കും ഭാരതവൎഷത്തിന്നും വന്നുകൂടിയ വലിയ ഉടവു യുഗയുഗാന്തരം കഴിഞ്ഞാലും തീൎന്നുപോകുന്നതല്ല. രാജപുത്രോചിതവീൎയ്യപരാക്രമാദിഗുണങ്ങൾകൊണ്ടു സംഗ്രാമനോടു തുല്യനായിട്ട് അദ്ദേഹത്തിന്റെ പൌത്രനായ പ്രതാപസിംഹമഹാറാണൻ മാത്രമേ ഉണ്ടായിട്ടുള്ളു.

സംഗ്രാമന്റെ മരണശേഷം അദ്ദേഹത്തിന്റെ രണ്ടു പുത്രന്മാർ ഊഴപ്രകാരം ജീവച്ഛവങ്ങളെന്നപോലെ കുറേ കൊല്ലക്കാലം മീവാരത്തെ ഭരിച്ചുപോന്നു. അവരുടെ ശാസനാദോഷംകൊണ്ടു ഭിന്നഗോത്രക്കാരായ രാജപുത്രന്മാരുടെ ഇടയിൽ പല മത്സരങ്ങളും ഉണ്ടായി. ഈ തക്കംനോക്കി ഗുജരാഷ്ട്രത്തിലെ മുസൽമാൻ രാജാവു മീവാരത്തെ ആക്രമിച്ചു ചിത്തോരിനെ രണ്ടാമതും നശിപ്പിച്ചു. അപ്പോൾ രാജ്യം വാണിരുന്ന വിക്രമജിത്ത് ഒന്നിനും കൊള്ളരുതാത്തവനായിരുന്നതുകൊണ്ടു പ്രഭുക്കന്മാർ അല്പദിവസത്തിന്നുള്ളിൽ സംഗ്രാമന്റെ ഒരു ജ്യേഷ്ഠന്റെ പുത്രനായ വനവീരനെ രാജാവാക്കി വാഴിച്ചു. ഈ സമയത്തു സംഗ്രാമന്റെ മകനായ ഉദയസിംഹൻ എന്ന ഒരു കുട്ടി ജീവനോടുകൂടി ഉണ്ടായിരുന്നു. ഈ കുട്ടിക്ക് ആറു വയസ്സു പ്രായമായിരുന്നു. ഈ കുട്ടിക്കു പുരുഷപ്രാപ്തി വരുന്നതുവരെ വനവീരൻ രാജ്യം ഭരിക്കട്ടെ എന്നു തീൎച്ചപ്പെടുത്തി. എന്നാൽ ദുഷ്ടനായ വനവീരൻ സംഗ്രാമന്റെ വംശം മൂലച്ഛേദം ചെയ്തു തനിക്കു സ്ഥിരമായി രാജ്യം ഭരിക്കേണമെന്നു കലശലാ

യി ആഗ്രഹിച്ചു തുടങ്ങി. അവൻ ആദ്യംതന്നെ വിക്രമജി ത്തിൻെറ വധം കഴിച്ചു. പിന്നെ ചോരപുരണ്ട വാളും കയ്യിലെടുത്തു് ഉദയസിംഹനെന്ന കുട്ടിയെ കൊല്ലാനായി ആ കുട്ടി കിടന്നിരുന്ന മുറിയിലേയ്ക്കു ചെന്നു. ഉദയസിം ഹനെ എടുത്തു വളൎത്തിയിരുന്നതു പാന്ന എന്നു പേരായ സ്ത്രീയായിരുന്നു. മഹാമനസ്സയായ ഈ പോററമ്മയുടെ അസാധാരണമായ സ്വാത്മപരിത്യാഗം കൊണ്ടുമാത്രമാ ണ് ഈ കുട്ടിക്കു ജീവരക്ഷ കിട്ടിയതു്. അവൾക്കു് ഉദയ സിംഹൻെറ പ്രായത്തിൽതന്നെ ഒരു പുത്രനുണ്ടായിരുന്നു. ആ കുട്ടികൾ രണ്ടുപേരും ഉറങ്ങിക്കിടന്നിരുന്നു. വനവീ രൻ ഗൃഹത്തിൽ പ്രവേശിക്കുന്നതിന്നുമുമ്പായിത്തന്നെ പാ ന്ന തൻെറ പുത്രനെ ഉദയൻെറ കിടക്കയിൽ കിടത്തി ഉ ദയനെ വേറെ ഒരു ദിക്കിൽ കൊണ്ടുപോയിക്കിടത്തി. ക്രൂ രനും ഭ്രാന്തചിത്തനുമായ വനവീരൻ ദാസീപുത്രനെയാ ണു തൻെറ വാളിന്നിരയാക്കിയതു്. ഉദയസിംഹൻ രക്ഷ പ്രാപിക്കയും ചെയ്തു.

അസാധാരണ പ്രകൃതിഗുണത്തോടുകൂടിയ ആ ദാ സി ഉദയസിംഹനെ എടുത്തുംകൊണ്ടു് ഓടിപ്പോയി. അ വൾ പല ദിക്കിലും ചെന്നു തങ്ങളെ രക്ഷിക്കേണമെന്നു അപേക്ഷിച്ചു എങ്കിലും വനവീരനെയുള്ള ഭയംകൊണ്ടു് ആൎക്കും ആശ്രിതരക്ഷണം ചെയ്വാനുള്ള ധൈൎയ്യം ഉണ്ടായി ല്ല. ഒടുക്കം പാന്ന കമലമീരത്തിൽ ചെന്നെത്തി. അവി ടെയുള്ള കുംഭമേരു എന്നു പേരായ കോട്ടയുടെ നാഥനും ജൈനമതക്കാരനുമായ ആശാസാവിൻെറ അടുക്കൽ ചെ ന്നു് അവൾ അഭയം ചോദിച്ചു. അമ്മയുടെ കല്പനപ്രകാ

രം അയാൾ ഉദയസിംഹന്നു അഭയം കൊടുത്തു തൻെറ മരുമകനാണെന്നു ജനങ്ങളെ വിശ്വസിപ്പിച്ചുംകൊണ്ടു് അയാൾ ഉദയസിംഹനെ വളർത്തി വന്നു.

അഗ്നിക്കു് ഏതുവിധം വസ്ത്രത്തിൻെറ ഉള്ളിൽ ഒളിച്ചിരിക്കാൻ സാധിക്കില്ലയോ ആ വിധംതന്നെ സംഗ്രാമൻെറ വംശധരനായ ഉദയസിംഹനും ഏറെ നാൾ കമലമീരത്തിൽ ആരും അറിയാതെ താമസിക്കാൻ സാധിച്ചില്ല. ഉദയസിംഹൻെറ തേജസ്സും ഉന്നതദേഹവും കണ്ടു് അയാൾ രാജപുത്രജാതിക്കാരനാണെന്നും ഒരു രാജകുമാരനാണെന്നും ജനങ്ങൾ വിചാരിച്ചു. ഒടുക്കം യഥാർത്ഥം വെളിപ്പെട്ടപ്പോൾ രാജസ്ഥാനത്തിലെ പല ദിക്കുകളിൽനിന്നും പ്രഭുക്കന്മാർ വളരെ സന്തോഷത്തോടുകൂടി കൂട്ടംകൂട്ടമായി കമലമീരത്തിൽ എത്തിത്തുടങ്ങി. ആശാസാവു് ഉദയസിംഹനെ രാജപുത്രപ്രഭുക്കന്മാരുടെ കയ്യിൽ സമർപ്പിച്ചു സമാധാനത്തോടുകൂടിയിരുന്നു. രാജപുത്രസാമന്തന്മാരും ആ കോട്ടയിൽവെച്ചുതന്നെ ഉദയസിംഹൻെറ തലയിൽ കിരീടം ധരിപ്പിച്ചു മനസ്സിന്നു സമാധാനംവരുത്തി. ദുരാചാരപരനായ വനവീരൻെറ നാശവും അടുത്തുകൂടി.

സംഗ്രാമൻെറ സോദരനായ പൃത്ഥ്വീരാജാവിന്നു ശീതള എന്നു പേരായ ഒരു ദാസിയിൽ ഉണ്ടായ പുത്രനാണു വനവീരൻ. ഇതു നിമിത്തം അയാൾ എല്ലാവരുടേയും നിന്ദയ്ക്കു പാത്രമായി ഭവിച്ചു. വിശേഷിച്ചു് അയാളുടെ ദുസ്സ്വഭാവവും ക്രൂരതയും നിമിത്തം എല്ലാവക്കും അയാളുടെ പേരിൽ അതിയായ വെറുപ്പുണ്ടായി. പ്രഭുക്കന്മാരെല്ലാവരും ഒന്നിച്ചു ചേൎന്നു വനവീരനെ ആട്ടിപ്പുറത്താക്കി

പുരുഷപ്രാപ്തി വന്ന ഉദയസിംഹനെ പൈതൃകമായ സിംഹാസനത്തിലിരുത്തി രാജ്യം വാഴിപ്പിക്കേണമെന്നു നിശ്ചയിച്ചു. ഉടനെ ഭയങ്കരമായ യുദ്ധത്തിന്നുള്ള ഒരുക്കങ്ങൾ കൂട്ടി. ഏകോപിച്ച രാജപുത്രവീരസംഘത്തിൻെറ നേരെ എതിൎത്തു നില്ക്കാൻ വനവീരൻ ചെയ്ത ശ്രമങ്ങളെല്ലാം വൃഥാവിലായി. അവർ ചിതോർകോട്ട കൈവശപ്പെടുത്തി. കോട്ടയുടെ മുകളിൽ ഉദയസിംഹൻെറ വിജയക്കൊടിക്കൂറ പറന്നുതുടങ്ങി. പരാജിതനായ വനവീരൻ ഷണമെല്ലാം കൈക്കലാക്കി തൻെറ ആൾക്കാരൊന്നിച്ചു തെക്കൻ ദിക്കിലേക്കു പുറപ്പെട്ടുപോയി. സംഗ്രാമൻെറ പുത്രനായ ഉദയസിംഹൻ 1542-ാമാണ്ടിൽ വളരെ ആഘോഷത്തോടുകൂടി സിംഹാസനാരൂഢനായി ചിതോരിൽ വാഴുവാൻ തുടങ്ങി.

---

മൂന്നാമദ്ധ്യായം.

## ജനനവും ബാല്യവും.

കമലമീരത്തിൽ വെച്ച് ഉദയസിംഹനെ കിരീടധാരണം ചെയ്യിച്ച രാജഭക്തന്മാരായ രാജപുത്രസാമന്തന്മാരുടെ കൂട്ടത്തിൽ ഝാലോരിലെ പ്രഭുവായ ശോണിഗുരു ഒരു പ്രധാനിയായിരുന്നു. ഉൽകൃഷ്ടകുലത്തിൽ ജനിച്ച അദ്ദേഹം തൻെറ വീൎയ്യപരാക്രമങ്ങൾകൊണ്ടു കേളികേട്ടവനായിരുന്നു. കമലമീരത്തിൽവെച്ച തൻെറ മകളെ ഉദയസിംഹനു വിവാഹം ചെയ്തുകൊടുക്കണമെന്ന് അദ്ദേഹം പ്ര

സ്വാവിക്കുകയും മററുള്ള പ്രഭുക്കന്മാർ അതിന്നു സമ്മതിക്കുകയും ചെയ്തു. പിന്നെ വിവാഹഘോഷങ്ങൾ കൂട്ടിത്തുടങ്ങി. ഈ സമയത്തു് ഒരു ദിവസം ചില സാമന്തന്മാർ പരിവാരങ്ങളോടുകൂടി കമലമീരത്തിൽ എത്തി. വഴിയിൽ വെച്ച് അവർ ആയിരം രാജപുത്രന്മാരുമായി നേരിട്ടുമുട്ടി. അവർ വനവീരൻെറ മകൾക്കു കിട്ടിയ സ്ത്രീധനത്തെ പതിനായിരം കാളകളുടേയും അഞ്ഞൂറ കുതിരകളുടേയും പുറത്തു കയററി കച്ഛദേശത്തിൽനിന്നു ചിതോരിലേയ്ക്കു കൊണ്ടുവരികയായിരുന്നു. സാമന്തന്മാർ പെട്ടന്നു് അവരോടെതിത്തു ധനം മുതലായതെല്ലാം കയ്ക്കലാക്കി. ഈ ദ്രവ്യസംഭാരംകൊണ്ടു് ഉദയസിംഹൻെറ വിവാഹക്രിയ കമലമീരത്തിൽവെച്ചു വളരെ ആഘോഷത്തോടുകൂടി നടത്തപ്പെട്ടു. ഉദയസിംഹൻ രാജാവായിട്ടു കുറെ കൊല്ലങ്ങൾ കഴിഞ്ഞതശേഷം ശോണിഗുരുകുലത്തിൽ ജനിച്ചവളായ തൻെറ ഭായ്യയിൽ അദ്ദേഹത്തിന്നു് ഒരു പുത്രൻ ജനിച്ചു. ഈ കുട്ടിക്കു പ്രതാപസിംഹൻ എന്നു പേരിട്ടു. തൻെറ ഭാവിജീവിതത്തിൽ പ്രതാപൻ പ്രദശിപ്പിച്ച പ്രതാപംകൊണ്ടു് അദ്ദേഹം തൻെറ പേരിനെ സാത്ഥമാക്കിത്തീത്തു.

ഉദയസിംഹനു് ആകപ്പാടെ ഇരുപത്തിനാലു പുത്രന്മാർ ഉണ്ടായി. അവരിൽവെച്ചു പ്രതാപസിംഹൻ മൂത്തവനും ശക്തസിംഹൻ രണ്ടാമത്തെ പുത്രനും ആയിരുന്നു. ബാല്യംമുതല്ക്കു പ്രതാപനും ശക്തനും ചങ്ങാതിമാരായിരുന്നു. അവരുടെ ഊണും ഉറക്കവും കളിയും ചിരിയും എല്ലാം ഒന്നിച്ചായിരുന്നു. എങ്കിലും ഈ കാലം മുതൽക്കുതന്നെ അവർ തമ്മിൽ അതിയായ വൈരവും ഉണ്ടായിവന്നു. പ്ര

താപൻ വല്ല കാൎയ്യവശാലും പുറത്തേയ്ക്കു പോകുമ്പോഴൊക്കെയും ശക്തനെ വിളിക്കുകയും ശക്തൻ സന്തോഷത്തോടുകൂടി ജ്യേഷ്ഠൻെറ പിന്നാലെ പോവുകയും ചെയ്യും. എന്നാൽ പല അവസരങ്ങളിലും ലഘുവായ കാരണംകൊണ്ടു് അവർ തമ്മിൽ വലിയ തൎക്കവും വിരോധവും ഉണ്ടാവുകയും അതു വൈഷമ്യമായി കലാശിച്ചെങ്കിലോ എന്നു ശങ്കിച്ചു കുടുംബക്കാർ ഭയപ്പെടുകയും ചെയ്തിരുന്നു. കുറച്ചു കാലം കഴിഞ്ഞശേഷം ഈ സഹോദരന്മാർ തമ്മിൽ ബദ്ധവൈരമായിത്തീൎന്നു. അവരിൽ ഒരുവൻ രാജപുത്രകുലത്തിന്നു് ഒരു മണിവിളക്കായും മറേറവൻ രാജപുത്രവംശത്തിന്നു് ഒരു കളങ്കമായും ഭവിച്ചു.

വീരന്മാരായ ഈ രണ്ടു ബാലകന്മാരുടെ കുട്ടിക്കളികളിൽനിന്നുതന്നെ അവരുടെ ജീവിതത്തിലെ ഭാവികാൎയ്യങ്ങഠം സൂചിക്കപ്പെട്ടിരുന്നു. അടക്കവും ഒതുക്കവുമുള്ള കുട്ടികളെപ്പോലെ ഗുരുനാഥൻെറ അടുക്കൽചെന്നു വിദ്യാഭ്യാസം ചെയ്യുന്നതിൽ ഇവൎക്കു് അത്ര താല്പൎയ്യമുണ്ടായിരുന്നില്ല. കയ്യിൽ കുന്തവും ഏന്തി കുതിരപ്പുറത്തു കയറി പൎവ്വതഗുഹകളിലും വങ്കാടുകളിലുമുള്ള മൃഗങ്ങളെത്തേടി നടക്കുന്നതിലാണു് ഇവൎക്കു് അധികം പ്രിയമുണ്ടായിരുന്നതു്. ഓരോരുത്തരുടെ ജീവിതത്തിലെ കാൎയ്യസാദ്ധ്യങ്ങഠംക്കു് ഏതേതു സാധനങ്ങഠം ഉപയുക്തങ്ങളായിത്തീരുന്നുവോ ആവക സാധനങ്ങഠംതന്നെ അവരുടെ കുട്ടിക്കാലത്തെ കളിക്കോപ്പുകളായി ഭവിക്കുന്നു. ഒന്നുരണ്ടു നൂററാണ്ടിന്നു മുമ്പു നമ്മുടെ പൂൎവ്വന്മാരായ കേരളീയരുടെ മുഖ്യ ജീവിതോദ്ദേശം യുദ്ധമായിരുന്നു. അവർ സാഹസികളും രണശൂരന്മാരും

ന്മാരും ആയിരുന്നു എന്നു വിദേശീയരായ പറിങ്കികളും ല ന്തക്കാരും സമ്മതിച്ചിട്ടുണ്ട്. കയ്യാങ്കളി, ആട്ടക്കളം, തൊ ഴുകളത്തു, മുമ്പും പിമ്പും മറിച്ചാൽ, കട്ടന്തുടിഏറ, കവണ യേറ മുതലായവയായിരുന്നു നമ്മുടെ പൂർവ്വന്മാരുടെ ബാ ല്യലീലകൾ. ഈ വിദ്യകൾ അഭ്യസിപ്പിക്കേണ്ടതിന്നു ദേ ശന്തോറം കളരികളും കളരിപ്പണിക്കന്മാരും ഉണ്ടായിരു ന്നു. ചെറിയ വാൻതകൾ, പരിചകൾ, പിശ്ശാംകത്തികൾ മുതലായവയിലാണ് അക്കാലകത്ത കുട്ടികൾക്കു അധികം താല്പര്യമുണ്ടായിരുന്നതു്. എന്നാൽ ബ്രിട്ടീഷുകാരുടെ അ ധികാരം സ്ഥിരപ്രതിഷ്ഠിതമായതിന്നുശേഷം നമ്മുടെ ജീവി തോദ്ദേശത്തിന്നു തീരെ ഒരു മാററം വന്നിരിക്കുന്നു. ആധു നികകേരളീയരുടെ മുഖ്യ ഉദ്ദേശം ഗവമ്മേണ്ടുദ്യോഗമാണ്. അതിന്നുവേണ്ടി ചെറുപ്പകാലം മുതല്ക്കുതന്നെ ഇംഗ്ലീഷുവ ദ്യാഭ്യാസം ചെയ്യിക്കാനായി നാം നമ്മുടെ കുട്ടികളെ സ്കൂ ളുകളിലേക്കു അയക്കുന്നു. ഇപ്പോഴത്തെ കുട്ടികൾക്കു തൂ വൽ, കടലാസ്സു, പെൻസിൽ മുതലായവ കളിക്കോപ്പുക ളായിത്തീന്നിരിക്കുന്നു. യുദ്ധംകൊണ്ടു ജീവകാലം കഴിച്ചി രുന്ന രാജപുത്രബാലന്മാക്കു വാളിന്മേലായിരുന്നു അധികം താല്പര്യം. നമ്മുടെ കുട്ടികളുടെ കയ്യിൽ പേനക്കത്തി യോ പിശ്ശാംകത്തിയോ കണ്ടാൽ അവരുടെ കയ്യു മുറി ഞ്ഞെങ്കിലോ എന്നു ഭയപ്പെട്ടു നാം അവരുടെ പക്കൽ നി ന്നു് അവയെ പിടിച്ചുപറിച്ചു സമാധാനപ്പെടുന്നു. രാജ പുത്രപിതാക്കന്മാർ തങ്ങളുടെ കുട്ടികളുടെ കയ്യിൽ ചെറി യ വാളുകൾ കൊടുത്തു സന്തോഷം അനുഭവിച്ചിരുന്നു. ന മ്മുടെ കുട്ടികളുടെ ദേഹത്തിലെങ്ങാനും ഒരു തുള്ളി ചോര

കണ്ടാൽ നാം പേടിച്ചുവിറച്ചു കുട്ടികളുടെ ഭയത്തെ വൎദ്ധിപ്പിക്കുന്നു. രാജപുത്രമാതാവാകട്ടെ ചോര പുരണ്ട തൻെറ കുട്ടിയുടെ ദേഹം കാണുമ്പോൾ അതു തൻെറ കുട്ടിയുടെ ശൌൎയ്യലക്ഷണമാണെന്നു വിചാരിച്ച് ആനന്ദത്തോടുകൂടി കുട്ടിയുടെ മുഖത്തു ചുംബനം ചെയ്യുന്നു. രാജപുത്രന്മാരോടു കിടപിടിക്കുന്ന ജാതിക്കാർ ആരുംതന്നെ ഇല്ല. ലോകചരിത്രം മുഴുവൻ നോക്കിയാലും ഇവരെപ്പോലെ ആജന്മവീരന്മാരും മഹാനുഭാവന്മാരും ആയ വേറെ ഒരു ജാതിയെ കാണാൻ ഞെരുക്കമാണ്.

പ്രതാപനും ശക്തനും യുദ്ധത്തിനുവേണ്ട എല്ലാ അഭ്യാസങ്ങളും ശീലിച്ചിട്ടുണ്ടായിരുന്നു. അവർ രണ്ടുപേരും വലിയ വീരന്മാരും ഏററവും സാഹസികളും ആയിരുന്നു. എന്തു് ആപത്തിലും അവരുടെ മനസ്സിനു ലേശം കലുക്കമുണ്ടായിരുന്നില്ല. പ്രതാപൻ ഗംഭീരഹൃദയനും ഉദാരശീലനും ആയിരുന്നു. ശക്തൻ കഠിനഹൃദയനും ആരേയും കൂട്ടാക്കാത്തവനും ആയിരുന്നു. പ്രതാപൻെറ സ്വാതന്ത്ര്യശക്തി അതിരില്ലാത്തതും വാക്കു് ഇളക്കമില്ലാത്തതും ആയിരുന്നു. അദ്ദേഹത്തിൻെറ വിസ്തൃതമായ നെററിത്തടത്തിലും വലിയ കണ്ണുകളിലും വിളങ്ങിയിരുന്ന തേജസ്സ് അദ്ദേഹത്തിൻെറ ഈ ഗുണങ്ങളെ പ്രതിബിംബിപ്പിച്ചിരുന്നു. ഉഗ്രസ്വഭാവനായ ശക്തൻെറ ജീവിതത്തിൽ വിശേഷവിധിയായ വല്ല ഉദ്ദേശവും ഉണ്ടായിരുന്നതായി കാണപ്പെട്ടിരുന്നില്ല.

ശക്തൻ മീവാരരാജ്യത്തിന്നു് ഒരു കളങ്കമായിത്തീരുമെന്നു് അവൻെറ ജാതകത്തിൽ കണ്ടിരുന്നതുകൊണ്ടു്

ഉദയസിംഹന്നു് അവന്റെ നേരെ വളരെ വിരക്തിയുണ്ടായി. ശക്തന്നു് അഞ്ചു വയസ്സുമാത്രം പ്രായമായിരുന്നപ്പോൾ ഒരുദിവസം ഒരുവൻ ഒരു പുതിയ വാളുണ്ടാക്കിക്കൊണ്ടുവരികയുണ്ടായി. അതിന്റെ മൂൎച്ച പരീക്ഷിച്ചറിവാൻവേണ്ടി അതുകൊണ്ടു് ഒരു വലിയ ആലാസ്സ് കയറു മുറിച്ചു നോക്കേണമെന്നു് അവിടെ പ്രസ്താവം ഉണ്ടായപ്പോൾ കുട്ടിയായ ശക്തൻ വാളു കൊണ്ടുവന്നവന്റെ പക്കൽനിന്നു [illegible] "മാംസം മുറിച്ചിട്ടല്ലേ വാളിന്റെ മൂൎച്ച പരീക്ഷിച്ചറിയേണ്ടതു്" എന്നു് അച്ഛനോടു ചോദിച്ചു. ഇങ്ങിനെ പറഞ്ഞു ശക്തൻ ആ വാളുകൊണ്ടു തന്റെ ഒരു വിരലിന്മേൽ വെട്ടി. വെട്ടുകൊണ്ടു വിരലിൽനിന്നു ചോര ധാരമുറിയാതെ ഒലിച്ചുതുടങ്ങി. എന്നാൽ കുട്ടിയുടെ മുഖത്തു ലേശമെങ്കിലും ഒരു ഭാവഭേദം ഉണ്ടായില്ല. കാണികളെല്ലാവരും സ്തംഭിച്ചുനിന്നുപോയി. ഇതു കണ്ടു് ഉദയസിംഹന്നു് അതിയായ നീരസം ഉണ്ടാവുകയും ശക്തന്റെ ജാതകഫലത്തെ ആലോചിച്ചിട്ടോ അതോ മററുവല്ല കാരണംകൊണ്ടോ എന്തെങ്കിലുമാവട്ടെ, അദ്ദേഹം ഉടനെത്തന്നെ പുത്രന്റെ ശിരച്ഛേദം ചെയ്വാൻ കല്പനകൊടുക്കുകയുംചെയ്തു. എന്നാൽ സാലുമ്പ്രാപ്രഭു വളരെ കിണഞ്ഞു് അപേക്ഷിച്ചതുകൊണ്ടു് ഇത്തവണ ആ കുട്ടിക്കു ജീവരക്ഷ കിട്ടി.

കൊല്ലന്തോറും വസന്തകാലത്തിന്റെ ആരംഭത്തിൽ രാജപുതനയിൽ "ആഹേരിയാ" എന്നു പേരായ ഒരു മഹോത്സവം കൊണ്ടാടിവന്നിരുന്നു. ഈ ദിവസം മഹാറാണൻ മുതല്ക്കു് ഏററവും ദരിദ്രൻവരെയുള്ള സകല

പ്രജകളും കൂട്ടംകൂട്ടമായി നായാട്ടിന്നുപോവുക പതിവായിരുന്നു. ഈ ദിവസത്തിലെ നായാട്ടിൻെറ ഫലാഫലത്തിൽനിന്നാണ് ആ കൊല്ലത്തിലെ യുദ്ധം മുതലായതിൻെറ ജയാപജയവും രാജ്യത്തിൻെറ ശുഭാശുഭങ്ങളും തിച്ചപ്പെടുത്തിവന്നിരുന്നതു്. അതുകൊണ്ടു് ഈ ദിവസത്തിൽ പ്രത്യേകിച്ചും മൃഗങ്ങളെ വേട്ടയാടുന്നതിൽ തങ്ങളുടെ വീരത്വം കാണിപ്പാൻ രാജപുത്രന്മാർ കഴിയുന്നവിധം ഉത്സാഹിച്ചിരുന്നു. പ്രതാപനും ശക്തനും മററുള്ള സഹോദരന്മാരും കൊല്ലംതോറും ഈ ഉത്സവം കൊണ്ടാടുന്നതിൽ അത്യുത്സാഹത്തോടുകൂടി ചേരുകയും ആരാണ വീരാഗ്രഗണ്യൻ എന്നു പരീക്ഷിച്ചറിയുന്നതിന്നുവേണ്ടി അവർ കൊണ്ടുപിടിച്ചു ശ്രമിക്കുകയും ചെയ്തിരുന്നു.

രാജപുത്രന്മാരെ വീരധമ്മത്തിൽ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നതിന്നുവേണ്ടി അവരുടെ പൂർവ്വവീരന്മാരുടെ കീർത്തികഥകളെ പാടിക്കൊണ്ടു വീടുകൾതോറും നടക്കുന്നവൎക്കു "ചാരണന്മാർ" എന്നു പേർ പറയപ്പെട്ടുന്നു. ശത്രുക്കൾ അടുത്തുവരികയോ യുദ്ധം സമീപിച്ചിരിക്കുകയോ ചെയ്യുമ്പോഴൊക്കെയും ഈ ചാരണന്മാർ തങ്ങളുടെ വീരഗാഥകളെക്കൊണ്ടു രാജ്യവാസികളെ യുദ്ധോന്മത്തന്മാരാക്കിത്തീർത്തിരുന്നു. നന്നേ ബാല്യംമുതല്ക്കുതന്നെ ചാരണന്മാരുടെ പാട്ടുകൾ കേൾക്കുന്നതിൽ പ്രതാപനു് അതിയായ താല്പര്യം ഉണ്ടായിരുന്നു. രാജസ്ഥാനത്തിലെ ആബാലവൃദ്ധവനിതകൾ ചാരണന്മാരുടെ അത്യന്ത പ്രീതിപാത്രങ്ങളായിരുന്നുവെങ്കിലും ഭക്തിമാനും തേജസ്വിയും

പുണ്യശീലനുമായ പ്രതാപനെപ്പോലെ അവരുടെ മനസ്സിനെ ആനന്ദിപ്പിക്കാൻ മററാക്കും കഴിഞ്ഞില്ല.

പ്രതാപനും ശക്തനും ശസ്ത്രവിദ്യയിൽ അസാധാരണ നൈപുണ്യം ഉള്ളവരായിത്തീൎന്നു. വാളുപയോഗിക്കുന്നതിലും കുന്തംകൊണ്ടു് എറിയുന്നതിലും അക്കാലത്തു് ഇവരോടു തുല്യന്മാരായി ആരുംതന്നെ ഉണ്ടായിരുന്നില്ല. ഒരു ദിവസം നായാട്ടിന്നു പോയപ്പോൾ ആരാണു് ഒരു മൃഗത്തിനെ മുറിയേല്പിച്ചതു് എന്നതിനെപ്പററി അവർ തമ്മിൽ ഒരു വലിയ തൎക്കം ഉണ്ടായി. ഈ സമയത്തു പ്രതാപൻ കുതിരയെ വട്ടത്തിൽ ഓടിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിൻെറ കയ്യിലുണ്ടായിരുന്ന മൂൎച്ചകൂട്ടിയ കുന്തം തിളതിളങ്ങിക്കൊണ്ടിരുന്നു. മുമ്പിൽ അവർ തമ്മിലുള്ള വൈരം ജ്വലിച്ചുവശായി. 'ആരുടെ ലക്ഷ്യമാണു ശരിയായിട്ടുള്ളതെന്നു ഞാൻ കാട്ടിത്തരാം നോക്കിക്കോ' എന്നു പ്രതാപൻ ഉറക്കെ പറഞ്ഞു. 'ആകട്ടെ നോക്കാം പിന്നോക്കം ഒരടി വെച്ചുപോകരുതു്. എൻെറ നേരിട്ടു നിന്നു യുദ്ധം തുടങ്ങിയാലും' എന്നു ശക്തനും പാരുഷ്യത്തോടു കൂടി ഉത്തരം പറഞ്ഞു. രണ്ടുപേരും മൂൎച്ചകൂട്ടിയ കുന്തം ഉയൎത്തിപ്പിടിച്ചുംകൊണ്ടു സംഹാരരുദ്രന്മാരെപ്പോലെ നില്പായി. രാജകുലപുരോഹിതൻ ദൂരത്തുനിന്നു് ഈ ഭയങ്കരമായ കാഴ്ച കണ്ടു. ശിശോദീയകുലത്തിന്നു് ഉന്മൂലനാശം വരുമെന്നു് അദ്ദേഹം വിചാരിച്ചു. അതു കണ്ടുംകൊണ്ടു നില്ക്കാൻ അദ്ദേഹത്തിന്നു ക്ഷമ വന്നില്ല. അദ്ദേഹം ഓടിച്ചെന്നു രണ്ടു സഹോദരന്മാരുടേയും നടുവിൽ നില്ക്കുകയും ദ്വന്ദ്വയുദ്ധത്തിൽനിന്നു പിൻവലിക്കേണമെ

ന്നു നിർബ്ബന്ധപൂർവ്വം അവരോടു അപേക്ഷിക്കുകയും ചെയ്തു. എന്നാൽ കോപാന്ധന്മാരായ ആ രണ്ടുപേരും അദ്ദേഹം പറഞ്ഞതിനെ ചെവിക്കൊണ്ടതേ ഇല്ല. അവരുടെ ഹിതകാംക്ഷിയായ പുരോഹിതൻ ക്ഷണനേരം സ്തബ്ധനായി നിന്നശേഷം തന്റെ ഉടുപ്പിന്റെ ഉള്ളിൽനിന്നു് ഒരു ചെറിയ വാളെടുത്തു് അവരുടെ നടുവിൽ നിന്നുംകൊണ്ടു തന്റെ ഹൃദയം പിളൎന്നുകളഞ്ഞു. നിലം മുഴുവനും ധാരയായി ഒഴുകുന്ന ചോരയിൽ മുങ്ങി. രാജകുമാരന്മാരുടെ ജീവരക്ഷ ചെയ്യാൻവേണ്ടി പുരോഹിതൻ തന്റെ പ്രാണനെ കളയുകയും അസാധാരണമായ സ്വാൎത്ഥപരിത്യാഗത്തിന്റെ ഒരു ഉത്തമദൃഷ്ടാന്തമായിത്തീൎന്നു് അനശ്വരമായ കീൎത്തിക്കു പാത്രമായിത്തീരുകയും ചെയ്തു.

തന്റെ മുമ്പിൽവെച്ചുണ്ടായ ബ്രഹ്മഹത്യ കണ്ടപ്പോൾ ധൎമ്മപരായണനായ പ്രതാപൻ ഭയപ്പെട്ടു സ്തംഭിച്ചുനിന്നുപോയി. തന്റെ ധാൎഷ്ട്യത്തേയും ശക്തന്റെ നേരെയുണ്ടായ ദ്വേഷ്യത്തേയും കുറിച്ചു പ്രതാപനു പശ്ചാത്താപം ഉണ്ടായി. മിവാരരാജ്യം വിട്ടുപോകേണമെന്നു പ്രതാപൻ ശക്തനോടു ആജ്ഞാപിച്ചപ്രകാരം അയാൾ ജ്യേഷ്ഠനോടു യാത്ര പറഞ്ഞു പോവുകയും ആ സഹോദരന്മാർ ഇപ്രകാരം വേർപിരിയുകയും ചെയ്തു. പ്രതാപനു ശാന്തത വന്നു എങ്കിലും ശക്തന്റെ കോപത്തിനു ശമനം വന്നില്ല. ഇതിന്നു പ്രതിക്രിയ ചെയ്യാൻവേണ്ടി അയാൾ രാജപുത്രന്മാരുടെ പരമശത്രുവായ മൊഗളചക്രവൎത്തിയെ ശരണം പ്രാപിച്ചു. പിന്നെ പ്രതാപൻ തന്റെ കുലപുരോഹിതന്റെ ശേഷക്രിയകളും സ

പിണ്ഡീകരണം മുതലായതും യഥാവിധി ചെയ്യിച്ചു. പിന്നീട്ട് അദ്ദേഹത്തിൻെറ സന്തതികൾക്ക് എന്നെന്നേയ്ക്കും അനുഭവിക്കാൻവേണ്ടി പ്രതാപൻ പുരോഹിതൻെറ മകൻെറ പേരിൽ വേണ്ട ഭൂസ്വത്തുക്കൾ ഉറപ്പിച്ചുകൊടുക്കുകയും ചെയ്തു.

---

നാലാം അദ്ധ്യായം

## അക്ബർ ചക്രവൎത്തി.

ക്രി. അ. 1530-ാമാണ്ടിൽ സംഗരാണൻ മരിച്ച ഉടനേതന്നെ അദ്ദേഹത്തിൻെറ വലിയ എതിരാളിയും മൊഗള്ളരാജ്യസ്ഥാപകനുമായ ബേബർ പരലോകപ്രാപ്തനായി. പിന്നെ അയാളുടെ പുത്രനായ ഹുമയൂൺ രാജ്യം വാണുതുടങ്ങി. എട്ടൊമ്പതു കൊല്ലം രാജ്യം ഭരിച്ചതിൻെറ ശേഷം ബങ്കാളധിപനായ സേർസാഹ കാനൂജിൽ വെച്ചുണ്ടായ യുദ്ധത്തിൽ അദ്ദേഹത്തിനെ തോല്പിക്കുകയും 1539-ാമാണ്ടിൽ അദ്ദേഹം രാജ്യം വിട്ടു ഓടിപ്പോവുകയും ചെയ്തു. ജയം പ്രാപിച്ച സേർസാഹിയുടെ സൈന്യം അദ്ദേഹത്തെ പിന്തുടൎന്നു. ഹുമയൂൺ സ്വല്പമായ ഒരു സൈന്യത്തോടുകൂടി തനിക്കു രക്ഷ കിട്ടുമെന്നുള്ള വിശ്വാസത്തിന്മേൽ മാൎവ്വാരരാജ്യത്തിൽ ചെന്നുചേൎന്നു. എന്നാൽ അദ്ദേഹത്തിന്നു് അവിടെ രക്ഷകിട്ടിയില്ല. സിക്രി എന്ന ദിക്കിൽ വെച്ചുണ്ടായ യുദ്ധത്തിൽ തൻെറ ജ്യേഷ്ഠൻെറ പുത്രനായ

രായമല്ലൻ മരിച്ചുപോയതുകൊണ്ടു മാർവ്വാരരാജാവായ മല്ല ദേവന്നു മൊഗളന്മാരുടെ നേരെ അതിയായ ക്രോധമുണ്ടായിരുന്നു. അതുനിമിത്തം അദ്ദേഹം രാജപുത്രന്മാരുടെ വളരെക്കാലം മുമ്പുള്ള മര്യാദയെ ലംഘിച്ചു. ശരണാഗതനായ ഹുമയൂണിന്നു് അഭയം കൊടുത്തില്ല. എന്നുമാത്രമല്ല അദ്ദേഹത്തെ തടവിലാക്കാൻകൂടി ശ്രമിച്ചു. ഈ പ്രവൃത്തിയെ ഹുമയൂൺ ഒരിക്കലും മറന്നില്ല. മല്ലദേവൻെറ ഈ നീചപ്രവൎത്തികൾ സകല രാജപുത്രജാതിക്കാൎക്കും പ്രായശ്ചിത്തം ചെയ്യേണ്ടതായിവന്നു.

മാർവ്വാരിൽ രക്ഷ കിട്ടാതെ ഹുമായൂൺ വളരെ കഷ്ടപ്പെട്ടു മരുഭൂമി കടന്നു് അമരകോടിൽ എത്തി. അവിടുത്തെ രാജാവായ റാണാപ്രസാദൻ വളരെ പ്രയത്നപ്പെട്ടു ഹുമയൂണിന്നു് അഭയംകൊടുത്തു രക്ഷിച്ചു. പ്രസവകാലം അടുത്തിരുന്ന അദ്ദേഹത്തിൻെറ പട്ടമഹിഷിയായ ഹാമിദാ ഈ സ്ഥലത്തുവെച്ചു 1542-ാമാണ്ടിൽ ഒരു പുത്രനെ പ്രസവിച്ചു. ഈ പുത്രൻെറ പേരു ജാലാൽ ഉദ്ദീനമുഹമ്മദു് അക്‌ബർ എന്നായിരുന്നു. ഉദയസിംഹൻ ചിറവരിൽ രാജ്യം ഭരിക്കാൻ തുടങ്ങിയ കൊല്ലത്തിൽതന്നെയാണു് അക്‌ബർ ജനിച്ചതു്.

അമരകോടിൽനിന്നു ഹുമയൂൺ ഭാൎയ്യാപുത്രാദികളോടുകൂടി ആദ്യം കാബൂളിലേക്കും, അവിടെനിന്നു പാരസീകരാജ്യത്തിലേക്കും ബദ്ധപ്പെട്ടുപോയി. അവിടെ ഇരുന്നു പതിമൂന്നു കൊല്ലക്കാലം പലവിധമായ തടസ്സങ്ങളും ആപത്തുകളും സങ്കടങ്ങളും അനുഭവിച്ചതിൻെറ ശേഷം ഹുമാ

യൂൺ ഒരു വലിയ സൈന്യത്തെ ശേഖരിച്ച് ഇന്ത്യയിലേ ക്കു മടങ്ങിവന്നു. അക്കാലത്തു സേർസാഹയുടെ വംശക്കാ രനും ദുൎബ്ബലനും ആയ ഒരുവൻ ദില്ലിസിംഹാസനത്തി ലിരുന്ന് ഒരു പാവയെപ്പോലെ രാജ്യം ഭരിച്ചിരുന്നു. അ തേസമയത്തു ചിറ്റൂരിന്നധിപനായ ഉദയസിംഹൻ ഒ രു വേശ്യാസ്ത്രീയുടെ പ്രേമപാശത്തിലകപ്പെട്ടു രാജപുത്ര ധൎമ്മം മറന്ന് ഒന്നിനും കൊള്ളരുതാത്തവൻെറ മട്ടിലായി ത്തീൎന്നിരുന്നു. അക്കാലത്തു സംഗ്രാമസിംഹനെപ്പോലെ പരാക്രമശാലിയായ ഒരുവനായിരുന്നു മീവാരരാജ്യം ഭരി ച്ചിരുന്നതു് എങ്കിൽ സേർ സാഹയുടെ വംശക്കാർ ദില്ലിയി ലിരുന്നു രാജ്യം ഭരിക്കാനോ വീണ്ടും രാജ്യം കിട്ടാൻവേണ്ടി ഒരുക്കങ്ങൾ കൂട്ടി ഹുമായൂൺ ഇന്ത്യയിലേക്കു മടങ്ങിവരാ നോ സംഗതി വരില്ലായിരുന്നു.

അതെങ്ങിനെയെങ്കിലുമാവട്ടെ, ഹുമായൂൺ മടങ്ങിവ ന്നു തൻെറ രാജ്യങ്ങൾ വീണ്ടും പിടിച്ചടക്കി എങ്കിലും അ ധികകാലം രാജ്യം ഭരിക്കാൻ അദ്ദേഹത്തിന്നു യോഗമുണ്ടാ യില്ല. ഏറെത്താമസിയാതെ ഹുമായൂൺ മരിക്കുകയും 1556-ാമാണ്ടിൽ അദ്ദേഹത്തിൻെറ പുത്രനും പ്രായം തിക യാത്തവനുമായ അക്ബർ സിംഹാസനാരൂഢനാവുകയും ചെയ്തു. കുറച്ചുകാലം ബൈറാംഖാൻ എന്നാളുടെ കിഴി ലിരുന്നു രാജ്യകാൎയ്യങ്ങളെല്ലാം ശീലിക്കുകയും പിന്നീട് അ ക്ബർ താൻതന്നെ രാജ്യഭാരം നടത്തിത്തുടങ്ങുകയും ചെ യ്തു. മല്ലദേവൻ തൻെറ നേരെ കാണിച്ച അപമൎയ്യാദയെ ഹുമായൂൺ ഒരിക്കലും മറന്നില്ല. എങ്കിലും പ്രതിക്രിയ ചെയ്യാൻ സാധിക്കുന്നതിന്നുമുമ്പായി അദ്ദേഹം മരിച്ചുപോ

യി. അദ്ദേഹത്തിൻെറ പുത്രനും മഹാനുമായ അക്ബർ തൻെറ അച്ഛൻെറ ശത്രുവിനോടു പകരം ചോദിക്കാനുള്ള ശ്രമങ്ങൾ ചെയ്യുതുടങ്ങി. രാണോരരാജാവിന്നു തക്ക ശിക്ഷ കൊടുക്കേണമെന്നു് അക്ബരുടെ അമ്മയും അദ്ദേഹത്തിനെ കഴിയുന്നതും പ്രോത്സാഹിപ്പിച്ചു. ഒടുക്കം അക്ബർ ഒരു വലിയ സൈന്യത്തോടുകൂടി മാർവ്വാരരാജ്യത്തെ ആക്രമിച്ചു.

തൻെറ സൈന്യത്തെ ആക്ബർ അജമീരത്തിൽ താമസിപ്പിച്ചു. 1562-ാമാണ്ടിൽ അക്ബർ മൈർത്ത എന്നു കേൾവിപ്പെട്ട കോട്ടയെ കരസ്ഥമാക്കി. അതിന്നുശേഷം അംബരരാജാവായ വിഹാരിമല്ലനും അദ്ദേഹത്തിൻെറ മകൻ ഭഗവാൻദാസനും അക്ബൎക്കു കീഴടങ്ങി. അക്ബർ വിഹാരിമല്ലൻെറ ഒരു മകളെ വിവാഹം ചെയ്തു. രാജപുത്രന്മാരുടെ കൂട്ടത്തിൽവെച്ചു് ആദ്യമായി മൊഗളന്മാൎക്കു കീഴടങ്ങിയതും ഒരു മ്ലേച്ഛനു തൻെറ കന്യകയെ കൊടുത്തു രാജപുത്രജാതിക്കു കളങ്കമുണ്ടാക്കിത്തീൎത്തതും വിഹാരിമല്ലൻതന്നെയാണ് * ഈ അവസരത്തിൽ ദില്ലിരാജധാനിയിൽ ചില രാജദ്രോഹികളുടെ ഉപദ്രവങ്ങൾ ഉണ്ടായതുകൊണ്ടു് അക്ബൎക്കു മടങ്ങിപ്പോകേണ്ടി വന്നു. പിന്നെ നാലഞ്ചുകൊല്ലം കഴിഞ്ഞശേഷം അക്ബർ വീണ്ടും രാജ

* ഈ സമയത്തു ഭഗവാൻദാസനും അയാളുടെ ദത്തുപുത്രനായ മാനസിംഹനും മൊഗളസൎക്കാരിൻകീഴിൽ വലിയ ഉദ്യോഗങ്ങൾ ഭരിച്ചുവന്നിരുന്നു. രാജ്യകാൎയ്യങ്ങൾ നടത്തുന്നതിൽ മാനസിംഹൻ അക്ബരുടെ വലത്തുകയ്യായിരുന്നു. ക്രി. 1586-ാമാണ്ടിൽ അക്ബരുടെമകനായ സെലിം ഭഗവാൻദാസൻെറ മകളെ വിവാഹം കഴിച്ചു.

സ്ഥാനത്തെ ആക്രമിച്ചു. ഇത്തവണ നാഗരം മുതലായ രാജ്യങ്ങളെ അദ്ദേഹം കൈവശപ്പെടുത്തി. ബികാനിരരാജാവായ രായസിംഹൻ മൊഗളന്മാൎക്കു കീഴടങ്ങിയതുകൊണ്ടു മൈത്ത, നാഗരം, മല്ലകോട്ട മുതലായ കോട്ടകൾ അൿബൎക്കു കിട്ടി. പല ദിക്കിലും വെച്ചുണ്ടായ യുദ്ധങ്ങളിൽ തോററതിൻെറ ശേഷം മല്ലദേവനും അൿബൎക്കു കീഴടങ്ങേണ്ടി വന്നു. മല്ലദേവൻെറ മകളായ യോധാബായിയെ അൿബർ വിവാഹം ചെയ്തു. അൿബരുടെ മൂത്തപുത്രനായ സെലിമിനെ യോധാബായി 1559-ാമാണ്ടിൽ പ്രസവിച്ചു. ഈ സമയത്തു മാളവരാജാവു ചിതോരിലെ റാണനായ ഉദയസിംഹനെ ശരണംപ്രാപിച്ചു. തൻെറ ശത്രുവിന്നു് അഭയം കൊടുത്തതുകൊണ്ടു് ഉദയസിംഹൻെറ നേരെ അൿബൎക്കു ദ്വേഷം ഉണ്ടായി. ക്രി. അ. 1586-ാമാണ്ടിൽ അദ്ദേഹം ഒരു വലിയ സൈന്യത്തോടുകൂടി ചിതോരിനെ ആക്രമിച്ചു.

—॰*॰—

അഞ്ചാം അദ്ധ്യായം

## ചിതോരിൻെറ നാശം

ചിതോർ പുരാതനമായ ഒരു നഗരിയാണു്. ഈ നഗരി വനാസ എന്നു പേരായ ഒരു ചെറിയ പുഴവക്കിൽ കുത്തനെയുള്ള ഒരു പൎവ്വതത്തിൻെറ മുകളിൽ സ്ഥിതിചെയ്യുന്നു. ഇതിൻെറ നാലുഭാഗവും പത്തുനാഴികയിലധികം നീണ്ടുകിടക്കുന്ന വന്മതിലുകളാൽ ചുററപ്പെട്ടിരുന്നു. ഈ

മതിലുകളെ പർവ്വതത്തിൽനിന്നു തിരിച്ചറിവാൻ ഞരുക്കമായിരുന്നു. നഗരിയിലേക്കു കയറിച്ചെല്ലാൻ പാറകൾ വെട്ടിപ്പടവുകളാക്കിത്തീർത്തു് ഒരു വഴി മാത്രമെ ഉണ്ടായിരുന്നുള്ളു. നഗരത്തിൻെറ ഉള്ളിൽ ചെല്ലേണമെങ്കിൽ ഓരോന്നായി നാലു ഗോപുരങ്ങൾ കടക്കേണ്ടതുണ്ടു്. അവയിൽ ആദ്യത്തെ ഗോപുരത്തിൻെറ പേരു സൂര്യതോരണമെന്നാണ്. വേണ്ടുവോളം ഭക്ഷണദ്രവ്യങ്ങളും വെള്ളവും ഈ നഗരത്തിൽ ശേഖരിച്ചിരുന്നതുകൊണ്ടു് ശത്രുക്കൾ ദീർഘകാലം കോട്ടയെ വളഞ്ഞു ആക്രമിച്ചാലും നഗരവാസികൾക്കു് അന്നപാനാദികൾക്കു ബുദ്ധിമുട്ടു നേരിട്ടില്ല. അസംഖ്യം രാജപുത്രസൈന്യങ്ങൾ ഈ കോട്ടയെ കാത്തുരക്ഷിച്ചിരുന്നു. അവരിൽവെച്ചു് ഏററവും ശൂരനും പരാക്രമിയും ആയ യോദ്ധാവിനെയാണു സൂര്യതോരണം രക്ഷിക്കേണ്ട ഭാരം ഏല്പിക്കപ്പെട്ടിരുന്നതു്. സാധാരണയായി സാലുമ്പ്രാപ്രഭുവാണ് ഈ ഭാരം വഹിച്ചുപോന്നിരുന്നതു്. ചിതോരിൻെറ മോശസ്ഥിതിയിൽകൂടി അതിൽ കരിങ്കല്ലുകൊണ്ടു നിർമ്മിച്ച ലക്ഷം കെട്ടിടങ്ങൾ കാണപ്പെട്ടിരുന്നു. ആ മഹാനഗരം ഇപ്പോൾ ശ്മശാനതുല്യമായിരിക്കുന്നു.

ഗർവ്വിഷ്ഠന്മാരും വിക്രമികളും ആയ ശത്രുക്കൾ ചിതോരിനെ പല പ്രാവശ്യം ആക്രമിക്കുകയും നശിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. ലോകത്തിലുള്ള ഒരു ദിക്കിലെങ്കിലും ഏതെങ്കിലും ഒരു നഗരരക്ഷയ്ക്കുവേണ്ടി ചിതോറിനെ രക്ഷിക്കാൻവേണ്ടിയുണ്ടായതുപോലെയുള്ള മഹത്തായ ഒരുക്കങ്ങളും ഭയങ്കരയുദ്ധങ്ങളും രോമാഞ്ചം ഉണ്ടാക്കുന്ന

ജീവനാശവും അമാനുഷമായ സ്വാത്ഥപരിത്യാഗവും ഉണ്ടായിട്ടില്ലെന്നു നിസ്സംശയം പറയാവുന്നതാണ്. സ്വരാജ്യത്തിന്നുവേണ്ടി എപ്പോഴെങ്കിലും പ്രാണനെക്കളയാത്ത ആളോടുകൂടിയ ഒരു വീടെങ്കിലും ചിതോരിലുണ്ടായിരുന്നില്ല. സ്വരാജ്യരക്ഷയ്ക്കു വേണ്ടി പോക്കളമായി ഭവിക്കാത്ത ഒരു ഊടുവഴിപോലും ആ പവ്വതത്തിൽ ഉണ്ടായിരുന്നില്ല. ഏതെങ്കിലും ഒരു സ്വദേശഭക്തൻെറ ചുടുചോരയണിഞ്ഞു രക്തവണ്ണമാവാത്തതായ ഒരു വിരല്ക്കു സ്ഥലമെങ്കിലും ആ പവ്വതത്തിൽ കാണാൻ സാധിക്കുന്നതല്ല. അക്ഷരങ്ങൾ കൊത്തിട്ടുള്ളതും ഛിന്നഭിന്നമായിക്കിടക്കുന്നതുമായ അനേകം സ്തംഭങ്ങൾ എത്ര അനേകം വീരപുരുഷന്മാരുടെ കീത്തികഥകളെ നമുക്കു പരിചയമാക്കിത്തരുന്നുണ്ട്. എന്നാൽ ഈ സ്മാരകസ്തംഭങ്ങൾ രാജപുത്രവീരന്മാരുടെ കീത്തിയെ നിലനിത്തുന്നതിന്നു മതിയാവുന്നതല്ല. വിസ്തീണ്ണമായ ഏതൊരു പവ്വതത്തിൻെറ മുകളിൽ ലോകപ്രസിദ്ധമായ ചിതോരുകോട്ട സ്ഥിതി ചെയ്യുിരുന്നുവോ അനശ്വരമായ ആ പവ്വതശ്രേഷ്ഠൻതന്നെ മഹാവീരന്മാരായ ബാപ്പാരായൻെറ വംശക്കാരുടെ കീത്തിസ്തംഭമായി ആ ചന്ദ്രതാരം നില്ക്കുന്നതാണ്.

ഈ ചിതോർനഗരത്തെ ആക്രമിക്കാനായി അക്ബർ സൈന്യങ്ങളോടുകൂടി വന്നു എങ്കിലും രാജപുത്രന്മാരുടെ ശൂരത നിമിത്തം അദ്ദേഹത്തിൻെറ ആദ്യത്തെ യത്നം നിഷ്ഫലമായി ഭവിച്ചു. 1568-ാമാണ്ടിൽ വസന്താരംഭത്തിൽ അദ്ദേഹം ഒരു വലിയ സൈന്യത്തോടുകൂടി വീണ്ടും ചിതോരിൻെറ നേരെ വന്നു. പത്തു നാഴിക ദൂരത്തു

ള്ള ഒരു ദിക്കിൽ അക്ബർ പാളയമടിച്ചു താമസിച്ചു. ഈ സ്ഥലത്തു പിന്നീട്ടു വെണ്ണക്കല്ലുകൊണ്ടു പണി ചെയ്ത ഒരു സ്തംഭം സ്ഥാപിക്കപ്പെട്ടു. അതിന്നു "അക്ബരുടെ ദീപമഞ്ചം" എന്ന പേർ കൊടുത്തു. അതു് ഇപ്പോഴും കാണപ്പെട്ടുന്നുണ്ടു്.

ചിത്താരിനെ ആദ്യമായി ആക്രമിച്ചതു് അക്ബറല്ലായിരുന്നു. ഭീമസിംഹമഹാരാജാവിൻെറ ഭാൎയ്യയും ലാവണ്യവതിയുമായ പത്മിനിയെ ലഭിക്കാൻ വേണ്ടി അല്ലാവുദ്ദീൻ ഖില്ജി ഒന്നാമതായി ചിതോരിനെ ആക്രമിച്ചു. കുടിലനായ അയാളുടെ വിശ്വാസവഞ്ചന നിമിത്തം ഭീമസിംഹൻ തടവുകാരൻെറ നിലയിലായി. പിന്നീട്ടു രാജ്ഞിയായ പത്മിനിയുടെ അതിസാഹസത്തോട്ടുകൂടിയ കൌശലംകൊണ്ടു ഭീമസിംഹൻ രക്ഷ പ്രാപിച്ചതും അതിന്നുശേഷം മഹാവീരനായ ഗൌരനോട്ടും അയാളുടെ ജ്യേഷ്ഠൻെറ മകനും പന്ത്രണ്ടു വയസ്സു പ്രായമായവനുമായ ബാദലനോട്ടും യുദ്ധംചെയ്തു് അല്ലാവുദ്ദീൻ തോററ മടങ്ങിപ്പോയതും ചരിത്രഗ്രന്ഥങ്ങളിൽ സവിസ്തരമായി വൎണ്ണിക്കപ്പെട്ടിട്ടുണ്ടു്. കുറച്ചുദിവസം കഴിഞ്ഞശേഷം അയാൾ ഇരട്ടി സൈന്യത്തോട്ടുകൂടി വന്നു ചിതോരിനെ വീണ്ടും ആക്രമിച്ചു. ആ അവസരത്തിൽ ചിതോരിന്നു രക്ഷപ്പെട്ടുവാൻ കഴിഞ്ഞില്ല. റാണൻെറ പതിനൊന്നു പുത്രന്മാരും അനേകം രാജപുത്രവീരന്മാരും രാജപുത്ര വീരസ്ത്രീകളും ആത്മബലി കഴിച്ചു. ചിതോർനഗരം ശ്മശാനതുല്യമായിത്തീൎന്നു. ഇതുണ്ടായതു ക്രി. അ. 1303-ാമാണ്ടിലാണു്. കുറേ കൊല്ലങ്ങൾക്കുശേഷം മഹാവീരനായ ഹാംബീരൻ ചിതോരിനെ പുനരുദ്ധാ

രണ്ടാം ചെയ്തു. പിന്നെ ഒരിക്കൽ സംഗ്രാമസിംഹൻെറ പുത്രനായ വിക്രമജിത്തിൻെറ കാലത്തു 1544-ാമാണ്ടിൽ ഗുജരാഷ്ട്രരാജാവു ചിതോരിനെ ആക്രമിച്ചു. കഠിനയുദ്ധം നടന്നു നഗരവീഥികളെല്ലാം ചോരപ്രളയത്തിൽ മുങ്ങി. സുമാറു 42,000 രാജപുത്രയോദ്ധാക്കന്മാർ പോൎക്കളത്തിലും 14,000 രാജപുത്രരമണികൾ ചിതാഗ്നിയിലും ദേഹത്യാഗം ചെയ്തു. അതിൽപിന്നെ ഹുമായൂൺ ചക്രവൎത്തിയുടെ സഹായംകൊണ്ടു വിക്രമജിത്തിൻെറ രാജ്യം രക്ഷപ്പെട്ടു.

ഹുമായൂൺ രക്ഷ ചെയ്ത ചിതോരിനെത്തന്നെ ഇപ്പോൾ അക്ബർ നശിപ്പിക്കാൻ ഉത്സാഹിച്ചു. ഉദയസിംഹൻെറ നിസ്സാരതയും നടപടിദോഷവും കൊണ്ടു ചിതോരിൻെറ പൂൎവ്വമഹിമ നഷ്ടപ്രായമായിരുന്നു. അക്ബറോട് ഉപമിക്കുന്നതായാൽ ഉദയസിംഹൻ ഏററവും നിസ്സാരനും കൊള്ളരുതാത്തവനുമാണെന്നു വെളിപ്പെടുന്നതാണ്. അനേകം കഷ്ടപ്പാടുകൾ അനുഭവിച്ചതിൻെറശേഷം ഏററവും ചെറുപ്പത്തിൽതന്നെ രണ്ടുപേൎക്കും പിതൃപൈതാമഹമായ രാജ്യം വീണ്ടുകിട്ടി. അക്ബൎക്കു തൻെറ കൈയ്യൂക്കുകൊണ്ടും ഔദാൎയ്യഗുണംകൊണ്ടും ഭാരതവൎഷത്തിൻെറ മിക്ക ഭാഗങ്ങളിലും തൻെറ അഭിതീയമായ ആധിപത്യത്തെ പരത്താൻ സാധിച്ചു. എന്നാൽ ഉദയസിംഹനാവട്ടെ രാജപുത്രധൎമ്മവിരുദ്ധമായ വിലാസപ്രിയത്വംകൊണ്ടും കൊള്ളരുതായ്മകൊണ്ടും ചിതോരിൻെറ നാശത്തിന്നു കാരണഭൂതനായിത്തീൎന്നു.

പ്രബലശത്രുവായ അക്ബർ സൈന്യങ്ങളോടുകൂടി സൂര്യതോരണത്തിൻെറ സമീപത്തിലെത്തിയിരിക്കുന്നു എന്ന് കേട്ടപ്പോഠംമാത്രമാണ് ഉദയസിംഹന്ന് ഉണർച്ചയുണ്ടായതു്. മീവാരരാജ്യത്തിൽ അക്കാലത്തും വീരന്മാർ ഇല്ലാതിരുന്നില്ല. ഉദയൻെറ നേരെ രാജപുത്രന്മാക്ക ഭയഭക്തി ഉണ്ടായിരുന്നില്ലെങ്കിലും ചിതോരിനെപ്പററി അവക്ക ഭക്തിയും സ്നേഹവുമുണ്ടായിരുന്നു. മഹാറാണന്നു പൌരുഷം ഉണ്ടായിരുന്നില്ലെങ്കിലും അദ്ദേഹത്തിൻെറ വലത്തുകയ്യായിരുന്ന ചന്ദായത്തു പ്രഭു നല്ല പൌരുഷം ഉള്ളവനായിരുന്നു. അക്ബർ അടുത്തെത്തിയ വിവരം കേട്ട മാത്രയിൽ സാമന്തവർഗ്ഗം കൂട്ടംകൂട്ടമായി ചിതോരിൻെറ രക്ഷയ്ക്കുവേണ്ടി ഒത്തുകൂടിത്തുടങ്ങി. ചന്ദായത്തു പ്രഭുവിൻെറ ചെറുസൈന്യത്തോടുകൂടി സഹിദാസൻ സൂര്യതോരണം രക്ഷിക്കാൻ ചെന്നു. വേദനോർ രാജാവായ ജയമല്ലനും കൈലബാര അധിപനായ പുത്തനും വന്നെത്തി. ഇവർ രണ്ടുപേരും മഹാശൂരന്മാരെന്നു പ്രസിദ്ധി നേടിയവരാണ്. ഇവക്ക പുറമേ വിജലിയിൽനിന്നും സദ്രിയിൽനിന്നും പ്രമാരനും ഝാലാപതിയും മററനേകസാമന്തന്മാരും വന്നെത്തി.

ജയമല്ലൻ സേനാധിപത്യം വഹിച്ചു യുദ്ധം തുടങ്ങി. യുദ്ധം ഭയങ്കരമായി നടന്നു. സഹിദാസൻ സൂര്യതോരണത്തിൽ പ്രാണൻ കളഞ്ഞു. അപ്പോഠം ആ സ്ഥാനത്തു പുത്തൻ നിയോഗിക്കപ്പെട്ടു. അക്കാലത്തു പുത്തന്നു പതിനാറു വയസ്സു പ്രായമേ ആയിരുന്നുള്ളൂ. പുത്തന്നു സഹായത്തിന്നായി അയാളുടെ അമ്മയും സോ

ദരിയും ഭാൎയ്യയും കവചംധരിച്ചു കുതിരപ്പുറത്തുകയറി പോൎക്കളത്തിലേയ്ക്കു ചെന്നു. അവരുടെ ഉദാഹരണം കണ്ടു അനേകം രാജപുത്രസ്ത്രീകൾ അസ്ത്രശസ്ത്രങ്ങൾ ധരിച്ച് യുദ്ധത്തിന്ന് ഒരുങ്ങി. പൎവ്വതത്തിൻെറ ഒരു ഇടുക്കിൽവെച്ചുണ്ടായ യുദ്ധത്തിൽ രാജപുത്രസ്ത്രീകൾ ഇടവിടാതെ അയച്ചിരുന്ന അമ്പുകൾ തറച്ചും വെടിയുണ്ടകൾ കൊണ്ടും മൊഗിളസൈന്യം വളരെ കുഴങ്ങി എന്നേ പറയേണ്ടതുള്ളൂ. ഈ ഭയങ്കരയുദ്ധത്തിൽ പ്രതാപസിംഹൻ ജയമല്ലൻെറ കീഴിൽ ബഹു ശൌൎയ്യത്തോടുകൂടി യുദ്ധം ചെയ്യുതുടങ്ങി. അദ്ദേഹത്തിൻെറ വീരപരാക്രമങ്ങൾ കണ്ടു പ്രഭുവൎഗ്ഗത്തിന്ന് ഉത്സാഹവും ആനന്ദവും വൎദ്ധിച്ചു. ഉദയസിംഹൻെറ മൂത്തമകൻെറ ശൌൎയ്യം കണ്ട് അവൎക്ക് ഉദയൻെറ നേരെയുണ്ടായിരുന്ന വിരക്തിയെല്ലാം അവർ മറന്നുകളഞ്ഞു.

വളരെ ദിവസം യുദ്ധം നടന്നു. എന്നിട്ടും യുദ്ധത്തിന്ന് അവസാനം കണ്ടില്ല. യുദ്ധം എത്രകാലം നിലനില്ക്കുമെന്നു തീൎച്ചപ്പെടുത്താനും നിവൃത്തിയില്ലെന്നു കണ്ടപ്പോൾ ഉദയസിംഹൻ ചിതോരിനെ ഉപേക്ഷിച്ച് ആദ്യം രാജപിപ്പലി എന്നു പേരായ ദിക്കിൽ ചെന്നു ഗോഹിലനെ ശരണം പ്രാപിച്ചു. പിന്നെ അവിടന്നും തെക്കോട്ടുപോയി ആരാവല്ലീപൎവ്വതത്തിൻെറ മദ്ധ്യത്തിൽ പ്രഃവശിച്ചു. ഈ സ്ഥലത്തു കുറെ കൊല്ലങ്ങൾക്കു മുമ്പ് അദ്ദേഹം ഒരു വലിയ കുളവും കെട്ടിടവും പണിയിച്ചിട്ടുണ്ടായിരുന്നു. ഈ കുളത്തിന്ന് "ഉദയസാഗരം" എന്നും കെട്ടിടത്തിന്നു "നൌചൌകി" എന്നും പേരു കൊടുത്തു. ഉദയസിംഹൻ ഈ

സ്ഥലത്തു താമസം തുടങ്ങുകയും ഉദയപുരം എന്ന പേരോടുകൂടി ഈ സ്ഥലം ഒടുവിൽ മിവാരരാജ്യത്തിൻെറ തലസ്ഥാനമായിത്തീരുകയും ചെയ്തു.

ചിതോരിൽ യുദ്ധം നടന്നുകൊണ്ടിരിക്കുന്നതിന്നിടയിൽ അക്ബരുടെ വെടിയുണ്ടകൊണ്ടു ജയമല്ലൻ മരിച്ചുപോയി. മഹാശൂരനായ പുത്തൻ യുദ്ധം ചെയ്തുംകൊണ്ടു തന്നെ മരിച്ചു. അയാളുടെ അമ്മയും സോദരിയും ഭാൎയ്യയും അയാളെ പിന്തുടൎന്നു യുദ്ധത്തിൽ മരിച്ചു. അസംഖ്യം രാജപുത്രന്മാരുടെ ശവശരീരം കുന്നുപോലെ കൂടി പിന്നെ നഗരത്തിൻെറ ഉള്ളിൽ ജഹരവ്രതത്തിന്നുള്ള ഒരുക്കങ്ങൾ കൂട്ടിത്തുടങ്ങി. ചിതകത്തിച്ച് ഉദയസിംഹൻെറ ഒമ്പതു ഭാൎയ്യമാരും അഞ്ചു പുത്രിമാരും അനേകം സാമന്തന്മാരുടെ ഭാൎയ്യമാരും കന്യകമാരും തീയിൽ ചാടി പ്രാണൻ കളഞ്ഞു. അതിന്നുശേഷം എണ്ണായിരം രാജപുത്രന്മാർ മരണസമയത്തു ധരിക്കാറുള്ള മഞ്ഞവസ്ത്രം ധരിച്ചു വാടാത്ത മുഖത്തോടുകൂടി തങ്ങളുടെ ജീവനെ സമരാഗ്നിയിൽ ആഹുതി ചെയ്തു. അവരിൽ ഒരാളെങ്കിലും മടങ്ങിവന്നില്ല. സാമന്തന്മാരുടെ അപേക്ഷപ്രകാരം പ്രതാപസിംഹനും കുറേ പരിവാരങ്ങളും ഇതിന്നുമുമ്പിൽതന്നെ അവിടെനിന്നു പോയി, വഴിക്ക് ആപത്തൊന്നുംകൂടാതെ ഉദയപുരത്തിൽ എത്തിച്ചേൎന്നിരുന്നു. ഒടുക്കം കോട്ടവാതിലുകൾ തുറന്നു ശത്രുക്കൾ അകത്തുകടന്നു നോക്കിയപ്പോൾ ആ ഭയങ്കരമായ ശ്മശാനഭൂമിയിൽ ഒരു മനുഷ്യനെ എങ്കിലും ജീവനോടുകൂടി കണ്ടില്ല.

യുദ്ധം അവസാനിച്ചശേഷം അക്ബർ നഗരം മുഴ

വന്നും കൊള്ളയിട്ടു നശിപ്പിച്ചു. ആല്ലാവുദ്ദീനും ഗുജരാഷ്ട്രരാജാവും നശിപ്പിക്കാതിരുന്ന സകല രാജഭവനങ്ങളും പ്രാസാദങ്ങളും അക്ബർ ഒട്ടൊഴിയാതെ ഇടിച്ചുപൊളിപ്പിച്ചു കളഞ്ഞു. ദേവാലയങ്ങളും മററു പുണ്യസ്ഥലങ്ങളും പൊടി ഭസ്മമാക്കി. ചിതോരിലെ സകല രാജചിഹ്നങ്ങളും നശിപ്പിച്ച് അക്ബർ തൻെറ മനസ്സിൻെറ കഠിനതയെ വെളിപ്പെടുത്തി. എങ്കിലും ജയമല്ലൻേറയും പുത്തൻേറയും വീൎയ്യാതിശയം കണ്ടു് ഏററവും മോഹിതനായിട്ടു് അക്ബർ ആനപ്പുറത്തു കയറി ഇരിക്കുന്ന മാതിരിയിൽ അവരുടെ രണ്ടു പ്രതികൃതികൾ കല്ലുകൊണ്ടു് ഉണ്ടാക്കിച്ചു ദില്ലീരാജധാനിയുടെ ദ്വാരകയിൽ സ്ഥാപിച്ചു.

—∞*∞—

ആറാം അദ്ധ്യായം.

## പ്രതാപൻെറ രാജ്യപ്രാപ്തി.

ചിതോർനഗരം തീരെ നശിച്ചു മട്ടിലായി. രാജപുത്രന്മാർ ചിതോരിനെ ഉപേക്ഷിച്ചു പല ദിക്കിലുമായി ചിന്നിച്ചിതറി താമസിച്ചു വന്നു. അന്നു മുതല്ക്കു ചിതോരു മൊഗൾ ചക്രവൎത്തിയുടെ കീഴിലായി. കുലദൂഷണനും ഉദയസിംഹൻെറ പുത്രന്മാരിലൊരുവനുമായ സാഗരജി എന്നവൻ ചിതോരിൻെറ അധഃപതനത്തിന്നു മുമ്പുതന്നെ അക്ബരുടെ പക്ഷത്തിൽ ചേൎന്നു് അനേകം ഗുഢവൎത്തമാനങ്ങളെ അക്ബൎക്കു മനസ്സിലാക്കിക്കൊടു

ത്തു. അവൻെറ താഴ്മയോടുകൂടിയ നടവടി കണ്ടു് അക്ബർ വളരെ സന്തോഷിച്ചു ചിതോരിനെ നശിപ്പിച്ചതിൻെറ ശേഷം ആ ശ്മശാനപുരിയുടെ രാജ്യാധികാരം സാഗരജിയെ ഏല്പിച്ചു കൊടുത്തു. *

ഉദയസിംഹൻ പവ്വതമദ്ധ്യത്തിലുള്ളതും സുരക്ഷിതവുമായ "നചൌകീ" എന്ന പ്രാസാദത്തിൽ നാലുകൊല്ലക്കാലം ജീവശ്ശവംപോലെ കഴിച്ചുകൂട്ടി. അവിടെ രാജത്വവും രാജോചിതമായ ആഡംബരങ്ങളും ഉണ്ടായിരുന്നു എങ്കിലും രാജത്വത്തിന്നു് അനുരൂപമായ ഗൌരവമോ പൌരുഷമോ ഉണ്ടായിരുന്നില്ല. പ്രതാപന്നു നചൌകിയിൽ താമസിക്കുന്നതിന്നു പകരം അതിന്നടുത്തുള്ള കമലമീരത്തിൽ താമസിക്കാനാണു് അധികം താല്പൎയ്യമുണ്ടായിരുന്നതു്. വീരപുരുഷനായ പ്രതാപൻെറ നേരെ ഉദയസിംഹന്നു സ്നേഹം ഉണ്ടായിരുന്നില്ല. ഉദയസിംഹന്നു തൻെറ ഒടുവിലത്തെ പുത്രനായ ജഗമല്ലൻെറ പേരിലാണു് അധികം സ്നേഹമുണ്ടായിരുന്നതു്. പ്രതാ

---

* ഒടുവിൽ താൻ ചെയ്ത പാപകമ്മത്തെപ്പററി സാഗരജിക്കു ഭയങ്കരമായ മനസ്താപം ഉണ്ടായി. അതു നിമിത്തം പ്രതാപൻെറ പുത്രനായ അമരസിംഹന്നു രാജ്യം തിരിയെ കൊടുപ്പിക്കാൻ വേണ്ടി അയാൾ ദില്ലിയിലേയ്ക്കു പോയി. അപ്പോൾ ജിഹാംഗീർ ചക്രവത്തി അദ്ദേഹത്തെ വളരെ അവമാനിച്ചതുകൊണ്ടു് അയാൾ രാജസദസ്സിൽവെച്ചു് അസ്ത്രംകൊണ്ടു മാറിടം പിളൎന്നു പ്രാണനൻ കളഞ്ഞു. സാഗരജിയുടെ മകൻ മഹമ്മദ്മതത്തിൽ ചേൎന്നു മഹബത്തുഖാൻ എന്ന പേർ ധരിച്ചു. ജിഹാംഗീറിൻെറ കാലത്തു മഹബത്തിനൊടു തുല്യനായ പോരാളിയോ സേനാപതിയോ ഉണ്ടായിരുന്നില്ല.

പൻ സംഗ്രാമസിംഹന്റെ അനുരൂപനായ വംശധരനായിരുന്നു. അച്ഛന്റെ ദോഷാംശങ്ങളൊന്നും പ്രതാപന്ന് ഉണ്ടായിരുന്നില്ല. സാധാരണയായി ഒരുവന്റെ ഗുണം പൌത്രനിലാണു കണ്ടുവരുന്നത്. പുത്രനിൽ കാണപ്പെടുന്നില്ല. സംഗ്രാമന്റെ ശൌര്യവും ഗാംഭീര്യവും മഹത്വവും പ്രതാപനാണു കിട്ടിയത്. ഉദയസിംഹന്നു കിട്ടിയില്ല. സംഗ്രാമന്റെ കാലശേഷം മിവാരരാജ്യാധികാരം ഉദയസിംഹന്റെ കയ്യിൽ കിട്ടീട്ടില്ലായിരുന്നു എങ്കിൽ ചിത്തോരിന്ന് ഈ ദുർദ്ദശാപരിണാമം വരില്ലായിരുന്നു എന്നു പ്രതാപൻ പലപ്പോഴും മനോവേദനയോടുകൂടി പറഞ്ഞിരുന്നു.

വാസ്തവത്തിൽ ഉദയസിംഹൻ എന്ന പേരിന്നു തന്നെ ദോഷമുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. ഒരു ഉദയസിംഹന്റെ ദോഷംകൊണ്ടു ചിത്തോരു പൊയ്പ്പോയി. മിവാരരാജ്യത്തിന്റെ ഗൌരവവും നഷ്ടപ്രായമായി. മിവാരരാജധാനിയിൽ മൊഗൾക്കൊടിക്കൂറ പറന്നുതുടങ്ങി. യോധപുരത്തിലെ മല്ലദേവന്റെ പുത്രനായ വേറെ ഒരു ഉദയസിംഹൻ ഉണ്ടായിരുന്നു. യോധപുരം എപ്പോൾ അക്ബരിൻ്റെ കീഴടങ്ങിയോ അപ്പോൾ ഉദയസിംഹൻ തന്റെ സോദരിയായ യോധാബായിയെ അക്ബർക്കു വിവാഹം ചെയ്തു കൊടുത്തു ചക്രവർത്തിയുടെ അളിയനെന്നുള്ള ആത്മാഭിമാനത്തോടുകൂടി ദില്ലിയിൽ താമസിച്ചു വന്നു. ഈ ഉദയസിംഹൻ നിമിത്തം മാർവ്വാരരാജ്യത്തിന്റെ മഹിമയും അസ്തമിച്ചു. ഈ രണ്ടു ഉദയസിംഹന്മാരുടേയും കാലത്തു രാജപുത്രമഹിമയ്ക്കു ഉദയം ഉണ്ടായില്ലെന്നു മാത്രമല്ല അസ്തമനം ഉ

ണ്ടാവുകയും ചെയ്തു. ക്രി. അ. 1572-ാമാണ്ടിൽ ഗോഗ്ഗ ണ്ടാ എന്ന ദിക്കിൽ വെച്ചു മീവാരരാജാവായ ഉദയസിംഹ ൻ42-ാം വയസ്സിൽ തീപ്പെട്ടു. തനിക്ക് ഇരുപത്തിനാലു പു ത്രന്മാരുള്ളവരിൽ ജഗമല്ലനെ തൻെറ പിന്തുടച്ച്ാവകാശി യായി നിശ്ചയിച്ചിട്ടാണ് ഉദയസിംഹൻ അന്തരിച്ചതു്. രാജപുതനയിൽ ജ്യേഷ്ഠപുത്രനാണു രാജ്യത്തിന്ന് അവകാ ശി. എന്നാൽ മരണസമയത്തിൽ ഉദയസിംഹൻ വളരെ പുരാതനമായ ഈ അവകാശക്രമത്തെ അഗണ്യമാക്കി തൻെറ നീചതയെ വെളിപ്പെടുത്തി. ഝാലോരാധിപതി യായ ശോണിഗ്രു ഈ വിവരം അറിഞ്ഞപ്പോൾ ഏററ വും കോപിച്ചു. അദ്ദേഹം തൻെറ ഭാഗിനേയനായ പ്രതാ പനെത്തന്നെ രാജാവാക്കി വാഴിക്കേണമെന്നു തീച്ച്പ്പെടു ത്തി. സഹിദാസന്നുശേഷം രായോയൽകൃഷ്ണസിംഹൻ ച ന്ദായത്തു വംശത്തിൻെറ അധിപനായി വന്നു. ചന്ദായ ത്തു പ്രഭുക്കന്മാർ വളരെക്കാലമായി റാണൻെറ പ്രധാനമ ന്ത്രിസ്ഥാനം വഹിച്ചു വന്നിരുന്നു. ഝാലോരാധിപൻ ഉദ യപുരത്തിൽ ചെന്നു കൃഷ്ണസിംഹനോടു ചോദിച്ചു. "പ്ര ഭോ! ജ്യേഷ്ഠപുത്രനിരിക്കേ കനിഷ്ഠപുത്രനായ ജഗമല്ലനെ രാജാവാക്കാൻ അങ്ങുന്ന് എങ്ങിനെയാണു സമ്മതിച്ചതു്?" കൃഷ്ണസിംഹൻ ചിരിച്ചുംകൊണ്ടു് ഉത്തരം പറഞ്ഞു. "മര ണസമയത്തിൽ രോഗിക്കു പത്ഥ്യമല്ലാത്തതായ വല്ലതും ഭ ക്ഷിക്കാൻ മോഹമുണ്ടെങ്കിൽ ആരെങ്കിലും അതിന്നു വിരോ ധം പറയാറുണ്ടോ?" പിന്നെ കുറച്ചുനേരം മൌനമായി നിന്നതിൻെറ ശേഷം അദ്ദേഹം വീണ്ടും പറഞ്ഞു. 'പ്രതാ പൻതന്നെയാണു മൂത്തവൻ. പ്രതാപനെത്തന്നെയാണ്

എനിക്കും ബോദ്ധ്യം. നിങ്ങൾക്ക് ഒട്ടും സമാധാനക്കേട്ട വേണ്ടാ'. പിന്നെ അവർ രണ്ടുപേരും പരിവാരങ്ങളോടുകൂടി പ്രതാപനേയും കൂട്ടിക്കൊണ്ടു ജഗമല്ലൻെറ സമീപത്തിൽച്ചെന്നു. ഗോയാലിയാ രാജാവും അവരുടെ ഒന്നിച്ചുണ്ടായിരുന്നു. ജഗമല്ലൻ അവരെ വേണ്ടപോലെ ആദരിച്ചു സല്ക്കരിച്ചു എങ്കിലും കൃഷ്ണസിംഹനും ഗോയാലിയ രാജാവും കൂടി അദ്ദേഹത്തെ ബലാല്ക്കാരത്തോടുകൂടി സിംഹാസനത്തിൽനിന്നു പിടിച്ചിഴച്ചു താഴത്തിറക്കി. പിന്നെ മന്ത്രിവരൻ അദ്ദേഹത്തോട്ട് ഇങ്ങിനെ പറഞ്ഞു. 'മഹാരാജാവേ! അങ്ങക്കു തെററു വന്നിരിക്കുന്നു. ഈ സിംഹാസനം അങ്ങയുടേതല്ല. അതു് അങ്ങയുടെ ജ്യേഷ്ഠനായ പ്രതാപൻേറയാണ്". പിന്നെ അവർ പ്രതാപൻെറ കയ്യിൽ രാജചിഹ്നമായ വാളു കൊടുത്തു മൂന്നുപ്രാവശ്യം മണ്ണുതൊട്ടു് അദ്ദേഹത്തിനെ മിവാരരാജാവായി പ്രഖ്യാപനം ചെയ്തു. ജഗമല്ലൻ നിശ്ചേഷ്ടനായി നിന്നു. പ്രതാപനു നല്ല കാലം വന്നു. "മഹാറാണനായ പ്രതാപസിംഹൻ ജയിക്കട്ടേ". എന്ന ഘോഷശബ്ദംകൊണ്ടു ദിക്കെല്ലാം മുഴങ്ങി. വളരെ ക്കാലവും വളരെ കഷ്ടപ്പാടുകളും കഴിഞ്ഞതുശേഷം മിവാര രാജ്യത്തിന്നു യോഗ്യനായ ഒരു രാജാവിൻെറ കീഴിലാവാനുള്ള ഭാഗ്യം ഉണ്ടായി. അന്നു് ആഹേരിയാ എന്ന വേട്ട ദിവസമായിരുന്നു. പ്രതാപൻ സിംഹാസനാരൂഢനായതിന്നുശേഷമാണു സാമന്തന്മാർ സൈന്യങ്ങളോടുകൂടി നായാട്ടിന്നു പുറപ്പെട്ടുപോയതു്. അവർ വളരെ മൃഗങ്ങളെ വേട്ടയാടി. ആ നായാട്ടിൻെറ ഫലംകൊണ്ടു് ആ കൊല്ലത്തിലെ യുദ്ധഫലം സൂചിപ്പിക്കപ്പെട്ടു.

## ഏഴാം അദ്ധ്യായം

---

# കഠോരവ്രതം

പ്രതാപന്നു രാജ്യം കിട്ടി എങ്കിലും രാജ്യത്തിൽ ധനസമൃദ്ധിയുണ്ടായിരുന്നില്ല. ചിത്തോരിലെ കോട്ട മൊഗളന്മാരുടെ അധീനത്തിലായി. ചിത്തോരിന്നധിപൻ പെരുവഴിയിൽ തെണ്ടിനടക്കുന്ന പിച്ചക്കാരൻെറ മട്ടിലായി. നാലുദിക്കിൽനിന്നും സമുദ്രത്തിലെ തിരമാലകളെപ്പോലെ മൊഗളസൈന്യം ക്രമേണ മിവാരത്തിലെ പല ദിക്കിലും ഒത്തുകൂടി. നിസ്തുലവും അവ്സാനമില്ലാത്തതുമായ ഭാരതഭൂമിയുടെ ഐശ്വര്യം അക്ബരുടെ അധീനത്തിലായിരുന്നു. അക്ബെരുടെ ഐശ്വര്യം മുഴുവനും പ്രതാപന്നും എതിരായി ഉപയോഗിക്കപ്പെട്ടു. യാതൊരു ജ്ഞാനിവൎഗ്ഗത്താൽ അക്ബരുടെ നവരത്നസഭ അലങ്കരിക്കപ്പെട്ടിരുന്നുവോ, യാതൊരുവരുടെ ബുദ്ധിബലംകൊണ്ടു വിസ്തൃതമായ സാമ്രാജ്യം നല്ലവണ്ണം രക്ഷിക്കപ്പെട്ടിരുന്നുവോ, അവരുടെയെല്ലാം കൂടമന്ത്രങ്ങൾ മിവാരത്തിൻെറ അധഃപതനത്തിന്നുവേണ്ടി പ്രയോഗിക്കപ്പെട്ടു. യാതൊരുത്തരുടെ ബാഹുബലംകൊണ്ടു അതിദൂരത്തുള്ള കാബൂൾ മുതല്ക്കു് ആരാകാൻ വരെ അക്ബരുടെ രാജ്യം വിസ്തൃതമാക്കപ്പെട്ടുവോ, അവർതന്നെ വീണ്ടും മിവാരം പിടിച്ചടക്കാനുള്ള ശ്രമം തുടങ്ങി. ഈ പ്രബലശത്രുവിൻെറ ഭയങ്കരമായ ഗ്രാസത്തിൽനിന്നു മിവാരത്തെ ആൎക്കു രക്ഷിക്കാൻ കഴിയും?

പ്രതാപൻ ഏകനായി ഈ പ്രബലശത്രുവിനോട്ട് എതിൎത്തുനിന്നു. രാജപുത്രന്മാരുടെ കയ്മ്കളും രാജപുത്രന്മാരുടെ വീരതാവും സ്വദേശഭക്തിയും ആണു പ്രതാപന്നു അവലംബമായിരുന്നതു്. എന്നാൽ എല്ലാ രാജപുത്രന്മാരും അദ്ദേഹത്തിൻെറ പക്ഷത്തിലായിരുന്നില്ല. രാജസ്ഥാനത്തിലെ ആബാലവൃദ്ധവനിതകളെല്ലാവരും വീൎയ്യമുള്ളവരാണു്. ഈ വീരഗണം എൻെറ അധീനത്തിലുള്ള ഒരുവൻെറ സ്ഥിതി എന്താണു്? അവന്നു വല്ല മനോവിചാരത്തിന്നും വഴിയുണ്ടോ? എന്നാൽ നീതിനിപുണനായ അക്ബരുടെ കൌശലവിശേഷംകൊണ്ടു രാജപുത്രന്മാരിൽ അധികഭാഗവും പ്രതാപന്നു വിരുദ്ധമായി നിന്നു. മാൎവ്വാരത്തിലെ ഉദയസിംഹൻ മുഗളന്മാരുടെ ദാസനായിരുന്നു. ബികാനീരത്തിലെ രായസിംഹൻ അക്ബരുടെ ഇഷ്ടസേവനായിരുന്നു. അംബരത്തിലെ മാനസിംഹൻ ചക്രവൎത്തിയുടെ സേനാധിപനും വലത്തെ കയ്യുമായിരുന്നു. ബുന്ദിരാജാവു് അക്ബരോടുകൂടി സന്ധിചെയ്തിട്ടുണ്ടായിരുന്നു. അജ്മീരത്തെ മൊഗൾസൈന്യം കരസ്ഥമാക്കിയിരുന്നു. എന്തിന്നു വളരെപ്പറയുന്നു? പ്രതാപൻെറ അനുജന്മാരായ ശക്തസിംഹനും സാഗരജിയുംകൂടിയും ശത്രുപക്ഷക്കാരായിരുന്നു. പിന്നെ പ്രതാപൻെറ ഭാഗത്തിൽ യുദ്ധം ചെയ്വാൻ ആരാണുള്ളതു്!

ആരും യുദ്ധം ചെയ്വാനില്ലെങ്കിൽ താൻ തനിച്ചു യുദ്ധം ചെയ്യും. യുദ്ധഫലത്തെപ്പററി പ്രതാപന്നു വിചാരമേ ഉണ്ടായിരുന്നില്ല. തോൽമയാണു യുദ്ധഫലമെങ്കിൽ അങ്ങിനെയാവട്ടെ. തോൽമയുടെ പരിസമാപ്തി മരണമാ

ണെങ്കിൽ അതുതന്നെയാണു മംഗളമായിട്ടുള്ളതു്. 'മന്ത്ര സ്യ സാധനം കിംവാ ശരീരപാതനം' (ഒന്നുകിൽ കാൎയ്യ സാദ്ധ്യം അല്ലെങ്കിൽ മരണം) ഇതുതന്നെയാണു പ്രതാപ ൻെറ മൂലമന്ത്രം. ബാപ്പാരായൻെറ വിശുദ്ധകുലത്തിൽ ജനിച്ച പ്രതാപൻെറ നാഡികളിൽകൂടി സമരസിംഹ ൻേറയും സംഗ്രാമസിംഹൻേറയും ചോര ഓടിക്കൊണ്ടിരി ക്കുന്ന കാലത്തോളം ശിശോദിയ രാജപുത്രന്മാരുടെ കുല മൎയ്യാദയെ ഇല്ലായ്മചെയ്യുന്നതു പ്രതാപനെസ്സംബന്ധിച്ചേ ടത്തോളം അസംഭവമായിട്ടുള്ളതാണു്. പ്രാണനുള്ള പ്പോൾ മിവാരത്തിൻെറ സ്വാതന്ത്ര്യം വിററുകളയില്ലെന്നും 'അമ്മയുടെ മുലപ്പാലിനെ ദുഷിപ്പിക്കുകയില്ലെന്നും' പ്രതാ പൻ ഘോരമായ ശപഥം ചെയ്തു. ഈ ഘോരമായ പ്ര തിജ്ഞയുടെ വിവരം കേട്ടു ഭാരതവൎഷത്തിലെ സകല ക്ഷത്രി യന്മാരും സ്തബ്ധരായി നിന്നുപോയി.

രാജപുത്രന്മാരിലെല്ലാവരും തങ്ങളുടെ മാനം വിററ തിന്നില്ല. വളരെക്കാലമായിട്ടു രാജസദസ്സിലും യുദ്ധഭൂമി യിലും എന്നുവേണ്ട സൎവ്വത്ര ബുദ്ധിബലംകൊണ്ടും അസ്ത്ര ബലംകൊണ്ടും മഹാറാണനെ സേവിച്ചു വന്നിരുന്നവരിൽ ആരുംതന്നെ പ്രതാപനെ ഉപേക്ഷിച്ചുപോവാൻ മനസ്സു വന്നില്ല. മൊഗള സൎക്കാരിൻെറ ധനസമ്പത്തി കണ്ടു് ഇവരുടെ മനസ്സിന്നു ലേശം കലുഷമുണ്ടായില്ല. സാലു മ്പ്രാപ്രഭുവായ കൃഷ്ണസിംഹൻ സ്വാമി ധൎമ്മത്തെ മറന്നില്ല. ആദ്ദേഹം വീരന്മാരായ അനേകം ഭടന്മാരോടുകൂടി പ്രതാ പൻെറ പക്ഷത്തിൽ ചേൎന്നു കമലമീരത്തിലുള്ള മലക്കോട്ട യിലെത്തിച്ചേൎന്നു. വേദനോരിലെ റാഠോരരാജപുത്രവ

ഗ്ഗവും അവിടെ വന്നെത്തി. അവരുടെ രാജാവായിരുന്ന ജയമല്ലൻ ചിതോരിൻെറ രക്ഷയ്ക്കുവേണ്ടി അതിശൂരതയോടുകൂടി പൊരുതി യുദ്ധത്തിൽ മരിച്ചിരുന്നു. ഏററവും യോഗ്യനായ അദ്ദേഹത്തിൻെറ പിൻഗാമി ആ മഹിമയെ കുറവുകൂടാതെ രക്ഷിച്ചുവന്നു. ഏതൊരു വീരബാലനായ പുത്രൻെറ വീൎയ്യാതിശയം കണ്ടു ശത്രുക്കരം കൂടി അത്ഭുതപ്പെട്ടുകയും ഭയപ്പെട്ടുകയും ചെയ്യുവോ അവൻെറ വംശക്കാരായ ജഗായത്തുവൎഗ്ഗവും കൈലബാരയിൽനിന്നു സൈന്യങ്ങളോടുകൂടി വന്നു. ഇതിന്നുപുറമേ ദെല്വബാരാ, കോടാരി, ഝാലോരാ മുതലായ ദിക്കുകളിൽനിന്നു ഝാലാ, ചൌഹാന, പ്രമാര മുതലായ വംശക്കാരും ധൎമ്മയുദ്ധത്തിന്നു ഒരുങ്ങി വന്നു. ഇപ്രകാരം സുമാറ് ഇരുപതിനായിരം ഭടന്മാർ കുംഭമേരു കോട്ടയുടെ സമീപത്തിൽ ഒന്നുകൂടി: രണശൂരതകൊണ്ടും കഷ്ടപ്പാടുകരം സഹിക്കാനുള്ള ശേഷികൊണ്ടും സ്വാമിഭക്തികൊണ്ടും പ്രതാപൻെറ സൈന്യത്തോടു കിടപിടിക്കത്തക്ക മറെറാരു സൈന്യം കണ്ടുകിട്ടാൻ ഞെരുക്കമാണ്. എങ്കിലും മൊഗളചക്രവൎത്തിയുടെ അതിമഹത്തായ സൈന്യത്തോടുകൂടി താരതമ്യപ്പെടുത്തുമ്പോരം പ്രതാപൻെറ സൈന്യം ഒരു പിടിമാത്രമേ ഉണ്ടായിരുന്നുള്ളു. അതുകൊണ്ടു പ്രതാപൻ ഒരു കഠിനവ്രതം അനുഷ്ഠിക്കാൻ തീൎച്ചയാക്കി.

പ്രതാപൻെറ ജന്മഭൂമിയായ ചിതോരിനെ അദ്ദേഹം അമ്മയെപ്പോലെ ആദരിച്ചുവന്നു. അമ്മയുടെ മരണശേഷം സന്താനങ്ങരം ഏതുപ്രകാരം കഠിനവ്രതം

ആചരിക്കുകയും ദുഃഖചിഹ്നങ്ങൾ ധരിക്കുകയും ചെയ്യുന്നുവോ അതേപ്രകാരത്തിൽ ചിതോരിന്റെ അധഃപതനസ്മാരകമായി പ്രതാപൻ കഠിനവ്രതം ദീക്ഷിക്കുകയും ദുഃഖചിഹ്നങ്ങളെ ധരിക്കുകയും ചെയ്തു. താനോ തന്റെ വംശക്കാരോ ചിതോരിനെ വീണ്ടെടുത്തു പുനഃരുദ്ധാരണം ചെയ്യുന്നതുവരെ താടിയും മീശയും കളവാൻ പാടില്ലെന്നു പ്രതാപൻ നിശ്ചയം ചെയ്തു. സ്വർണ്ണംകൊണ്ടും വെള്ളികൊണ്ടുമുള്ള തളികകളിലും മററും പാനഭോജനാദികൾ പാടില്ലെന്നു താക്കീതു ചെയ്തു. ആഹാരം കഴിക്കുന്നതു ഇലയിൽ മാത്രമെ പാടുള്ളു എന്നു വ്യവസ്ഥ ചെയ്തു. മൃദുമെത്തകളിൽ ഉറങ്ങാൻ പാടില്ല. റാണൻ പുല്ലുകൊണ്ടുണ്ടാക്കിയ കിടക്കയിൽ മാത്രമേ ഉറങ്ങുകയുള്ളു. അദ്ദേഹം മനോഹരമായ മാളികയിൽ താമസിക്കില്ല. പർണ്ണശാലയിൽ മാത്രമെ അധിവസിക്കുകയുള്ളു. രാജസ്ഥാനത്തിൽ ഒരു വിധത്തിലുള്ള മഹോത്സവങ്ങളും കൊണ്ടാടാൻ പാടില്ല. യുദ്ധകാലങ്ങളിലും ദുഃഖചിഹ്നങ്ങൾ ധരിക്കാതിരിപ്പാൻ പാടില്ല. പണ്ടു യുദ്ധഭേരികൾ അടിച്ചിരുന്നതു സൈന്യങ്ങളുടെ മുൻഭാഗത്തായിരുന്നു. രാജപുത്രന്മാരുടെ ദുർദ്ദശയുടെ സ്മാരകമായി രണഭേരി പിൻഭാഗത്തു അടിക്കേണമെന്നു നിയമിച്ചു. ഈ സകല നിബന്ധനകളും ഇപ്പോഴും നടന്നുവരുന്നുണ്ട്. രണഭേരി ഇപ്പോഴും മുൻഭാഗത്തു് അടിക്കുകയില്ല. റാണന്റെ വംശക്കാരിലാരും മീശവെയ്ക്കാതെ ഇരിക്കുകയില്ല. ചിലർ, ലോഹപാത്രങ്ങളിൽ ഭക്ഷിക്കുകയും മൃദുമെത്തകളിൽ കിടക്കുകയും ചെയ്യുന്നുണ്ടെങ്കിലും പാത്രങ്ങളുടെ ചോട്ടിൽ ഇലവെച്ചും

കിടക്കയുടെ ചോട്ടിൽ പുല്ലുകെട്ടുകൾ ഇട്ടും സ്വദേശഭക്തനും വീരസന്ന്യാസിയുമായ പ്രതാപൻെറ ആ കഠോരനിയമങ്ങളുടെ ഏതാനും അംശം അവർ ഇന്നും അനുഷ്ഠിച്ചുവരുന്നുണ്ട്.

ജന്മഭൂമിയുടെ ഉദ്ധാരണത്തിന്നുവേണ്ടി പല രാജ്യങ്ങളിലും പല ആളുകളും കഠിനയുദ്ധം ചെയ്തിട്ടുണ്ട്. എന്നാൽ ഈ മാതിരി കഠോരവ്രതം ആരും അനുഷ്ഠിച്ചതായി കാണുന്നില്ല. "ജന്മഭൂമീ ജനനീസ്വരൂപാ" എന്ന നീതിക്കു പല ദിക്കുകളിലും പ്രചാരമുള്ളതായി കാണുന്നുണ്ട്. എന്നാൽ ജന്മഭൂമിക്കു ജനനിയേക്കാൾ മാഹാത്മ്യമുണ്ടെന്നു പ്രതാപനാണു പ്രത്യക്ഷമാക്കിയതു്. അമ്മയെക്കുറിച്ചു മക്കൾ മാത്രമേ ദുഃഖിക്കുന്നുള്ളൂ. പിന്നെ ക്ലിപ്തമായ ഒരു കാലത്തോളം മാത്രമേ ദുഃഖചിഹ്നങ്ങൾ ധരിക്കുകയും ചെയ്യുന്നുള്ളൂ. ജന്മഭൂമിയെ ഉദ്ദേശിച്ചുള്ള ദുഃഖചിഹ്നങ്ങൾ പരമ്പരയായി ധരിക്കേണമെന്നു പ്രതാപൻ വ്യവസ്ഥചെയ്തു. ഭാരതവർഷചരിത്രത്തിൽ കഠിനതപസ്സുകൾ ചെയ്ത അനേകം സന്ന്യാസിമാരുടെ കഥകൾ കാണുന്നുണ്ട്. എന്നാൽ രാജരാജേശ്വരനായിരുന്നിട്ടും കഠിനവ്രതാനുഷ്ഠാനത്തിൽ തനിക്കു് അനേകം സന്ന്യാസിമാരെ തോല്പിക്കാൻ കഴിയുന്നതാണെന്നു രാജർഷിയായ പ്രതാപൻ വെളിപ്പെടുത്തി.

സ്വദേശത്തിന്നുവേണ്ടി പ്രതാപൻ മാത്രമല്ല സന്ന്യാസിയായിത്തീർന്നതു്. അദ്ദേഹം തൻെറ രാജ്യത്തിലുള്ള എല്ലാവരേയും സന്ന്യാസിമാരെപ്പോലെ ആക്കി "എല്ലാപ്രജകളും തങ്ങളുടെ ഗൃഹങ്ങൾ ഉപേക്ഷിച്ചു

പൎവ്വതത്തിൽ താമസിക്കണം. സകല ഗൃഹങ്ങളും കൊള്ളിവെച്ചു ഭസ്മമാക്കണം. ആരും കച്ചവടം ചെയ്യുപോകരുതു്. ആരും കൃഷിചെയ്യുകയോ ആടുകളെ വളൎത്തുകയോ ചെയ്യുവാൻ പാടില്ല. ആരും ഉത്സവങ്ങൾ കൊണ്ടാടുകയോ നേരംപോക്കുകളിൽ ഏൎപ്പെടുകയോ പാടില്ല. ശത്രുക്കളായ മുസൽമാന്മാരുടെ മനസ്സിനെ ആകൎഷിക്കത്തക്കതായ ഒരു വസ്തുവും ഒരു ദിക്കിലെങ്കിലും സൂക്ഷിപ്പാൻ പാടില്ല. ആരെങ്കിലും ഈ കല്പന ലംഘിക്കുന്നതായാൽ അവനു മരണശിക്ഷ തീൎച്ചയാണു്. എന്നിങ്ങിനെ പ്രതാപൻ ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. താമസംകൂടാതെ എല്ലാവരും ഈ കല്പനപ്രകാരം നടന്നു.

ഈ കല്പന കൊടുത്തശേഷം പ്രതാപൻ സ്വസ്ഥനായിരുന്നില്ല. അദ്ദേഹം ഏകാകിയായി കുതിരപ്പുറത്തു കയറി പല ദിക്കുകളിലും സഞ്ചരിച്ചു തന്റെ കല്പനയെ ജനങ്ങൾ നല്ലവണ്ണം അനുസരിക്കുന്നുണ്ടോ എന്നു സൂക്ഷ്മമായി അന്വേഷണം ചെയ്തു. ഒരു ദിവസം ഒരു ആട്ടിടയൻ തന്റെ കല്പന ലംഘിച്ചു വനാസനദീതീരത്തിൽ ശങ്കകൂടാതെ ആടുകളെ മേയ്ക്കുന്നതു പ്രതാപൻ കണ്ടു. തന്റെ പ്രജകളുടെ കഷ്ടസ്ഥിതിയോൎത്തു പ്രതാപന്റെ ദയാൎദ്രമായ ഹൃദയം സദാ പിളൎന്നിരുന്നു. എന്നാൽ രാജകല്പനയെ ലംഘിച്ച ആട്ടിടയന്നു മാപ്പുകൊടുപ്പാൻ അദ്ദേഹത്തിന്നു മനസ്സുണ്ടായില്ല. ആ ഭാഗ്യഹീനനായ ഇടയനെ അദ്ദേഹം തൽക്ഷണം വെട്ടിക്കൊന്നു. പിന്നെ മററുള്ളവൎക്കു ഭയമുണ്ടാകുവാൻവേ

ണ്ടി അദ്ദേഹം അവന്റെ ശവശരീരത്തെ ഒരു മരത്തിന്മേൽ കെട്ടിത്തൂക്കി. ഈ കഠിനകൃത്യം കണ്ടു് എല്ലാവരും ഭയപ്പെട്ടു വിറച്ചുപോയി.

ഏറെത്താമസിയാതെ മീവാരരാജ്യം വളരെ കഷ്ടസ്ഥിതിയിലകപ്പെട്ടു. നഗരങ്ങളും ഗ്രാമങ്ങളും ജനശൂന്യമായി ഭവിച്ചു. വയലുകൾ കൃഷി ചെയ്യാതെ പാഴിൽ കിടന്നിരുന്നു. മൈതാനങ്ങളിലൊന്നും ആട്ടുകൾ മേയാതായി. ജനകോലാഹലത്തോടുകൂടിയിരുന്ന ഊരുകളിലും ഗ്രാമങ്ങളിലും കാട്ടുമൃഗങ്ങൾ കുടികൊണ്ടിരുന്നു. നിരത്തുകളിൽ മുഴുവനും മുൾച്ചെടികളും മരവും നിറഞ്ഞതുകൊണ്ടു മനുഷ്യസഞ്ചാരത്തിന്നു നിവ്വാഹമില്ലാതായിത്തീൎന്നു. സസ്യസമൃദ്ധിയോടുകൂടിയിരുന്ന മീവാർ രാജ്യം മരുഭൂമിക്കു തുല്യമായിത്തീൎന്നു. ആരാവല്ലിയുടെ കിഴക്കുവശത്തുള്ള ഫലവത്തായ പ്രദേശങ്ങൾ ജനകോലാഹലശൂന്യങ്ങളായി നിഷ്പ്രഭങ്ങളായിത്തീൎന്നു. പുലരാൻകാലത്തും സന്ധ്യാസമയത്തിലും പ്രതാപൻ പൎവ്വതത്തിന്റെ മുകളിൽക്കൂടി സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോഴൊക്കയും ദൂരത്തിൽനിന്നു രാജസ്ഥാനത്തിന്റെ ദുർദശാപരിണാമം കണ്ടു് അദ്ദേഹത്തിന്റെ കണ്ണിൽനിന്നു വെള്ളം ഒഴുകിക്കൊണ്ടിരുന്നു.

പ്രതാപന്റേയും കുടുംബങ്ങളുടേയും കഷ്ടാവസ്ഥ ഓക്കുമ്പോൾ ആരുടെ ഹൃദയമാണു പിളരാതിരിക്കുന്നതു്? രാജയോഗ്യമായ സുഖാനുഭവങ്ങളോടുകൂടി വളൎന്നുവന്ന രാജകുമാരന്മാർ ഹീനജാതികളെപ്പോലെ പൎവ്വതഗുഹകളിൽ താമസിച്ചു വളരെ കഷ്ടപ്പാടുകൾ അനുഭവിച്ചു. രാജ്ഞിക്കു

തൻെറ സ്വന്തം കൈകൾകൊണ്ടു വെപ്പുപണി കഴിച്ചും മരച്ചുവട്ടിൽ പുല്ലുകൊണ്ടുണ്ടാക്കിയ കിടക്കയിൽ കിടന്നും കായക്ലേശം ചെയ്തു കാലം കഴിച്ചുകൂട്ടേണ്ടി വന്നു. ഈ കാഷ്ഠ എത്ര ദുസ്സഹമായിട്ടുള്ളതാണ്.

"ഇവനിതു ഭവിക്കേണമിന്നകാലം വേണം
അവശതഭവിക്കേണമത്ഥനാശം വേണം
ഇതിവിധിവിധിച്ചതി പ്രാണികൾക്കൊക്കവെ
ഹിതമഹിതമെങ്കിലും ലംഘ്യമല്ലേതുമേ"

എന്നല്ലാതെ മറെറാന്നും പറവാൻ കാണുന്നില്ല. എങ്കിലും പ്രതാപൻെറ പ്രതിജ്ഞ അദ്ദേഹത്തിൻെറ ലീലാസ്ഥലമായ ആരാവല്ലീപൎവ്വതംപോലെ ഇളക്കമില്ലാത്തതും ഉറപ്പേറുകൂടിയതും ആയിരുന്നു.

പ്രതാപൻെറ സൈന്യം ശേഖരിച്ച സ്ഥലമായ കമലമീരം പൎവ്വതപ്രദേശങ്ങളുടെ നടുവിലായിരുന്നു. ആ ദിക്കിലേക്കു പ്രവേശിക്കുന്നതിന്ന് ഒന്നോ രണ്ടോ ഗിരിപഥങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. മൊഗളസൈന്യം ഈ പ്രദേശത്തിൻെറ പുറംഭാഗത്ത് ഒത്തുകൂടി. അവൎക്ക് ഈ പ്രദേശങ്ങളുടെ സ്ഥിതിയെപ്പററി ഒന്നും അറിഞ്ഞുകൂടായിരുന്നു. വിശേഷിച്ചു ജനപദങ്ങളെല്ലാം ജനശൂന്യമായിരുന്നതുകൊണ്ട് അവൎക്കു ഭക്ഷണദ്രവ്യങ്ങൾ കിട്ടാൻതന്നെ ദുസ്തരമായി. ഭക്ഷണദ്രവ്യങ്ങൾ ശേഖരിക്കാതേയും വലുതായ ഒരു സൈന്യം ശേഖരിക്കാതേയും ആ പ്രദേശത്തിൽ പ്രവേശിക്കാൻ മൊഗളന്മാർ വളരെ സംശയിച്ചു. പ്രതാപൻെറ അനുചരന്മാർ സ്വന്തരാജ്യത്തിലുള്ള സകല ഗിരിപ

ഥങ്ങളും അറിഞ്ഞിരുന്നതുകൊണ്ടു് അവർ ഇടയ്ക്കിടയ്ക്കു ശത്രുക്കളെ പെട്ടന്നു ആക്രമിക്കുകയും ഉടനേതന്നെ മറയുകയും ചെയ്തിരുന്നു. വടക്കെ ഇന്ത്യയിൽനിന്നു യൂറോപ്പിലേക്കു് അയച്ചിരുന്ന എല്ലാ കച്ചോടസ്സാമാനങ്ങളും ആരാവള്ളിയുടെ സമീപത്തിൽകൂടെ സൂററ തുറമുഖത്തിൽ കൊണ്ടുപോയി കപ്പൽ കയററി അയച്ചിരുന്നു. രാജപുത്രന്മാർ ഈ ചരക്കുകളെല്ലാം പിടിച്ചുപറിച്ചു കരസ്ഥമാക്കിത്തുടങ്ങി. ഇതു നിമിത്തം ആ ഭയങ്കരപ്രദേശങ്ങളിൽകൂടി വഴിയാത്രക്കാർകൂടി നടക്കാതെയായി. മൊഗളസൈന്യം ക്രമേണ വർദ്ധിച്ചു വന്നു. ഈ സൈന്യത്തെ തടുക്കാൻവേണ്ടി പ്രതാപൻ വടക്കുഭാഗത്തുള്ള ഗിരിപഥത്തിലേക്കു ചെന്നു. ഈ ഗിരിപഥത്തിൻെറ പേരു ഹല്ദിഘട്ടം എന്നായിരുന്നു.

---

## എട്ടാം അദ്ധ്യായം.

---

## രാജപുത്രന്മാരുടെ ജാതിധമ്മം.

മൊഗളചക്രവത്തിമാരുടെ ഇടയിൽ അക്ബർ പ്രഥമഗണനീയനാണ്. തൻെറ സൌജന്യംകൊണ്ടും വിവേചനാശക്തികൊണ്ടും അദ്ദേഹം നാനാജാതിക്കാരായ തൻെറ പ്രജകളുടെ പ്രീതി സമ്പാദിച്ചിരുന്നു. അദ്ദേഹം ഹിന്ദുക്കളുടെ ബന്ധുവാണെന്നു വിചാരിച്ചു നാം അദ്ദേഹത്തെ ഭക്തിപൂർവ്വം സ്മരിച്ചു വരികയും അറങ്ങ്സീബ്ബ ഹിന്ദുക്കളുടെ ശത്രുവാണെന്നു കരുതി അദ്ദേഹത്തെ ദ്വേഷത്തോ

ടുകൂടി വിചാരിച്ചു വരികയും ചെയ്യുന്നു. എന്നാൽ പ്രകൃത കഥയെ പിന്തുടൎന്നു നോക്കുന്നതായാൽ ഹിന്തുക്കൾക്കു ശത്രുവിനെക്കൊണ്ടുണ്ടായ ദോഷത്തേക്കാളധികം ദോഷം ബന്ധുവിങ്കൽനിന്നുതന്നെയാണു നേരിട്ടിരിക്കുന്നതു് എന്നു നമുക്കു ബോദ്ധ്യമാവുന്നതാണ്. അക്ബരുടെ ബന്ധുത കൊണ്ടു ഹിന്തുക്കളുടെ ഇടയിൽവെച്ച് ഏററവും ദോഷം നേരിട്ടതു രാജപുത്രന്മാൎക്കുതന്നെയാണ്. അക്ബർ നിമിത്തം ചിതോർ രാജധാനിക്കു മാത്രമല്ല രാജപുത്രന്മാരുടെ ജാതിധൎമ്മത്തിന്നുകൂടി ഹാനിയുണ്ടായി. അച്ഛന്റെ ശത്രുക്കളാണെന്നുവെച്ച് അക്ബർ രാജപുത്രന്മാരുടെ നേരെ ഭയങ്കരമായ പ്രതിക്രിയ ചെയ്തു. എങ്കിലും സകലരുടേയും മനസ്സിനെ മോഹിപ്പിക്കത്തക്ക വശീകരണശക്തിയുള്ള അദ്ദേഹത്തിന്റെ സൌജന്യവിശേഷംകൊണ്ടു മിക്ക രാജപുത്രന്മാരും അദ്ദേഹത്തിന്റെ വലയിലകപ്പെട്ടു. പ്രതാപസിംഹൻ ഒരുവൻ മാത്രം അക്ബൎക്കു വശ്യനായില്ല.

രാജപുത്രന്മാർ എല്ലാവരും ഒത്തൊരുമിച്ചു നിന്നാൽ അവരെ തോല്പിക്കുന്ന കാൎയ്യം അസാദ്ധ്യംതന്നെയാണ്. അവരെ തോല്പിക്കേണമെങ്കിൽ അവർ തമ്മിൽ ഗൃഹച്ഛിദ്രം ഉണ്ടാക്കിത്തീൎത്തു് അവരെ ഭിന്നിപ്പിക്കണം. ഈ ഭേദനീതി അക്ബർ നല്ലവണ്ണം അറിഞ്ഞിരുന്നു. രാജപുത്രന്മാരുടെ ജാതിക്കും ധൎമ്മത്തിന്നും ഹാനി വരുത്താത്ത പക്ഷം അവരുടെ ശക്തി കുറയ്ക്കാൻ കഴിയുന്നതല്ലെന്നും അക്ബർ നല്ലവണ്ണം അറിഞ്ഞിരുന്നു. അതിന്നുവേണ്ടി അക്ബർ അവരുടെ നേരെ തനിക്കുള്ള സ്നേഹവും സഖ്യതയും കാണിക്കു

കയാണെന്നുള്ള വ്യാജേന അവരുടെ കന്യകമാരെ വിവാഹംചെയ്തു അവരുടെ ബന്ധുത സമ്പാദിച്ചു. അദ്ദേഹം രാജ്യവും മാന്യപദവിയും പണവും കൊടുത്തു ക്രമേണ രാജപുത്രസാമന്തവൎഗ്ഗങ്ങളെ തന്റെ അധീനത്തിലാക്കി. ഈ അവസരത്തിൽ ക്രമത്തിൽ രാജപുത്രജാതിയുടെ അസ്ഥിമജ്ജ ക്ഷയിച്ചുവന്നു.

അറങ്ങസിബ് ഹിന്തുദ്വേഷിയായിരുന്നതുകൊണ്ടു ഹിന്തുക്കൾക്ക് അദ്ദേഹത്തിന്റെ നേരെ വൈരം ഉണ്ടാവുകയും അവർ അദ്ദേഹവുമായി എടപഴകാതിരിക്കുകയുംചെയ്തു. എന്നാൽ അക്ബർ ബന്ധുവാണെന്നു വിചാരിച്ച് അദ്ദേഹത്തിന്റെ മോടിയിൽ ഭ്രമിച്ച രാജപുത്രന്മാർ അദ്ദേഹത്തോടുകൂടി എടപഴകുകയും ഒടുക്കം അവരുടെ ജാതിധൎമ്മത്തിന്നു ലോപം വരുത്തുകയും ചെയ്തു അറങ്ങസിബ് നിഷ്ഠുരനും ഉപദ്രവിയും ആയിരുന്നു എങ്കിലും അദ്ദേഹം അക്ബരെപ്പോലെ വിലാസപ്രിയനോ വിഷയാസക്തനോ ആയിരുന്നില്ലെന്നു ചരിത്രം നോക്കിയാൽ കാണാവുന്നതാണ്. അദ്ദേഹത്തിന്ന് അക്ബരെപ്പോലെ നൃത്തഗീതങ്ങളിൽ താല്പൎയ്യമുണ്ടായിരുന്നില്ല. ഹിന്തുയുവതിയുടെ പാതിവ്രത്യഭംഗം വരുത്താൻ അക്ബർ പല കൌശലങ്ങളും പ്രയോഗിച്ചിരുന്നു. എന്നാൽ അറങ്ങസിബ് ആ വിധമൊന്നും ചെയ്തില്ല. അറങ്ങസിബിന്നു * ഹിന്തുക്കളെ വളരെ പുച്ഛമായിരുന്നു എങ്കിലും

* സാഹിത്യപരിശീലനംകൊണ്ടും ശില്പവേലകൾ ചെയ്തും സമ്പാദിച്ചിരുന്ന പണംകൊണ്ടാണ്. അറങ്ങസിംബ് തന്റെ സ്വന്തം ചിലവുകൾ നടത്തിവന്നിരുന്നതു്. ധൎമ്മവിഷയമായ പുസ്തകങ്ങൾ

അവരുടെ ഭാഷകളും കാൎയ്യങ്ങളും അദ്ദേഹം അറിഞ്ഞിരുന്നു. അക്ബർ ഹിന്ദുക്കളുടെ നേരെ മൎയ്യാദയോടുകൂടി ആചരിച്ചുവന്നിരുന്നു. എന്നാൽ അവരെ ബലഹീനന്മാരും ജാതിഹീനന്മാരും ആക്കിത്തീൎക്കേണമെന്നായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം. മുസൽമാന്മാരുടെ ഇടയിൽ അനേകം പേൎക്ക് അക്ബരുടെ നേരെ വൈരം ഉണ്ടായിരുന്നു. ഹിന്ദുക്കൾക്കും അദ്ദേഹത്തിന്റെ നേരെ വൈരത്തിന്നു കാരണമില്ലാതിരുന്നില്ല. താഴെ എഴുതുന്ന ഒരു സംഭവത്തിൽനിന്ന് ഇതു വെളിപ്പെടുന്നതാണ്.

അക്ബരുടെ കാലത്തു മാസന്തോറും ഒമ്പതാംതിയ്യതികളിൽ ദില്ലിരാജധാനിയിൽ ഒരു ചന്തകൂടുക പതിവായിരുന്നു. ഇതിന്നു സാധാരണയായി 'നവരോജാ' എന്നാണു പേർ പറയപ്പെട്ടിരുന്നത്. 'മിനാബാജാർ' എന്നും പറയാറുണ്ട്. ഈ ചന്തയിൽ പുരുഷന്മാൎക്കു പ്രവേശം ഉണ്ടായിരുന്നില്ല. ഇതിൽ സാമാനങ്ങൾ വിൽക്കുകയും വാങ്ങുകയും ചെയ്തിരുന്നവരും കാഴ്ചക്കാരായി വന്നിരുന്നവരും സ്ത്രീകൾ മാത്രമായിരുന്നു. മാന്യകുലത്തിൽ ജനിച്ച അസംഖ്യം ഹിന്ദുയുവതികളും മുസൽമാൻ യുവതികളും ഈ ചന്തയ്ക്കു വന്നിരുന്നു. ചക്രവൎത്തിയുമായി

---

ഉണ്ടാക്കിയും തൊപ്പികളുണ്ടാക്കിയും അദ്ദേഹം വിററിരുന്നു എന്നു പറയപ്പെടുന്നുണ്ട്. തന്റെ സ്വന്തം കൈകൾ കൊണ്ടുണ്ടാക്കിയ തൊപ്പികൾ വിററു കിട്ടുന്ന പണംകൊണ്ടു മാത്രം തന്റെ ശവസംസ്കാരം കഴിക്കേണ്ടതാണെന്ന് അദ്ദേഹം മരണസമയത്തു പറയുകയുണ്ടായി. അതനുസരിച്ചു തൊപ്പികൾ വിററുണ്ടായ നാലര ഉറുപ്പിക കൊണ്ടു ഭാരതവൎഷത്തിലെ രാജാധിരാജനും പ്രതാപശാലിയുമായ അദ്ദേഹത്തിന്റെ ശവസംസ്കാരം കഴിക്കപ്പെട്ടു.

സന്ധിചെയ്തിരുന്ന സകല സാമന്തരാജാക്കന്മാരും തങ്ങളുടെ കുലസ്ത്രീകളെ ഈ ചന്തയ്ക്ക് അയച്ചിരുന്നു. അക്ബർ ഒരു സ്ത്രീയുടെ വേഷം ധരിച്ച് ഈ ചന്തയിൽ അങ്ങുമിങ്ങും നടന്ന് ഈ സുന്ദരീരത്നങ്ങളുടെ രൂപാമൃതം പാനം ചെയ്തിരുന്നു. ചിലപ്പോൾ അവരുടെ ചാരിത്രഭംഗം വരുത്താനും ശ്രമിച്ചിരുന്നു. അദ്ദേഹത്തിൻെറ ഇച്ഛയനുസരിച്ച് ഈ ചന്തയ്ക്ക് 'ഖോസരോജാ' അല്ലെങ്കിൽ 'ആനന്ദദിവസം' എന്നു പേർ വിളിച്ചുവന്നു.

ബികാനിരത്തിലെ രാജകുമാരനായ പൃത്ഥ്വീരാജാവു തൻെറ ജ്യേഷ്ഠനായ രായസിംഹൻെറ ജാമ്യക്കാരൻെറ നിലയിൽ ദില്ലിയിൽ താമസിച്ചിരുന്നു. അദ്ദേഹം പ്രതാപൻെറ അനുജനായ ശക്തസിംഹൻെറ മകളെ വിവാഹം ചെയ്തിരുന്നു. ഇവൾ പരമഗുണവതിയും അസാമാന്യമായ സൌന്ദര്യമുള്ളവളും ആണെന്നു രാജസ്ഥാനം മുഴുവനും വിളികൊണ്ടിരുന്നു. ഒരു ദിവസം പൃത്ഥ്വീരാജാവിൻെറ ഭാര്യ മുൻവിവരിച്ച ചന്തയ്ക്കു പോയി. ദൂരത്തുനിന്നു ദേവീസദൃശമായ ഇവളെ കണ്ടിട്ട് അക്ബർ കാമമോഹിതനായി തന്നെത്താൻ മറന്നുവശായി. പിന്നെ അവൾ മടങ്ങിപ്പോകും വഴിക്ക് അക്ബർ കൌശലം പ്രയോഗിച്ച് അവളെ വഴിക്കരികേയുള്ള ഒരു വീട്ടിൽ ബന്ധനസ്ഥയാക്കി! തദനന്തരം കാമാതുരനായ ഒരു പ്രേതംപോലെ അവളുടെ മുമ്പിൽ ചെന്നുനിന്നു. എന്നാൽ ശിശോദിയരാജപുത്രന്മാരുടെ പവിത്രകുലത്തിൽ ജനിച്ചവളും പുരുഷസിംഹനായ പൃത്ഥ്വീരാജാവിൻെറ ധർമ്മപത്നിയും ആയ ആ സ്ത്രീരത്നം അക്ബറെ പുല്ലിനു

തുല്യമായി ഗണിച്ചു. അവൾ കണ്ണുകൾ ചുവപ്പിച്ചു തന്റെ വസ്ത്രത്തിന്റെ ഉള്ളിൽനിന്നു് ഒരു മൂച്ചയുള്ള കഠാരിയെടുത്തു് അക്ബരുടെ മാറ്വിൽവെച്ചു ക്രൂരതയോടുകൂടി അദ്ദേഹത്തോടു പറഞ്ഞു "നരാധമ! മഹാപാപി! ഇനിയൊരിക്കൽ രാജപുത്രകുലത്തെ ദുഷിപ്പിക്കാൻ ഒരുമ്പെടുകയില്ലെന്നു ദൈവം സാക്ഷിയായി ആണയിടുക. അല്ലെങ്കിൽ ഇപ്പോൾ തന്നെ ഈ കഠാരികൊണ്ടു കുത്തി നിന്റെ കഥ കഴിച്ചേക്കാം." അക്ബർ മരംപോലെ നിന്നു. ഭയപ്പെട്ടു വിറച്ചു. പിന്നെ സ്വസ്ഥനായതിന്റെ ശേഷം സംഭ്രമത്തോടുകൂടി അവളെ പോവാനനുവദിച്ചു. ഈ സംഭവം അക്ബക്കു നല്ല ഒരു പാഠമായി.

ഈ വിധത്തിൽ രാജകുലലക്ഷ്മിയായ ആ രാജപത്നി തന്റെ പിതൃകുലത്തിന്റെ ശുദ്ധിയേയും മാനത്തേയും രക്ഷിച്ചു. എന്നാൽ എല്ലാ സ്ത്രീകളുടെ ഹൃദയത്തിന്നും ഈ മാതിരി ഉറപ്പുണ്ടായിരുന്നില്ല. എല്ലാവക്കും ഈ വിധത്തിൽ തങ്ങളുടെ ധമ്മം രക്ഷിക്കാനുള്ള സാമത്ഥ്യവും ഉണ്ടായിരുന്നില്ല. രായസിംഹന്റെ ഭാൎയ്യ രത്നാലങ്കാരാദികളിൽ ഭ്രമിച്ചു തന്റെ പാതിവ്രത്യരത്നത്തെ വിററുകളഞ്ഞു. ഈ മാതിരി എത്ര അനേകം സാമന്തരാജാക്കന്മാരുടെ സ്ത്രീകളാണു തങ്ങളുടെ മാനത്തെ വിററു തിന്നുന്നതു് എന്നു നിണ്ണയിക്കാൻ ആക്കു സാധിക്കും? അക്ബർ കുറെ പരസ്ത്രീകളെ തന്റെ ഭാൎയ്യമാരായി സ്വീകരിച്ചിരുന്നു എന്നു ഒരു ജനശ്രുതിയുണ്ടു്. അക്ബരുടെ ആധിപത്യം സ്വീകരിച്ചു് അദ്ദേഹവുമായി സന്ധി ചേയ്യുവക്കെല്ലാം ദില്ലിയിലെ ചന്തദിവസം തങ്ങളുടെ ഭാൎയ്യാപുത്രിമാർ തുടങ്ങിയ

ള്ളവരെ അവിടേയ്ക്കു് അയയ്ക്കേണ്ടതായി വന്നു. ബുന്ദീരാജാവു് ഒരുവൻ മാത്രം അക്ബൎക്കു കീഴടങ്ങീട്ടും ഇതിന്നു സമ്മതിച്ചില്ല. ബുന്ദീരാജാക്കന്മാർ തങ്ങളുടെ കന്യകമാരെ ദില്ലീചക്രവൎത്തിക്കു വിവാഹം ചെയ്തുകൊടുക്കുകയോ തങ്ങളുടേയോ ബന്ധുക്കളുടേയോ സ്ത്രീകളെ "നവരോജാ" ചന്തയിലേയ്ക്കു് അയയ്ക്കുകയോ ചെയ്യുന്നതല്ല" എന്നു് അവരുടെ സന്ധിപത്രത്തിൽ സ്പഷ്ടമായി പ്രസ്താവിച്ചുകാണുന്നുണ്ടു്.

മൊഗളന്മാൎക്കു തങ്ങളുടെ കന്യകമാരെ കൊടുത്തു ജാതിധൎമ്മം നശിപ്പിച്ച രാജപുത്രന്മാരൊന്നിച്ചു പ്രതാപസിംഹൻ ഭക്ഷണം കഴിക്കുകയോ കൂടിക്കഴിയുകയോ ചെയ്തില്ല. അദ്ദേഹം അതിന്നു തീരേ വിരോധക്കാരനായിരുന്നു. മൊഗളന്മാൎക്കു കീഴടങ്ങിയവരിൽ ബുന്ദീരാജകുടുംബക്കാരൊഴികെ ബാക്കിയുള്ള രാജാക്കന്മാരും ശിശോദീയവംശക്കാരും തമ്മിൽ വിവാഹബന്ധം പാടില്ലെന്നു് അദ്ദേഹം തീൎച്ചപ്പെടുത്തി. ശിശോദീയവംശക്കാരുമായി വിവാഹം ചെയ്യുന്നതു് ഒരു ബഹുമാനമായിട്ടാണു രാജപുത്രന്മാർ വിചാരിച്ചുവന്നിരുന്നതു്. ജീവാരേശപരനായ പ്രതാപനൊന്നിച്ചു ഭക്ഷണാദികൾ കഴിച്ചു കൂടിക്കഴിയാൻ സാധിച്ചില്ലെങ്കിൽ രാജപുത്രസമുദായത്തിൽനിന്നു പതിതനായി വിചാരിക്കപ്പെടുന്നതാണെന്നു് എല്ലാവൎക്കും നല്ലവണ്ണം അറിവുണ്ടായിരുന്നു. അതുനിമിത്തം സാമാന്തരാജാക്കന്മാരിൽ മിക്കപേരും പ്രതാപൻെറ ഇഷ്ടം സമ്പാദിക്കാൻ വേണ്ടി അനേകം നയോപായങ്ങൾ എടുത്തുവന്നിരുന്നു. എന്നതന്നെയല്ല, അദ്ദേഹം രക്ഷിക്കാത്തപക്ഷം തങ്ങളുടെ ഗ

തി എന്തായിരിക്കുമെന്ന് അവർ ആക്ഷേപിക്കുകയും ചെയ്യിരുന്നു. എന്നാൽ പ്രതാപൻ തൻെറ നിശ്ചയത്തിൽ നിന്ന് അല്പമെങ്കിലും പിൻവലിച്ചില്ല.

പ്രതാപൻെറ ആധിപത്യം സ്വീകരിച്ചവരിൽവെച്ച പ്രധാനി മാനസിംഹൻതന്നെയായിരുന്നു. അദ്ദേഹം അതിയോഗ്യനായിരുന്നു. മൊഗളന്മാരുമായി കൂടിക്കഴിഞ്ഞതുകൊണ്ട രാജപുത്രന്മാരുടെ ഇടയിൽ തനിക്ക് അധഃപതനം വന്നിട്ടുണ്ടെന്ന് അദ്ദേഹം അറിഞ്ഞിരുന്നു. അതിനുവേണ്ടി പ്രതാപൻെറ പ്രീതി സമ്പാദിക്കാനായി അദ്ദേഹം അവസരം നോക്കിക്കൊണ്ടിരുന്നു. പ്രതാപനും അക്ബറുമായി യുദ്ധം തുടങ്ങുന്നതിന്നു കുറെമാസങ്ങൾക്കു മുമ്പും ശോലാപുരവിജയത്തിന്നു പിമ്പുമായി ഒരിക്കൽ മാനസിംഹൻ തൻെറ രാജധാനിയിലേക്കു മടങ്ങുകയുണ്ടായി. വഴി നടുവിൽ വെച്ചു പ്രതാപനെ കണ്ടാൽകൊള്ളാമെന്നുള്ള തൻെറ മോഹത്തെ അദ്ദേഹം പ്രതാപനെ അറിയിച്ചു. അപ്പോൾ പ്രതാപൻ കമലമീരത്തിലായിരുന്നു. അതിഥിയെ യഥാവിധി സല്ക്കരിക്കേണ്ടതിന്നായി പ്രതാപൻ ഉദയസാഗരതീരത്തിലേക്കു ചെന്നു. അവിടെവെച്ചു സല്ക്കാരത്തിന്നു വേണ്ട ഒരുക്കങ്ങളെല്ലാം കൂട്ടി. ഭക്ഷണം തയ്യാറായപ്പോൾ മാനസിംഹനെ ക്ഷണിക്കാൻവേണ്ടി പ്രതാപൻ തൻെറ മൂത്തപുത്രനും യുവരാജാവുമായ അമരസിംഹനെ അയച്ചു. അയാൾ വിനയത്തോടുകൂടി മാനസിംഹനോടു പറഞ്ഞു. "അച്ഛനു തലവേദനയുള്ളതുകൊണ്ട് അദ്ദേഹത്തിന്നു നേരിട്ടു വന്നു താങ്കളെ കാണാൻ തരമില്ലാതായിരിക്കുന്നു. അതുകൊണ്ടു താങ്കൾക്കു മറി

ല്ലൊന്നും തോന്നരുതു്. ഞങ്ങളുടെ സല്ക്കാരം സ്വീകരിച്ചു താങ്കൾ കൃതാത്ഥനായി ഭവിക്കണം.' തീക്ഷ്ണബുദ്ധിയായ മാനസിംഹനു പ്രതാപൻെറ ഉദ്ദേശം മനസ്സിലാവാതിരുന്നില്ല. അദ്ദേഹം ഗംഭീരഭാവത്തോടുകൂടി ഉത്തരം പറഞ്ഞു "ഞാൻ അദ്ദേഹത്തിൻെറ തലവേദനയുടെ അത്ഥം മനസ്സിലാക്കിയിരിക്കുന്നു. കീഴ്ക്കടെ കഴിഞ്ഞതെല്ലാം ഇല്ലായ്മ ചെയ്യാൻ നിവൃത്തിയില്ലല്ലോ. മഹാറാണൻ എൻെറ ഒന്നിച്ചു ഭക്ഷണം കഴിക്കില്ലെങ്കിൽ പിന്നെ ആർ കഴിക്കും". ഈ വിവരം പ്രതാപനെ അറിയിച്ചപ്പോൾ അദ്ദേഹം മറുവടി പറഞ്ഞയച്ചു. "സ്വന്തം സോദരിയെ തുക്കിക്കാരനു വിവാഹം ചെയ്തുകൊടുത്തു മാനം വിററു തിന്നുകയും അവരൊന്നിച്ചു് അന്നപാനാദികൾ കഴിക്കുകയും ചെയ്യുന്ന രാജപുത്രരൊന്നിച്ചു റാണൻ ഒരിക്കലും ഭക്ഷണം കഴിക്കുകയില്ല".

തൻെറ സ്വേച്ഛപ്രകാരം ആതിത്ഥ്യം സ്വീകരിക്കാൻ ചെന്നതു് ഒട്ടും നന്നായില്ലെന്നും ഈ അവമാനത്തിനു കാരണഭൂതൻ താൻതന്നെയാണെന്നും മാനസിംഹനു തോന്നി. അദ്ദേഹം ഒരു ഉരുളപോലും ഭക്ഷിച്ചില്ല. അന്നരാജാവിൻെറ പേരു പറഞ്ഞു രണ്ടുമൂന്നു വററെടുത്തു തലപ്പാവിൻെറ ഉള്ളിൽ വെച്ചു. പിന്നെ പോകുംസമയത്തു റാണനെ ഉദ്ദേശിച്ചു് ഇങ്ങിനെ പറഞ്ഞു. "നിങ്ങളുടെ യോഗ്യത വദ്ധിപ്പിക്കാൻവേണ്ടിയാണു ഞങ്ങൾ ഞങ്ങളുടെ മാനം വിററു തിന്നുകയും ഞങ്ങളുടെ സോദരിമാരേയും കന്യകമാരേയും തുക്കികൾക്കു വിവാഹം ചെയ്തു കൊടുക്കുകയുംചെയ്യു

ത്. ആപത്തിൽ മുങ്ങിക്കിടക്കേണമെന്നാണ നിങ്ങാം ആഗ്രഹിക്കുന്നത് എങ്കിൽ അങ്ങിനെതന്നെയാവട്ടെ. ഈ രാജ്യത്തിൽ അധികകാലം താമസിക്കാൻ നിങ്ങാംക്ക് എടവരില്ല". ഇങ്ങിനെ പറഞ്ഞു മാനസിംഹൻ കുതിരപ്പുറത്തു കയറി പോവാൻ ഭാവിക്കുമ്പോഴയ്ക്കു പ്രതാപൻ അവിടെ ചെന്നു. അപ്പോാം ദുർജ്ജയനായ മാനസിംഹൻ ദ്വേഷ്യത്തോടുകൂടി പറഞ്ഞു. "ഞാൻ നിങ്ങളുടെ ഗർവ്വ ശമിപ്പിച്ചിട്ടില്ലെങ്കിൽ എന്റെ പേരു മാനസിംഹൻ എന്നല്ല". ധീരനായ പ്രതാപൻ ഗാംഭീര്യത്തോടുകൂടി ഉത്തരം പറഞ്ഞു: "നിങ്ങളെ യുദ്ധഭൂമിയിൽ കണ്ടാൽമാത്രമേ എനിക്കു സുഖമാകയുള്ളു". ഈ സമയത്തു പ്രതാപന്റെ പിൻഭാഗത്തുനിന്നു 'നിങ്ങളുടെ ബന്ധുവായ അക്ബറെക്കൂടി കൂട്ടിക്കൊണ്ടുവരാൻ മറക്കരുത്' എന്ന് ആരോ ഒരാാം വിളിച്ചു പറഞ്ഞു.

മാനസിംഹനുവേണ്ടി ഭക്ഷണദ്രവ്യങ്ങാം ഒരുക്കിവെച്ചിരുന്ന സ്ഥലമെല്ലാം ഗംഗയിലെ വെള്ളംകൊണ്ടു കഴകിവെടുപ്പു വരുത്തി. രാജപുത്രകുലത്തിന്നു കളങ്കഭൂതനായ മാനസിംഹനുമായി കൂടിക്കാഴ്ച കഴിച്ചവരെല്ലാം കുളിച്ചു വസ്ത്രം മാറി അശുദ്ധി കളഞ്ഞു. മുസൽമാന്മാരുടെ സമ്പക്കത്തെ രാജപുത്രന്മാർ എത്രത്തോളം നിന്ദയോടുകൂടി വിചാരിച്ചു വന്നിരുന്നു എന്ന് ഇതിൽനിന്നു നമുക്ക് അറിയാവുന്നതാണ്.

അതിന്നുശേഷം ക്രോധാന്ധനായ മാനസിംഹൻ പ്രതാപൻ തന്നെ അവമാനിച്ചതും ചക്രവത്തിയുടെ നേരെ പ്രതാപനുള്ള നിന്ദയേയും വിദ്വേഷത്തേയും കു

റിച്ചും അക്ബരോടു പറഞ്ഞു. പിന്നെ ശത്രുവായ പ്രതാപന്നു തക്ക ശിക്ഷ കൊടുക്കാൻവേണ്ടി വലിയ യുദ്ധത്തിന്നുവേണ്ട ഒരുക്കങ്ങൾ തുടങ്ങി. പ്രതാപൻെറ ഗർവ്വം നശിപ്പിച്ചു വീരഭൂമിയായ രാജപുതനയെ അക്ബർക്കു കീഴടക്കേണമെന്നായിരുന്നു മാനസിംഹൻെറ ഉദ്ദേശം. അക്ബരുടെ രാജ്യവിസ്താരത്തിന്നും ശത്രുനാശത്തിന്നുംവേണ്ടി അദ്ദേഹം തൻെറ ദേഹത്തിലെ ചോര വെള്ളംപോലെ കളഞ്ഞിരുന്നു. എന്നാൽ ആ അക്ബർതന്നെ തന്നെക്കൊല്ലാൻവേണ്ടി ഒരു കാലത്തു വിഷം കൂട്ടിയ ലഡ്ഡു ഉണ്ടാക്കിച്ചു കൊടുക്കുമെന്ന് അദ്ദേഹം സ്വപ്നത്തിൽക്കൂടി വിചാരിക്കുകയുണ്ടായില്ല. *

—∘∘○○○○∘∘—

ഒമ്പതാം അദ്ധ്യായം.

## ഹല്ദിഘട്ടത്തിലെ യുദ്ധം.

പ്രതാപസിംഹൻ രാജപുത്രസൈന്യത്തോടുകൂടി മീവാരത്തിലെ പർവ്വതപ്രദേശങ്ങളിൽ പാർത്തു വന്നു. ഈ പ്രദേശം തെക്കുവടക്കു രികുമനാഥം മുതൽ കമലമീരം വ

---

* അക്ബരുടെ മരുമകനായ ഖസരുവിനെ ദില്ലീശ്വരനായി വാഴിക്കാൻവേണ്ടി മാനസിംഹൻ ശ്രമംചെയ്തുതുടങ്ങിയ മുതല്ക്കു അക്ബർക്കു അദ്ദേഹത്തിൻെറ നേരെ വിരക്തിയുണ്ടാകുകയും അദ്ദേഹത്തെ കൊല്ലേണമെന്നുദ്ദേശിച്ചു വിഷംകൂട്ടിയ ലഡ്ഡു ഉണ്ടാക്കിക്കുകയും ചെയ്തു. എന്നാൽ തല്ക്കാലത്തെ ഓർമ്മക്കേടുനിമിത്തം അക്ബർ നല്ല ലഡ്ഡു മാനസിംഹന്ന് കൊടുക്കുകയും വിഷമയമായ ലഡ്ഡു താൻതന്നെ ഭക്ഷിക്കുകയും ചെയ്തു. അതുനിമിത്തം അക്ബർ മരിച്ചുപോയി. ഈ

രെയും കിഴക്കുപടിഞ്ഞാറ സാതോല മുതൽ മിരപുരം വരെ യും വ്യാപിച്ചു കിടക്കുന്നു. ഇതു സുമാറ 20 കാതത്തിലധി കം നാഴിക നീളവും വീതിയും ഉള്ളതാകുന്നു. ഇതിൻെറ നാലുപുറവും പൎവ്വതങ്ങളാകുന്ന വന്മതിലുകളാൽ ചുററ പ്പെട്ടിരിക്കുന്നു. ഇതിൻെറ മദ്ധ്യഭാഗത്തിൽ ചിലേടത്തു കി ഴുക്കാംതൂക്കായ പൎവ്വതങ്ങളും മററ ചിലേടത്തു ശാദ്വലവന പ്രദേശങ്ങളും ചില ദിക്കിൽ കുട്ടസ്സായ മനോഹരഗിരിപ ഥങ്ങളും മററ ചിലേടത്തു് അഴകേറിയ ചെറുചോലകളും ഉള്ളതിനാൽ ആ പ്രദേശം പ്രകൃതിയുടെ മനോഹരകാന്തി കൊണ്ടു പരിപൂൎണ്ണമായിരുന്നു.

കുട്ടസ്സായ മലയിടുക്കുകളിൽക്കൂടിയല്ലാതെ ഈ പ്രദേ ശത്തിൽ പ്രവേശിക്കാൻ വേറെ മാൎഗ്ഗങ്ങൾ ഉണ്ടായിരു ന്നില്ല. കമലമീരത്തിന്നടുത്തുള്ള ഒരു മലയിടുക്കിൻെറ പേ രു ഹല്‌ദിഘട്ടം എന്നായിരുന്നു. അജമീരം മുതലായ ദിക്കു കളിൽനിന്നു് ഈ പൎവ്വതപ്രദേശങ്ങളിലേക്കു മൊഗളസൈ ന്യങ്ങൾക്കു കടന്നുപോകാനുള്ള മാൎഗ്ഗം ഈ ഇടുക്കിൽക്കൂടി യായിരുന്നു. അവരെ തടുക്കാൻ വേണ്ടി പ്രതാപസിംഹൻ സൈന്യത്തോടുകൂടി ഹല്‌ദിഘട്ടത്തിലേക്കു ചെന്നു. ഈ ഘട്ടത്തിൻെറ അടുത്തുള്ള വിശാലമായ താഴ്വരയിൽ പ്രതാ

---

സംഭവത്തെപ്പററി ബുന്ദിരാജധാനിയിലുള്ള ചില ഗ്രന്ഥവരികളിൽ പ്ര സ്താവിച്ചു കാണുന്നുണ്ടു്. യോഗ്യനായ ജേയിസ് ടോഡ് എഴുതീട്ടുള്ള രാജസ്ഥാനം എന്ന പുസ്തകത്തിൻെറ രണ്ടാം ഖണ്ഡത്തെ വായനക്കാർ നോക്കേണ്ടതാണു്. പോൎത്തുഗ്ഗീസ്സുകാരനായ ഒരു ചരിത്രകാരനും ഈ സംഭവത്തെപ്പററി പ്രസ്താവിക്കുന്നുണ്ടു്.

പന്റെ ഇരുപത്തിരായിരം ഭടന്മാർ ആ ഗിരിപഥത്തി ന്റെ കാവല്ക്കാരെന്നപോലെ സ്ഥിതി ചെയ്തു.

രാജസ്ഥാനത്തിലെ ദുരാരോഹമായ പൎവ്വതപ്രദേശങ്ങളിൽ മിരന്മാർ ഭീലന്മാർ തുടങ്ങിയുള്ള അസഭ്യജാതിക്കാർ കുടികൊണ്ടിരുന്നു. ഇവരുടെ ഇടയിൽ ഭീലന്മാരാണു പ്രധാന ജാതിക്കാർ. രാജസ്ഥാനത്തിലുള്ള ഭീലന്മാരുടെ ഊരുകൾപോലെ മനോഹരമായ പ്രദേശങ്ങൾ ഭൂമിയിൽ വേറെ ഉണ്ടോ എന്നു സംശയമാണ്. ഭീലന്മാർ തന്നെയായിരുന്നു രാജസ്ഥാനത്തിലെ പൂൎവ്വനിവാസികൾ. പുരാതനകാലത്തു രാജപുത്രന്മാർ ഇവരെ തോല്പിച്ചു രാജ്യത്തിനു് അധികാരികളായിത്തീൎന്നു. ഭീലന്മാർ പേരിന്നു മാത്രമേ രാജപുത്രന്മാൎക്കു കീഴടങ്ങിയിരുന്നുള്ളൂ. സൂക്ഷ്മത്തിൽ അവർ സ്വാതന്ത്ര്യത്തോടുകൂടിത്തന്നെ കാലക്ഷേപം കഴിച്ചുവന്നിരുന്നു. എന്നാൽ ആപല്ക്കാലങ്ങളിൽ ഭീലന്മാർ പ്രാണൻ കളഞ്ഞും മഹാറാണന്നു സഹായം ചെയ്തിരുന്നു. രാജപുത്രന്മാരുടെ മഹത്വം ഭീലന്മാൎക്കും ഉണ്ടായിരുന്നു. അവരുടെ വാക്കിന്നു് ഇളക്കമില്ല. അവർ ഒരു കാൎയ്യം ഏററാൽ അതു നിറവേററാതിരിക്കയില്ല. സ്വദേശത്തിന്റെസ്വാതന്ത്ര്യത്തിന്നു വേണ്ടി ഭീലന്മാൎക്കു പ്രാണൻ കളയാൻ ലേശം മടിയില്ലായിരുന്നു. മീവാരത്തിന്റെ ഈ സങ്കടവേളയിൽ അസംഖ്യം ഭീലഭടന്മാർ വില്ലും അമ്പും എടുത്തു പ്രതാപനെ സഹായിക്കാൻ വന്നെത്തി. രാജപുത്രസൈന്യം അധിവസിച്ചിരുന്ന താഴ്വരയുടെ നാലുഭാഗവും ഉന്നതപൎവ്വതനിരകളാൽ പ്രശോഭിതമായിരുന്നു. ഈ പൎവ്വതങ്ങളുടെ

മുകളിൽ ഭീലഗണം ഒളിച്ചിരിക്കുകയും ശത്രുക്കളുടെ നേരെ എറിയുവാൻ വേണ്ടി കല്ലുകൾ കൂട്ടംകൂട്ടമായി കുന്നുകൾ പോലെ ശേഖരിച്ചു വെയ്ക്കുകയും ചെയ്തു.

1632-ാമതു സംവത്സരത്തിൽ വേനലിൻെറ തുടക്കത്തിൽ അക്ബരുടെ മൂത്ത പുത്രനും യുവരാജാവുമായ സെലിം ഒരു വലിയ സൈന്യത്തോടുകൂടി പ്രതാപൻെറ നേരെ യുദ്ധത്തിന്നു ചെന്നു. * ദുർജ്ജയനായ മാനസിംഹൻ അദ്ദേഹത്തിൻെറ വലംകയ്യായിരുന്നു. പ്രതാപൻെറ സല്ക്കാരം സ്വീകരിപ്പാൻ പോയപ്പോൾ അദ്ദേഹം തന്നെ അവമാനി

---

* ഈ യുദ്ധത്തിൽ യുവരാജാവായ സെലിം ഹാജരുണ്ടായിരുന്നുവോ ? ഇല്ലയോ ? എന്ന സംഗതി സംശയഗ്രസ്തമാണ്. ക്രി. അ. 1566-ാമാണ്ടിലാണ സെലിം യോധപുരരാജകുമാരിയുടെ ഗർഭത്തിൽ ജാതനായതു്. ഈ കാലത്തിന്നു് അധികംമുമ്പ് ആ രാജകുമാരിയുമായി അക്ബരുടെ വിവാഹം കഴിഞ്ഞിട്ടില്ലാത്ത സ്ഥിതിക്കു സെലീമിൻെറ ജനനം ഈ കാലത്തിന്നു് അധികംമുമ്പ് ആവാൻ തരമില്ല. ഹല്ദിഘട്ടത്തിലെ യുദ്ധം നടക്കുന്നതായ സംവത്സരം 1632-ന്നു ശരിയായ ക്രിസ്ത്വാബ്ദം 1575-ാമാണ്ടാണ്. ഈ യുദ്ധത്തിൽ നേതാവായിരുന്നതു സെലിംതന്നെയാണെന്നു മഹാനായ ടോഡ് (Todd) പറഞ്ഞിരിക്കുന്നു. ഏഴെട്ടു വയസ്സായ ഒരു കുട്ടി എങ്ങിനെയാണ യുദ്ധത്തിൽ നേതാവാകുന്നതെന്നു് അറിവാൻ കഴിയുന്നില്ല. ഹല്ദിഘട്ടത്തിലെ യുദ്ധം ക്രി. അ. 1582-ാമാണ്ടിലൊ അല്ലെങ്കിൽ വേറെ ഒരു കൊല്ലത്തിലൊ ആയിരിക്കേണമെന്നും അതല്ലാത്തപക്ഷം ഹല്ദിഘട്ടത്തിലെ പ്രഥമയുദ്ധത്തിൽ സെലിം ഉണ്ടായിരുന്നില്ലെന്നും ഇതിൽനിന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. ഒരു സമയം പത്തുപന്ത്രണ്ടുവയസ്സായപ്പോൾ പ്രതാപനുമായി പിന്നീടു യുദ്ധമുണ്ടായ സമയത്തു സെലിം ഉണ്ടായിരുന്നു എന്നു വന്നേയ്ക്കാം. ആയിനയി അക്ബറി മുതലായ ഗ്രന്ഥങ്ങളിൽനിന്നു് ഇതിനെപ്പററി സൂക്ഷ്മമായ ഒരു അറിവു നമുക്കു സിദ്ധിക്കുന്നില്ല. നി

ച്ചതിന്നു പക വീട്ടാനുള്ള വിചാരം മാനസിംഹൻെറ ഉള്ളിൽ ജ്വലിച്ചുകൊണ്ടിരുന്നു. പ്രതാപൻെറ അനുജനായ ശക്തസിംഹനും മൊഗളപക്ഷത്തിൽ ചേൎന്നിരുന്നു. മുസൽമാൻ മതത്തിൽ ചേൎന്ന സാഗരജിയുടെ പുത്രനായ മഹബത്ത്ഖാൻ പോരിൽ എതിരില്ലാത്തവനാണെന്നുള്ള കേളികേട്ടിരുന്നു. ആ പ്രസിദ്ധത വൎദ്ധിപ്പിക്കാനുള്ള ആശയോടുകൂടി അയാളും ജ്ഞാതിവിരുദ്ധമായ യുദ്ധത്തിന്നൊരുമ്പെട്ടു. വിഷംകൊണ്ടു വിഷം നശിപ്പിക്കേണമെന്നുള്ള വിചാരത്തോടുകൂടി അക്ബർ രാജപുത്രന്മാൎക്കെതിരായി രാജപുത്രന്മാരെത്തന്നെ യുദ്ധത്തിന്നു് അയച്ചു.

മൊഗളസൈന്യം പ്രതാപൻെറ സൈന്യത്തേക്കാൾ എത്രയോ അധികം വലുതായിരുന്നു. സൈന്യസംഖ്യ പ്ര

---

ജാമിയുടെ കബ്മാതായാ അക്ബറി എന്ന ഗ്രന്ഥത്തിലും വേദാവൃതിയുടെ മുത്താബാ ഉതതാരഖ എന്ന ഗ്രന്ഥത്തിലും ഈ യുദ്ധത്തിൽ മാനസിംഹനാണു സേനാപതിയായിരുന്നതെന്നു പ്രസ്താവിച്ചു കാണുന്നുണ്ടു് സെലിമിൻെറ പേരുകൂടി പറഞ്ഞുകാണുന്നില്ല. ചരിത്രകാരനായ ബദാവുനി താൻ തന്നെ ഈ യുദ്ധസ്ഥലത്തിലുണ്ടായിരുന്നു. ഈ യുദ്ധത്തെപ്പററി അയാൾ വിസ്തരിച്ചു എഴുതീട്ടുണ്ടു്. മാനസിംഹൻ തൻെറ ജയത്തെപ്പററി അക്ബൎക്ക അറിവുകൊടുത്തു എന്നും അക്ബർ മാനസിംഹനും അദ്ദേഹത്തിൻെറ കീഴിലുണ്ടായിരുന്ന പ്രഭുക്കന്മാൎക്കും സമ്മാനംകൊടുത്തു എന്നും പറയുന്നുണ്ടു്. ബദാവുനിയുടെ വിസ്തൃതവിവരണത്തിൽ സെലിമിൻെറ പേരുംകൂടി പറഞ്ഞു കാണുന്നില്ല (Badaum Vol. II, p. 228; Elliots History Vol. V p. 397; Elphinstone p. 506) രാജസ്ഥാനചരിത്രത്തെപ്പററി ടോഡ്സായ്വിൻെറപുസ്തകത്തോടു തുല്യഗൌരവമുള്ള മറെറാരു പുസ്തകവും ഇതുവരെ ആരുംപുറത്തു പുറപ്പെടീച്ചിട്ടില്ലാത്തതുകൊണ്ടു് ഇവിടെ അദ്ദേഹത്തെത്തന്നെ അനുസരിച്ചിരിക്കുന്നു.

താപനെ അറിയിക്കാതിരിക്കാൻവേണ്ടി മൊഗളന്മാർ തങ്ങളുടെ സൈന്യങ്ങളെ പല ദിക്കിലുമായി നിൎത്തി. എന്നാൽ ചാരന്മാർ മുഖാന്തരം സകല വിവരങ്ങളും അറിഞ്ഞിരുന്ന പ്രതാപന്റെ കണ്ണിൽ പൊടിയിടുന്നതു് അത്ര എളുപ്പമായ ഒരു കാൎയ്യമല്ല. വിശ്വസ്തന്മാരായ ചാരന്മാർ മുഖാന്തരം അദ്ദേഹം എല്ലായ്പോഴും സകല വൎത്തമാനങ്ങളും അറിഞ്ഞിരുന്നു. അദ്ദേഹം പൎവ്വതപ്രദേശം വിട്ടു സമനിരപ്പായ സ്ഥലത്തിൽ വന്നു തങ്ങളെ ആക്രമിക്കുമെന്നു മൊഗളന്മാർ വിചാരിച്ചിരുന്നു. എന്നാൽ പ്രതാപൻ അപ്രകാരം ചെയ്തില്ല. അദ്ദേഹത്തിന്റെ അകൃത്രിമമായ സ്വദേശഭക്തി കണ്ടു് ഏററവും ശുഷ്കഹൃദയന്മാൎക്കുകൂടി അദ്ദേഹത്തിന്റെ മേൽ പരിശുദ്ധമായ പ്രീതിയുണ്ടായി. ഇതു നിമിത്തം പല ദിക്കുകളിൽനിന്നും സൈന്യങ്ങൾ വന്നു ചേൎന്നു് അദ്ദേഹത്തിന്റെ സൈന്യത്തെ വൎദ്ധിപ്പിച്ചു. ഇനി കാലതാമസം നന്നല്ലന്നു വിചാരിച്ചു മാനസിംഹന്റെ ആലോചനപ്രകാരം മൊഗൾസൈന്യം യുദ്ധം തുടങ്ങി.

ശ്രാവണമാസം സപ്തമിദിവസം പവിത്രമായ ഹൽദിഘട്ടത്തിൽവെച്ചു മഹായുദ്ധം ഉണ്ടായി. സ്വദേശത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി രാജപുത്രസൈന്യം വാശിയോടും ധീരപരാക്രമത്തോടുംകൂടി യുദ്ധം ചെയ്തു. അടിക്കടിയുള്ള തിരമാലകളെന്നപോലെ രാജപുത്രസൈന്യം മൊഗളസൈന്യങ്ങളുടെ നേരെ അണഞ്ഞുതുടങ്ങി. സാമന്തവൎഗ്ഗം അവരവരുടെ ശൂരന്മാരായ അനുചരന്മാരോടുകൂടി ശത്രുസൈന്യത്തെ തകൎക്കാൻവേണ്ടി മുമ്പിട്ടു വന്നുതുടങ്ങി.

രാജപുത്രന്മാരുടെ സാഹസവും വീരത്വവും ആത്മത്യാഗവും കണ്ടു ശത്രുക്കൾ വിസ്മയിക്കുകയും നടുങ്ങുകയും ചെയ്തു. വില്ലും അമ്പും ധരിച്ച ഭീലന്മാർ പർവ്വതത്തിന്റെ മുകളിൽനിന്നും വൃക്ഷങ്ങളുടെ ഇടയിൽനിന്നും ശരവൃഷ്ടി ചെയ്തു. ചിലപ്പോൾ വലിയ കല്ലുകൾ എടുത്തെറിഞ്ഞ് അനേകം തുർക്കികളുടെ തലകൾ തകർത്തുകളഞ്ഞു. പല സ്ഥലങ്ങളിലും മുമ്പോട്ടുപോകുന്നതു മൊഗളസൈന്യങ്ങൾക്കും വളരെ കഷ്ടപ്പാടായിത്തീർന്നു. പ്രാണരക്ഷയ്ക്കും ദേശരക്ഷയ്ക്കും തങ്ങളുടെ ജാതിധർമ്മരക്ഷയ്ക്കുംവേണ്ടിയാണ് രാജപുത്രന്മാർ യുദ്ധം ചെയ്തതു്. പ്രതിക്രിയയ്ക്കും രാജ്യവിസ്താരത്തിനുംവേണ്ടിയും അന്യന്റെ സ്വത്തു് അപഹരിക്കാൻവേണ്ടിയുമാണു മൊഗളന്മാർ യുദ്ധംചെയ്തതു്. പ്രാണൻകളയാൻ ഒരുങ്ങിയ സ്വദേശഭക്തന്മാരോടു യുദ്ധം ചെയ്യുന്നതു അന്യരാജ്യശോഭികളായവർക്കു വളരെ കഷ്ടതരമാവാതിരിക്കാൻ തരമില്ലാത്തതാണ്.

ഈ ഭയങ്കരയുദ്ധത്തിൽ പ്രതാപൻ സ്വസ്ഥനായിരുന്നില്ല. അദ്ദേഹം നീലനിറത്തിലുള്ള ചൈതകമെന്നുപേരായ തന്റെ കുതിരപ്പുറത്തുകയറി മദിച്ച ആനയെപ്പോലെ മഹാപരാക്രമത്തോടുകൂടി യുദ്ധംചെയ്തു. മഹാറാണന്റെ വീര്യവൈഭവംകണ്ടു വീരഭൂമിയിലെ വീരഭടന്മാർക്കു് ഉത്സാഹവും വാശിയും വർദ്ധിച്ചുവന്നു. രാജപുത്രകുലദൂഷകനായ മാനസിംഹനെ ആരാഞ്ഞുംകൊണ്ടു പ്രതാപൻ പോർക്കളത്തിൽ അങ്ങുമിങ്ങും സഞ്ചരിച്ചുകൊണ്ടിരുന്നു. അദ്ദേഹം രണ്ടുപ്രാവശ്യം ശത്രുസൈന്യത്തിന്റെ ഇടയിൽ പ്രവേശിച്ചു. നല്ല തഴക്കമുള്ള തന്റെ കയ്യിലെ മൂർച്ച

യുള്ള വാളുകൊണ്ടു് അനേകം ശത്രുക്കളെ യമപുരിക്കയെച്ചു. എങ്കിലും മാനസിംഹനെ കണ്ടുകിട്ടിയില്ല. പോൎക്കളത്തിൽ വെച്ചുകണ്ടാൽ മാത്രമേ തനിക്കു സന്തോഷമുള്ളു എന്നു മാനസിംഹനോടു മുമ്പൊരിക്കൽ പ്രതാപൻ പറഞ്ഞിട്ടുണ്ടായിരുന്നു. എന്നാൽ അതു് അദ്ദേഹത്തിന്നു സാധിച്ചില്ല. ഈ സമയത്തു് ആ ഗൎവ്വിഷ്ഠനായ മാനസിംഹൻ സംഹാരമൂൎത്തിയെപ്പോലെ യുദ്ധംചെയ്യുന്ന പ്രതാപൻെറ കുറെ ദൂരത്തായി അനേകം രക്ഷിവൎഗ്ഗത്താൽ ചുററപ്പെട്ടവനായി ആത്മരക്ഷ ചെയ്യുിരുന്നു. മററൊരുദിക്കിൽ പ്രതാപൻ അദ്ദേഹത്തെ തിരഞ്ഞുംകൊണ്ടുതന്നെ അസംഖ്യം ശത്രുക്കളാൽ ചുററപ്പെട്ടവനായി വലിയ ആപത്തിലകപ്പെട്ടു. എന്നാൽ റാഠോര, ചൌഹാന, ചന്ദായത്തു്, ജഗായത്തു മുതലായ ധീരന്മാർ സ്വസ്ഥന്മാരായിരുന്നില്ല. അനേക രാജപുത്രവീരന്മാർ തങ്ങളുടെ പ്രഭുവിന്നുവേണ്ടി പ്രാണൻ കളഞ്ഞു രണ്ടുപ്രാവശ്യം പ്രതാപനെ ആപത്തിൽനിന്നു രക്ഷപ്പെടുത്തി മീവാരഗൌരവത്തെ കുറവുകൂടാതെ നിലനിൎത്തി.

ക്രുദ്ധനായ പ്രതാപൻ ഉന്മത്തൻെറ നിലയിലായിരിക്കുന്നു. അദ്ദേഹം മൂന്നാംപ്രാവശ്യം സെലിം ആനപ്പുറത്തു കയറിയിരിക്കുന്ന സ്ഥലത്തേക്കു തൻെറ കുതിരയെ ഓടിച്ചു. യുവരാജാവിനെ രക്ഷിക്കാൻവേണ്ടി നാലുഭാഗത്തുനിന്നും മൊഗളസൈന്യങ്ങൾ ഒത്തുകൂടുകയും ഉഗ്രഭാവത്തോടുകൂടി പ്രതാപൻെറ നേരെ എതിൎക്കുകയും ചെയ്തു. അദ്ദേഹം അവരുടെ ആക്രമത്തെ വകവെച്ചില്ല. അദ്ദേഹത്തിൻെറ പ്രതിജ്ഞ ഇളക്കമില്ലാത്തതാ

യിരുന്നു. സ്വദേശത്തിന്നുവേണ്ടിയുള്ള ഈ ഭയങ്കരയുദ്ധത്തിൽ തന്റെ പ്രാണൻ കളയേണമെന്നായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം. അദ്ദേഹം ദൂരത്തുനിന്നു മൂച്ചുകൂട്ടിയ കുന്തംകൊണ്ടു സെലിമിന്റെ നേരെ എറിഞ്ഞു. ദൈവയോഗത്താൽ അതു ലോഹമയമായ അമ്പാരിയിൽ കൊണ്ടതേയുള്ളൂ. പ്രതാപന്റെ കുതിര അദ്ദേഹത്തിന്നൊത്ത വാഹനമായിരുന്നു. അതു ശത്രുസൈന്യത്തെ മട്ടിച്ചുംകൊണ്ടു പ്രഭുവിനോടുകൂടി പാഞ്ഞുതുടങ്ങി. ഒടുവിൽ സെലിമിന്റെ രക്ഷിവൎഗ്ഗത്തിൽപ്പെട്ട മിക്കവരും പ്രതാപന്റെ വാളിന്നിരയായിത്തീൎന്നു. പ്രതാപൻ സെലിമിന്റെ അടുത്തെത്തി. ഉശിരുള്ള ചൈതകം ആനയുടെ മസ്തകത്തിൽ മുൻകാലുകൾ എടുത്തുവെച്ചു. പ്രതാപൻ ഒരു വെട്ടുകൊണ്ടു് ആനക്കാരനെ കൊന്നു. ആനക്കാരൻ ഇല്ലാത്ത ആന യുവരാജാവിനേയുംകൊണ്ടു് ഓടിപ്പോയി. ഭാരതവൎഷത്തിന്റെ ഭാവിചക്രവൎത്തിയായ സെലിം ദൈവബലത്താൽ വീണ്ടും രക്ഷപ്പെട്ടു.

യുവരാജാവിന്നു നേരിടാൻ പോകുന്ന ആപത്തിനെ കണ്ടു മൊഗളസൈന്യം തിരമാലകളെപ്പോലെ യുവരാജാവിന്റെ സമീപത്തു വന്നണഞ്ഞു. ആ സമയത്തു സ്വാമിഭക്തന്മാരായ രാജപുത്രവീരന്മാരും പ്രതാപന്റെ ജീവരക്ഷചെയ്യാൻവേണ്ടി അവിടെ ബദ്ധപ്പെട്ടുവന്നു. ആ സ്ഥലത്തുവെച്ചു ഭയങ്കരയുദ്ധം നടന്നു. പ്രതാപൻ ഇടവിടാതെ യുദ്ധംചെയ്തു വളരെ ശത്രുക്കളെ കൊന്നുവീഴ്ത്തി. രാജപുത്രന്മാർ മൊഗളന്മാരേയും മൊഗള

ന്മാർ രാജപുത്രന്മാരേയും കൊന്നു നിലത്തു വീഴ്ത്തിത്തുട ങ്ങി. ക്രമത്തിൽ കുന്നുപോലെ കൂടിയ ശവശരീരങ്ങൾകൊണ്ടു് ആ സ്ഥലം ഭയങ്കരരൂപമായിത്തീൎന്നു. ഇത്തവണ പ്രതാപൻ രക്ഷപ്പെടുമെന്നു വിചാരിക്കാൻ മാൎഗ്ഗമില്ലാതായി. പകൽ മുഴുവനും യുദ്ധം ചെയ്യുകകൊണ്ടു് അദ്ദേഹം തളൎന്നവശായി. വിശേഷിച്ചു് ഇതിന്നുമുമ്പിൽ അദ്ദേഹത്തിൻെറ ദേഹത്തിൽ കുന്തമേററിട്ടു മൂന്നു മുറിയും വാളേററു മൂന്നു മുറിയും വെടികൊണ്ടു് ഒരു മുറിയും പററിട്ടുണ്ടായിരുന്നു. ഈ ഏഴു മുറികളിൽനിന്നു ചോര ധാരമുറിയാതെ ഒഴുകിക്കൊണ്ടിരുന്നു. ഈ സമയത്തിന്നുള്ളിൽ പ്രധാനികളായ രാജപുത്രന്മാരെല്ലാം യുദ്ധത്തിൽ മരിക്കുകയും രാജപുത്രസൈന്യം ബലഹീനമായിത്തീരുകയും ചെയ്തു. പ്രതാപൻ രക്ഷപ്പെടുമെന്നു് ആശയ്ക്കുകൂടി വഴിയില്ലാതായി.

ദൈലയോയാര അധിപതിയും വീരാഗ്രേസരനുമായ മാന്ന ഇതെല്ലാം ദൂരത്തുനിന്നു കണ്ടു. അദ്ദേഹം തൻെറ പ്രാണൻ കളഞ്ഞിട്ടും മഹാറാണനെ രക്ഷിക്കുമെന്നു ശപഥം ചെയ്തു തൻെറ സൈന്യത്തോടുകൂടി മുന്നോട്ടു ചെന്നു. പ്രതാപൻ പിന്തിരിഞ്ഞു നോക്കിയപ്പോൾ രാജപുത്രസൈന്യം വീൎയ്യപരാക്രമത്തോടും ജയശബ്ദത്തോടും കൂടി ശത്രുസൈന്യത്തെ ആക്രമിക്കുന്നതുകണ്ടു. ക്ഷണനേരത്തിന്നുള്ളിൽ രാജപുത്ര രാജചിഹ്നമായ വെൺകൊററക്കൊട മാന്നൻെറ തലയ്ക്കുമീതെ ശോഭിച്ചുതുടങ്ങി. രജപുത്രന്മാരുടെ ചുവന്ന കൊടിക്കൂറ ഝാലാവൎഗ്ഗക്കാരുടെ മുമ്പിൽ പറന്നുതുടങ്ങി. ഒരു നിമിഷത്തിന്നുള്ളിൽ ഈ അ

ത്തുതകൃത്യം നടന്നുകഴിഞ്ഞു. മൊഗളന്മാർ മാന്നനെ മഹാറാണനാണെന്നു വിശ്വസിച്ച് അദ്ദേഹത്തിനെ കൊല്ലാൻവേണ്ടി പ്രതാപനെ വിട്ടു ആ ദിക്കിലേയ്ക്കു തിരിച്ചു. പ്രതാപൻ ഇപ്രകാരം രക്ഷപ്പെട്ടു. തന്നെ രക്ഷിക്കാൻവേണ്ടി മാന്ന അയാളുടെ ജീവനെ ബലികഴിച്ചതും അയാളുടെ അനുചരന്മാരിലൊരുവനെങ്കിലും ജീവനോടുകൂടി പോക്ലും വിട്ടുപോകാതിരുന്നതും പ്രതാപൻ ദൂരത്തിൽനിന്നു കണ്ടു. * മഹാനുഭാവനാം മാന്നൻെറ ഈ ആത്മത്യാഗം രാജസ്ഥാനത്തിലെ വീരഗാഥകൾകൊണ്ടു ചിരസ്മരണീയമാക്കിത്തീത്തിരിക്കുന്നു.

നേരം സന്ധ്യയായതു പ്രതാപൻ കണ്ടു. രാജപുത്രസൈന്യത്തിൽ മിക്കവരും മരിച്ചു. * ജയത്തിനുള്ള

---

* പ്രതാപൻ മാന്നൻെറ ആത്മത്യാഗത്തെ ഒരിക്കലും മറന്നുകളഞ്ഞില്ല. ആ ദിവസം മുതല്ക്കു മീവാരരാജ്യത്തിലെ കൊടിക്കൂറ വഹിക്കാനുള്ള അധികാരം ഝാലാംകുലത്തിന്നു കൊടുത്തു, സദ്രിദേശം അവക്കു ശാശ്വതമായി അനുഭവിക്കാൻ കൊടുത്തു. അവർ രാജധാനിയിൽനിന്നുപുറപ്പെട്ടു ഗോപുരദ്വാരത്തിലെത്തുന്നതുവരെ വാദ്യഘോഷം കൂട്ടേണമെന്നുള്ള നിർബ്ബന്ധന ചെയ്തു അവരുടെ പദവി വദ്ധിപ്പിച്ചു.

* ഹല്ദിഘട്ടത്തിലെ ഭയങ്കരയുദ്ധത്തിൽ 42000 രാജപുത്രന്മാരുണ്ടായിരുന്നതിൽ 14000 പേർ മരിച്ചു. ഇതിൽ പ്രതാപൻെറ സ്വന്തം ആൾക്കാരായി 1500 പേർ ഉണ്ടായിരുന്നു. ഗോയാലിയ അധിപനായ രാമസാഹ രാജ്യഭ്രഷ്ടനായി പ്രതാപനെ ആശ്രയിച്ചു കഴിച്ചിരുന്നു അദ്ദേഹവും അദ്ദേഹത്തിൻെറ മകൻ ഖണ്ഡിരായനും തുയാരവംശക്കാരായ 750 പേരും ഈ യുദ്ധത്തിൽ മരിച്ചു. ഝാലാതിപതി 150 അനുചരന്മാരോടുകൂടി മരണം പ്രാപിച്ചു. ഈ യുദ്ധത്തിൻെറ ഫലം മീവാരപരിവാരങ്ങൾക്കാണു പ്രത്യേകം വ്യസനത്തിന്നിടയാക്കിത്തീത്തതു്.

ആശയ്ക്കു് ഒരു വഴിയും ഉണ്ടായില്ല. പിന്നെ അത്യാവശ്യമായ കല്പനകൾ കൊടുത്തു് അദ്ദേഹം വ്യഥിതമനസ്സോടും തളൎന്ന ദേഹത്തോടുംകൂടി പോക്കളം വിട്ടുപോയി. ഹല്ദിഘട്ടത്തിലെ യുദ്ധവും അവസാനിച്ചു. മാനസിംഹൻെറ അനുഗ്രഹവും പൂൎത്തിയായി. മൊഗളന്മാർ ജയോന്മത്തന്മാരായി ജയഭേരി അടിച്ചു. എന്നാൽ ഹല്ദിഘട്ടത്തിലെ യുദ്ധഫലം രാജപുത്രന്മാരെ സംബന്ധിച്ചേടത്തോളം ജയമോ തോൽമയോ എന്നു പറവാൻ ഞെരുക്കമാണു. ഗൌരവവൃത്തിയും അനശ്വരപ്രസിദ്ധിയും ആണു ജയത്തിൻെറ അടയാളമെങ്കിൽ ഹല്ദിഘട്ടത്തിൽ രാജപുത്രന്മാൎക്കു തോൽമയാണെന്നു പറവാൻ പാടില്ല. ഗ്രീസ്സുരാജ്യത്തിലുള്ള തൎമ്മോപ്പലി മലയിടുക്കിൽവെച്ചു മഹാവീരനായ ലിയോനിദാസ് അദ്ദേഹത്തിൻെറ കീഴിലുണ്ടായിരുന്ന മുന്നൂറു നവഭടന്മാരും പാരസ്യരാജാവിൻെറ മഹത്തായ സൈന്യത്തോടെതിൎത്തു് ആത്മബലി കഴിച്ചു, ലോകോത്തരമായ അനശ്വരയശസ്സു സമ്പാദിച്ചു. ആ വിധത്തിൽതന്നെ ഹല്ദിഘട്ടത്തിലെ മലയിടുക്കിൽ വെച്ചു പതിനാലായിരം രാജപുത്രവീരന്മാർ അമാനുഷികവീൎയ്യത്തിൻെറയും ആത്മത്യാഗത്തിൻെറയും ഉജ്ജ്വലദൃഷ്ടാന്തത്തെ പ്രദൎശിപ്പിച്ചു് അനശ്വരമായ കീൎത്തി സമ്പാദിച്ചു.

പത്താം അദ്ധ്യായം.

---

## ശക്തസിംഹൻ

പ്രതാപൻ യുദ്ധസ്ഥലം വിട്ട് ഏകാകിയായി കമല മീരത്തിലേയ്ക്കു പുറപ്പെട്ടു. അതു ദൂരത്തുനിന്നു കണ്ട രണ്ടു മൊഗളഭടന്മാർ അദ്ദേഹത്തിനെ പിന്തുടൎന്നു. മഹാവീരനായ പ്രതാപനെ കൊല്ലുന്നവൎക്ക് ഒരു വലിയ സമ്മാനം കൊടുക്കാമെന്നു മൊഗളസൎക്കാരിൽനിന്നു നിശ്ചയം ചെയ്തിരുന്നു എന്നു പറയേണ്ടതില്ലല്ലോ. പ്രതാപൻ മുറികളേററു ക്ഷീണിച്ചിരിക്കുന്നു. അതുകൊണ്ടും യുദ്ധഫലത്തേയും സ്വദേശത്തിന്റെ പരിണാമാവസ്ഥയേയും ഓൎത്തും അദ്ദേഹത്തിന്നു വളരെ മനോവേദനയും ഉണ്ടായി. അദ്ദേഹത്തിന്റെ ദേഹത്തിനും മനസ്സിനും ഒരുപോലെ വിശ്രമം അത്യാവശ്യമായിരുന്നു. യുദ്ധത്തിൽ കഠിനമായ മുറികൾ ഏററിരുന്നിട്ടുകൂടി ചൈതകം പ്രതാപനെ ഏററികൊണ്ടു പായുകയും ഒരു ചോലയെ ഒരു ചാട്ടംകൊണ്ടു ചാടിക്കടന്നു പ്രതാപനെ പിന്തുടരുന്നവരുടെ കയ്യിൽനിന്ന് അദ്ദേഹത്തെ രക്ഷപ്പെടുത്തുകയും ചെയ്തു. അവരുടെ കുതിരകൾക്ക് ആ ചോല ചാടിക്കടക്കാൻ സാധിക്കാത്തതുകൊണ്ടാണ് അദ്ദേഹം രക്ഷപ്പെട്ടത്. പിന്നെ കുറച്ചു ദൂരം പോയപ്പോൾ "ഹേ! നീലക്കുതിരയെ നിൎത്തൂ" എന്നിങ്ങനെ പിൻഭാഗത്തുനിന്ന് ആരോ വിളിച്ചുപറയുന്നതു പ്രതാപനു കേൾക്കാറായി. അദ്ദേഹം കുതിരയെ നിൎത്തി. ഒ

രാൾ കുതിരപ്പുറത്തു കയറി തൻെറ നേരെ വരികയായിരുന്നു. പ്രതാപന്നു് ആളെ മനസ്സിലായി. അയാൾ തൻെറ അനുജനായ ശക്തസിംഹനായിരുന്നു.

ശക്തസിംഹൻ ജ്യേഷ്ഠൻെറ നേരെയുള്ള ദ്വേഷം നിമിത്തം മൊഗളപക്ഷത്തിൽ ചേൎന്നു സ്വദേശശത്രുവായിത്തീൎന്നിരുന്നു. ഹല്ദിഘട്ടത്തിലേയ്ക്കു് അയാളും വന്നിട്ടുണ്ടായിരുന്നു. അവിടെ വെച്ചു ജ്യേഷ്ഠൻെറ അസാധാരണവീരത്വം കണ്ടു് അയാൾക്കു പ്രതാപൻെറ നേരെ അളവററ ഭക്തിയും ബഹുമാനവും ഉണ്ടായി. രണ്ടു മൊഗളഭടന്മാർ രണശ്രാന്തനായ തൻെറ ജ്യേഷ്ഠനെ പിന്തുടരുന്നതു കണ്ടപ്പോൾ ജ്യേഷ്ഠൻെറ നേരെയുണ്ടായിരുന്ന വൈരം മുഴുവനും അയാൾ മറന്നുകളഞ്ഞു. സഹോദരസ്നേഹം അയാളുടെ ഹൃദയത്തിൽ നിറഞ്ഞു വഴിഞ്ഞുതുടങ്ങി. അയാൾക്കു സ്വസ്ഥനായി നില്ക്കാൻ കഴിഞ്ഞില്ല. ജ്യേഷ്ഠൻെറ ജീവരക്ഷ ചെയ്യാനായി മുതിൎന്നു് അയാൾ കുതിരയെ ഓടിച്ചു. തൻെറ കുന്തംകൊണ്ടു് അയാൾ ആ രണ്ടു മൊഗളഭടന്മാരേയും കുത്തിക്കൊന്നു. പിന്നെ അയാൾ പ്രതാപനെ വിളിച്ചു രണ്ടു സോദരന്മാരും ഒന്നിച്ചുകൂടി. ഭക്തിയും സ്നേഹവും വഴിഞ്ഞൊഴുകുന്ന ഹൃദയത്തോടുകൂടി ശക്തസിംഹൻ ജ്യേഷ്ഠൻെറ പാദങ്ങളിൽ വന്ദിച്ചു തൻെറ പൂൎവ്വാപരാധത്തെ ക്ഷമിക്കേണമെന്നു കണ്ണിൽ വെള്ളം നിറച്ചുകൊണ്ടു ജ്യേഷ്ഠനോടു് അപേക്ഷിച്ചു. ഈ സമ്മേളനത്തിൽ പ്രതാപൻ ഹല്ദിഘട്ടത്തിലുണ്ടായ തോൽമയെ ക്ഷണനേരം മറന്നു കളഞ്ഞു. അദ്ദേഹത്തിൻെറ മനസ്സിൽ ന്നു അഭൂതപൂൎവ്വമായ ഒരു ആനന്ദരസം ഉണ്ടായി. പകൽ

സമയത്തു ഹല്ദിഘട്ടത്തിൽവെച്ചു മൊഗളന്മാർ ജയം നേടി. സന്ധ്യാസമയത്തു ഗിരിപഥത്തിൽ വെച്ച ഭ്രാതൃസ്നേഹവും ജയം നേടി.

എന്നാൽ ഒരു ദുരദൃഷ്ടമായ യദൃച്ഛാസംഭവം ഈ ആനന്ദമയമായ സമ്മേളനത്തെ നിരാനന്ദമാക്കിത്തീൎത്തു. പ്രതാപന്റെ പ്രേമഭാജനവും പോൎക്കളത്തിലും മലയിടുക്കിലും വെച്ച് അദ്ദേഹത്തിന്റെ ജീവരക്ഷ ചെയ്യുന്നമായ കുതിര പകൽ മുഴുവനും ഉണ്ടായ യുദ്ധംകൊണ്ടു വളരെ ക്ഷീണിച്ചു തളൎന്നിരുന്നു. തന്റെ യജമാനനെപ്പോലെ തന്നെ അതിന്നും പല മുറിവുകളും ഏററിരുന്നതുകൊണ്ട് അതിന്റെ സൎവ്വാംഗവും തളൎന്നിരുന്നു. ജ്യേഷ്ഠാനുജന്മാർ തമ്മിൽ സല്ലാപം ചെയ്യുകൊണ്ടിരുന്നതിന്നിടയിൽ നിലത്തു കിടന്നിരുന്ന ചൈതകത്തിന്റെ പ്രാണനും പോയി. സ്വാമിഭക്തിയുള്ള ആ പടക്കുതിരയുടെ മരണം കണ്ടിട്ടു കണ്ണീർ പൊഴിക്കാതിരിപ്പാൻ പ്രതാപന്ന് ഒട്ടുംതന്നെ കഴിഞ്ഞില്ല. ഇപ്പോഴത്തെ ഝാലോരിന്നു സമീപമായി ചൈതകത്തിന്റെ പ്രാണൻ പോയ സ്ഥലത്തു പ്രതാപന്റെ കല്പനപ്രകാരം പൊക്കത്തിലുള്ള ഒരുതിണ്ണ നിൎമ്മിക്കപ്പെട്ടു. ഇതിന്നു ഇപ്പോഴും "ചൈതക്കാചാബുത്രാ" എന്ന പേർ പറയപ്പെടുന്നു. മിവാരത്തിൽ പ്രതാപന്റെ ചിത്രം ഉള്ള വീടുകളിലെല്ലാം ചൈതകത്തിന്റെ ചിത്രവും കാണാവുന്നതാണ്.

സെലിം എന്തു വിചാരിക്കുമോ എന്നു ശങ്കിച്ചു ശക്തന് അധികനേരം അവിടെ താമസിക്കാൻ കഴിഞ്ഞില്ല. അയാൾ തന്റെ സ്വന്തം കുതിരയെ പ്രതാപന്നു കൊ

ട്ടത്തു് അദ്ദേഹത്തിനെ നമസ്കരിച്ച് അവിടെ നിന്നു പോയി. തക്ക അവസരം കിട്ടിയാൽ ഉടനെ ജ്യേഷ്ഠൻെറ അടുക്കൽ ചെന്നുകൊള്ളാമെന്നു് അയാൾ പോകുമ്പോൾ പറയുകയും ചെയ്തു.

ശക്തസിംഹൻ വഴിയിൽ വെച്ച കൊന്ന രണ്ടു മൊഗളഭടന്മാരിൽ ഒരുത്തൻ ഖൊറാസാന ദിക്കുകാരനും മറേറവൻ മൂലതാന ദേശക്കാരനും ആയിരുന്നു. ശക്തൻ സെലിമിൻെറ സ്വന്തപരിവാരങ്ങളിൽ ഒരുവനായിരുന്നു. അയാൾ ഖൊറാസാന ദിക്കുകാരൻെറ കുതിരപ്പുറത്തു കയറി മടങ്ങിച്ചെന്നപ്പോൾ സെലിമിന്നു സംശയം തോന്നുകയും അതിൻെറ കാരണം ചോദിക്കയും ചെയ്തു. സത്യം പറഞ്ഞാൽ സെലിമിന്നു് അപ്രിയമാവുമെന്നും അതു പറയിക്കാതിരിക്കുന്നതാണു നല്ലതെന്നും ശക്തൻ പറഞ്ഞു. സത്യം പറയുന്നതുകൊണ്ടു യാതൊരു ദോഷവും നേരിടുന്നതല്ലെന്നു സെലിം വാക്കു കൊടുത്തപ്പോൾ ശക്തൻ ഉണ്ടായ സംഗതികളെല്ലാം തുറന്നു പറഞ്ഞു. "യുവരാജാവേ! ഒരു വലിയ രാജ്യത്തിൻെറ സകല ഭാരങ്ങളും എററിരിക്കുന്ന എൻെറ ജ്യേഷ്ഠനു് ആപത്തുകൾ വരുമ്പോൾ ഞാൻ എങ്ങിനെ മൌനമായിരിക്കും? ഞാൻ തന്നെയാണു് ആ രണ്ടു മൊഗളഭടന്മാരേയും കൊന്നതു്. ജ്യേഷ്ഠൻെറ കുതിര ചത്തുപോയതുകൊണ്ടു ഞാൻ എൻെറ കുതിരയെ ജ്യേഷ്ഠനു കൊടുക്കുകയും ഖൊറാസാനക്കാരൻെറ കുതിരപ്പുറത്തു കയറി മടങ്ങിപ്പോരികയും ചെയ്തു.'

സെലിം കുറച്ചുനേരം സ്തബ്ധനായി നിന്നതിൻെറ ശേഷം പറഞ്ഞു: 'ഞാൻ തനിക്കു മാപ്പു തന്നിരിക്കുന്നു.

എന്നാൽ ഇന്നുമുതല്ക്ക തന്നെ ഇവിടെ കാണരുതു്. താൻ ഇപ്പോഠംത്തന്നെ ഇവിടംവിട്ടു പോകേണം'

സന്തോഷഭരിതനായ ശക്തൻ സെലിമിനെ യഥായോഗ്യം ആചാരോപചാരങ്ങഠം ചെയ്തു തൻെറ പരിവാരങ്ങളോടുകൂടി അവിടംവിട്ടു പോയി. അയാഠംക്കു നല്ല കാലം തിരിച്ചുവന്നു. സെലിം അയാളെ പറഞ്ഞയച്ചതിൽ ഒരു പരമബന്ധുവിനെപ്പോലെയാണു പ്രവത്തിച്ചതു്. അനത്ഥകരവും നിന്ദ്യവുമായ ഭ്രാതൃദ്വേഷത്തിന്നു് അധീനനായിട്ടു ശക്തൻ സ്വദേശദ്രോഹിയായിത്തീന്നിരുന്നു. രാജപുത്രന്മാരുടെ നീതിശാസ്ത്രപ്രകാരം സ്വദേശദ്രോഹംപോലെ വലുതായ പാപംമറെറാന്നില്ല. ഈ പാപത്തിൽനിന്നു മോചനം കിട്ടാനുള്ള ആശയോടുകൂടി ശക്തൻ സസന്തോഷം മൊഗളപക്ഷത്തെ ഉപേക്ഷിച്ചു. മഹാറാണനായ തൻെറ ജ്യേഷ്ഠനെ തിരികെ ചെന്നു കാണുന്ന സമയം അദ്ദേഹത്തിന്നു തക്കതായ ഒരു കാഴ്ച വെയ്ക്കേണമെന്നു ശക്തനു് ആഗ്രഹം ഉണ്ടായി. വഴിക്കുവെച്ചു് അയാഠം തൻെറ പരിവാരങ്ങളുടെ സഹായത്തോടുകൂടി ഭായിൽസ്രോരക്കോട്ട ആക്രമിച്ചു പിടിച്ചടക്കി. പിന്നെ ഉദയപുരത്തിൽ ചെന്നു താൻ പിടിച്ചടക്കിയ കോട്ടയെ പ്രതാപനു കാഴ്ചയായി കൊടുത്തു. തൻെറ അനുജൻെറ വീരോചിതമായ പ്രവൃത്തികണ്ടു സന്തോഷിച്ചു പ്രതാപൻ ശക്തൻെറ സന്തതികഠംക്കു പരമ്പരയായി അനുഭവിക്കാൻവേണ്ടി ആ കോട്ടയെ അയാഠംക്കുതന്നെ തിരികെ കൊടുത്തു. അന്നു

മുതല്ക്ക് ആ മനോഹരമായ കോട്ട ശക്തന്റെ വംശക്കാരുടെ വാസസ്ഥലമായിത്തീൎന്നു.

ഈ സഹോദരന്മാരുടെ അമ്മ ശക്തനെയാണ് അധികം സ്നേഹിച്ചിരുന്നതു്. ശക്തൻ ഭായിൽസ്രോരക്കോട്ടയിൽ താമസം തുടങ്ങിയപ്പോൾ അമ്മ അവിടേയ്ക്കു പോവുകയും മകന്റെ കുടുംബഭാരങ്ങളേറവ നടത്തുകയും ചെയ്തു. ശക്തൻ ഒന്നിച്ചുകൂടിയപ്പോൾ പ്രതാപന്റെ ബലം ഇരട്ടിച്ചു. ചന്ദായത്തു വൎഗ്ഗക്കാരെപ്പോലെ ശക്തായത്തു വൎഗ്ഗക്കാൎക്കും രാജസദസ്സിൽ പ്രാധാന്യം ലഭിച്ചു. ഖൊറാസാന, മൂലതാന ദിക്കുകാരായ രണ്ടു ഭടന്മാരെ കൊന്നു ജ്യേഷ്ഠന്റെ ജീവരക്ഷ ചെയ്തുകൊണ്ടു ശക്തന്റെ വംശക്കാൎക്കെല്ലാം 'ഖൊറാസാനി മൂലതാനികാ അൎഗ്ഗള' എന്ന പേർ സിദ്ധിച്ചു.

—*—

## പതിനൊന്നാം അദ്ധ്യായം.

## കഠോരപരീക്ഷ.

വൎഷാരംഭത്തിലാണു ഹല് ദിഘട്ടത്തിൽ വെച്ചു യുദ്ധമുണ്ടായതു്. മഴ ക്രമത്തിൽ വൎദ്ധിച്ചുതുടങ്ങി. അഹോരാത്രം മഴ കോരിച്ചൊരിഞ്ഞതുകൊണ്ടു പൎവ്വതപ്രദേശങ്ങൾ ദുൎഗ്ഗമങ്ങളായിത്തീൎന്നു. ജയോന്മത്തനായ സെലിമിനു് അവിടെ താമസിക്കാൻ പാടില്ലാത്തതായതുകൊണ്ടു് അയാൾ അവിടംവിട്ടുപോയി. പ്രതാപന്നു കുറച്ചുമാസകാലം മനസ്സമാധാനത്തോടുകൂടി വിശ്രമിക്കാനുള്ള

അവസരം കിട്ടി. എന്നാൽ മൊഗിളശത്രുക്കൾ മടങ്ങി വരാതിരുന്നില്ല. വസന്താരംഭത്തിൽ അവർ വീണ്ടും യുദ്ധത്തിന്നൊരുങ്ങിവന്നു. പ്രതാപൻ അവരെ തടുക്കാൻ വേണ്ടി ഗിരിപഥത്തിൽ സൈന്യത്തെ നിൎത്തി. മാഘമാസത്തിൽ ഒരു യുദ്ധം ഉണ്ടായി. അതിലും പ്രതാപൻ തോല്ക്കുകയും തൻെറ സൈന്യത്തോടുകൂടി അദ്ദേഹം കമലമീരത്തിലേയ്ക്കു തിരിക്കുകയും ചെയ്തു. അപ്പോൾ മൊഗളസേനാധിപനായ സാഹാബാജഖാൻ ആ കോട്ടയെ വളഞ്ഞു. പ്രതാപൻ വളരെ ദിവസം വീൎയ്യപരാക്രമങ്ങളോടുകൂടി ആ കോട്ടയെ രക്ഷിച്ചു എങ്കിലും അദ്ദേഹത്തിൻെറ കാലക്കേട്ട് അവസാനിച്ചില്ല. വേനല്ക്കാലമായതോടുകൂടി ആ കോട്ടയിൽ വെള്ളത്തിന്നു ക്ഷാമമായി. അതുകൊണ്ട് അദ്ദേഹത്തിന്ന് ആ സ്ഥലം വിട്ടുപോകേണ്ടതായിവന്നു.

കോട്ട ഉയൎന്ന ദിക്കിലായിരുന്നതുകൊണ്ട് അവിടെ താമസിക്കാൻ ഒരു പ്രധാന അസൌകൎയ്യം വെള്ളത്തിൻെറ ക്ഷാമമായിരുന്നു. വേനല്ക്കാലത്തു വെള്ളത്തിന്നുള്ള ക്ഷാമം കലശലായിരുന്നു. കമലമീരത്തിൽ 'നഗ്ഗുണ' എന്നു പേരായി ഒരു വിശേഷപ്പെട്ട കിണറുണ്ടായിരുന്നു. അതിലുള്ള വെള്ളമാണു കോട്ടയിലുള്ളവൎക്ക് ആധാരമായിരുന്നതു്. ഈ അവസരത്തിൽ ആബു പൎവ്വതത്തിലെ അധിപതിയും ബലഹീനനുമായ ദേവരാജൻ മൊഗളപക്ഷത്തിൽ ചേൎന്നിരുന്നു. അദ്ദേഹം ഈ കിണറിൻെറ വിവരം മൊഗളന്മാൎക്കു മനസ്സിലാക്കിക്കൊടുത്തു. അപ്പോൾ മൊഗളന്മാർ ഓരോ കൃത്രിമങ്ങൾ ചെയ്തു് അതി

ലുള്ള വെള്ളം വററിച്ചുകളഞ്ഞു. അപ്പോഠം പ്രതാപൻ കോട്ടയെ രക്ഷിക്കാനുള്ള ഭാരം ശോണിഗുരു പ്രഭുവിനെ ഏല്പിച്ചു സൈന്യത്തിൻെറ അധികഭാഗത്തോടുകൂടി കമലമീരം വിട്ടുപോയി. വീരനായ ശോണിഗുരു തൻെറ അവസാനംവരെ കോട്ടയെ രക്ഷിച്ചു പോൎക്കളത്തിൽ പ്രാണൻ കളഞ്ഞു. ഏതൊരു ചാരണദേവൻെറ അമൃതുപൊഴിയുന്ന കവിതകഠംകൊണ്ടു പ്രതാപൻെറ വീൎയ്യപരാക്രമങ്ങഠം നാടെല്ലാം പരന്നിരുന്നുവോ; ഏതൊരുവൻെറ ഓജസ്വിനിയായ ഭാഷ നിൎജ്ജീവപ്രാണങ്ങഠംക്കുകൂടി സഞ്ജീവനിശക്തിയെ കൊടുത്തിരുന്നുവോ, ഏതൊരുവൻെറ ഉത്സാഹജനകമായ ഗീതം കേട്ടു രാജപുത്രവീരന്മാർ കഠോരവ്രതം മുട്ടിക്കാതെ അനുഷ്ഠിച്ചുവന്നിരുന്നുവോ അദ്ദേഹവും ഈ യുദ്ധത്തിൽ മരിച്ചുപോയി. തൻെറ വീരഗാഥകഠംകൊണ്ടു രാജപുത്രന്മാരുടെ ഉത്സാഹത്തെ വൎദ്ധിപ്പിച്ചിരുന്ന ആ ചാരണദേവൻ പരലോകപ്രാപ്തനായി എങ്കിലും രാജപുത്രന്മാരുടെ ഉത്സാഹത്തിനു കുറവു വന്നില്ല. രാജപുത്രന്മാരുടെ മുഖ്യ ആശ്രയസ്ഥാനമായിരുന്ന കമലമീരം മൊഗളന്മാൎക്കു് അധീനമായി എങ്കിലും ആശ്രയഹീനനായ പ്രതാപൻ വ്രതഹീനനായി ഭവിച്ചില്ല.

മീവാരത്തിൻെറ തെക്കുപടിഞ്ഞാറായി ചപ്പന എന്നു പേരായ ഒരു പ്രദേശം ഉണ്ടു്. ഈ സ്ഥലം പൎവ്വതങ്ങഠംകൊണ്ടു നിറയപ്പെട്ടിട്ടുള്ളതും സുമാറു മുന്നൂററമ്പതു കുഗ്രാമങ്ങളോടുകൂടിയതും ആയിരുന്നു. ഈ കുഗ്രാമ

ങ്ങളിലെല്ലാം ഭീലന്മാരാണു താമസിരുച്ചിന്നതു്. ഈ പ്ര ദേശത്തിൻെറ നടുവിലായി കിഴക്കാംതൂക്കായ ഒരു പവ്വത ത്തിൻെറ മുകളിൽ ചൌന്ദ എന്നു പേരായ ഒരു നഗരം ഉ ണ്ടായിരുന്നു. ശത്രുക്കൾക്കു് ഈ നഗരത്തെ ആക്രമിക്കാൻ അത്ര എളുപ്പത്തിൽ സാധിക്കുന്നതല്ല. പ്രതാപൻ കമല മീരംവിട്ടു് ഈ നഗരത്തിൽ താമസം തുടങ്ങി.

സവ്വസ്വവും പോയാലും വേണ്ടില്ല, മൊഗളന്മാക്കു കിഴടങ്ങുകയില്ലെന്നായിരുന്നു പ്രതാപൻെറ പ്രതിജ്ഞ. എന്തുചെയ്തിട്ടും പ്രതാപനെ കീഴടക്കിയേ ഒതുങ്ങുള്ളു എ ന്നായിരുന്നു അക്‌ബരുടെ പ്രതിജ്ഞ. മീവാരത്തെ പിടി ച്ചടക്കാൻവേണ്ടി അക്ബർ പല സേനാധിപന്മാരുടേയും കിഴിൽ കൂട്ടംകൂട്ടമായി സൈന്യങ്ങളെ അയച്ചുതുടങ്ങി. അ വർ മീവാരത്തിൻെറ പല ദിക്കുകളിലും കടന്നുകൂടി. ത ൻെറ സ്വല്പസൈന്യ:ത്തോടുകൂടി പ്രതാപൻ ഒരു സ്ഥലം രക്ഷിക്കാൻ ചെല്ലുമ്പോൾ മൊഗളന്മാർ മററു സ്ഥലങ്ങളെ പിടിച്ചു കയ്ക്കലാക്കും. മാനസിംഹൻ, ധരമേതി, ഗോഗു ണ്ടാ, എന്നീ കോട്ടകളെ പിടിച്ചടക്കി. മഹബത്ത്ഖാൻ ഉദയപുരരാജധാനിയെ കയ്ക്കലാക്കി. അഗ്ഗുണാപണോര നിവാസികൾ പ്രതാപനും സൈന്യങ്ങൾക്കുംവേണ്ടി ധാ ന്യങ്ങൾ ശേഖരിച്ചു വെച്ചിരുന്നു. അതു പ്രതാപന്നു് എ ത്തിച്ചുകൊടുക്കുന്നതിന്നുള്ള വഴികളെല്ലാം രാജപുത്രകുല പാംസനായ അമിസ എന്നവൻ മുടക്കം ചെയ്തു. ഈ സ മയത്തു ഫ്രീദഖാൻ എന്നു പേരായ ഒരു മൊഗളസൈ ന്യാധിപൻ ചപ്പന എന്ന പ്രദേശത്തെ ആക്രമിക്കുകയും

തെക്കുഭാഗത്തുനിന്നു ക്രമത്തിൽ ചൌണ്ടയ്ക്കു് അഭിമുഖമായി വഴികയും ചെയ്തു. പ്രതാപൻെറ നാലു പുറത്തും ശത്രുക്കൾ വളഞ്ഞു. അദ്ദേഹത്തിൻെറ സൈന്യങ്ങൾക്കു ഭക്ഷണം കിട്ടാതായി അവിടെനിന്നു വിട്ടൊഴിക്കാനുള്ള വഴിയും തടയപ്പെട്ടു. ഒടുവിൽ പ്രതാപന്നു ചൌണ്ടാനഗർവ്വം ഉപേക്ഷിച്ചു പോകേണ്ടിവന്നു. മാനസിംഹൻ, ഫ്രീദഖാൻ, സാഹാബാജക്കാൻ മുതലായ പ്രധാന മൊഗളസൈന്യാധിപന്മാർ അദ്ദേഹത്തിനു് എതിരായി യുദ്ധത്തിനു ഒരുങ്ങി. മൊഗളചക്രവൎത്തിയുടെ അപരിമിതമായ ധനസമ്പത്തിയും അസംഖ്യസൈന്യസമൂഹങ്ങളും പ്രതാപന്നു് എതിരായി നിയോഗിക്കപ്പെട്ടു. ഇത്ര വലിയ സങ്കടത്തിലകപ്പെട്ടിട്ടുംകൂടി ധീരനായ പ്രതാപന്നു ലേശം കുലുക്കമോ കുസലോ ഉണ്ടായില്ല. ഒരുവിധത്തിലും ശിശോദിയവംശക്കാരനായ പ്രതാപൻ തുൎക്കിയുടെ കാക്കൽ കുമ്പിടുകയില്ലെന്നു് ഉറച്ചു.

ചൌണ്ടാ വിട്ടൊഴിച്ചതിൻെറശേഷം പ്രതാപന്നു നിശ്ചിതമായ ഒരു ഇരിപ്പിടം ഉണ്ടായിരുന്നില്ല. അദ്ദേഹം സൈന്യസമേതം ഭീലപ്രദേശങ്ങളിലുള്ള ഓരോഗുഹകളിൽ പാൎത്തുവന്നു. ഭീലന്മാർ ആൎയ്യന്മാരും സഭ്യജാതിക്കാരും അല്ലായിരുന്നു എങ്കിലും അവർ നല്ല വിശ്വസ്തന്മാരും ആപത്തിൽ രാജപുത്രന്മാരുടെ പരമബന്ധുക്കളും ആയിരുന്നു. പ്രതാപൻെറ കുടുംബങ്ങളെ രക്ഷിക്കേണ്ടഭാരം ഭീലന്മാർതന്നെ ഏറെറടുത്തു. മഹാറാണൻെറ ഭാൎയ്യയേയും കുട്ടികളെയും ഭീലന്മാർ പോററി രക്ഷിച്ചുതുടങ്ങ

അവക്കു വേണ്ട ഭക്ഷണപദാൎത്ഥങ്ങൾ ശേഖരിച്ചു കൊടു ത്തതും രാപ്പകൽ അവരെ കാത്തുരക്ഷിച്ചു വന്നതും ശത്രു ക്കൾ അടുത്തു വരുമ്പോൾ അവരെ മുളകൊണ്ടുണ്ടാക്കിയ കൊട്ടകളിൽ കയററി ഗുപ്തമായ വഴികളിൽകൂടി എടുത്തു കൊണ്ടുപോയി രക്ഷിച്ചതും ഭീലന്മാർ തന്നെയായിരുന്നു. ചിലപ്പോൾ ആറേഴുദിവസങ്ങൾ കൂടുമ്പോൾ മാത്രമെ പ്ര താപനു തൻെറ ഭാൎയ്യാപുത്രാദികളെ കാണ്മാൻ സാധിച്ചു ള്ളു. അദ്ദേഹം സ്വാമിഭക്തന്മാരായ സൈന്യങ്ങളോടുകൂടി പൎവ്വതങ്ങൾതോറും കാടുകൾതോറും സഞ്ചരിച്ചുകൊണ്ടിരു ന്നു. അദ്ദേഹം ആരും അറിയാത്ത സ്ഥലങ്ങളിൽ സൈ ന്യം ശേഖരിക്കുകയും അപരിജ്ഞാതസ്ഥലങ്ങളിൽ ഒളിച്ചിരു ന്ന് ഏററവും കൌശലത്തോടുകൂടി ശത്രുസൈന്യത്തെ അ വർ അറിയാതെ പെട്ടന്ന് ആക്രമിക്കുകയും ചെയ്തിരുന്നു. ചിലപ്പോൾ അദ്ദേഹത്തിനെ പൎവ്വതങ്ങളുടെ മുകളിൽ കാ ണുമ്പോൾ ശത്രുക്കൾ അദ്ദേഹത്തിൻെറ നേരെ യുദ്ധത്തി ന്നു ചെല്ലും. അപ്പോൾ മലഞ്ചെരിവുകളിൽനിന്നു ഭീല ന്മാർ അസ്ത്രങ്ങളെയ്തും കല്ലുകളെറിഞ്ഞും മൊഗളന്മാരെ ബുദ്ധിമുട്ടിക്കും. ഈ സമയത്തിന്നുള്ളിൽ പ്രതാപനും സൈ ന്യങ്ങളും മറയുകയും ചെയ്യും. പ്രതാപൻ പ്രാണരക്ഷയ്ക്കു വേണ്ടി ദൂരെ ഓടിപ്പോയി എന്നുവിചാരിച്ചു ശത്രുപക്ഷ ക്കാർ ചിന്തകൂടാതെ ഉത്സാഹത്തോടുകൂടി കാലക്ഷേപം കഴിക്കുകയും പ്രതാപനെ ഒരിക്കൽകൂടി തോല്പിച്ചു എന്നു ചക്രവൎത്തിക്ക് അറിവുകൊടുക്കുകയും ചെയ്യും. അങ്ങിനെ യിരിക്കുമ്പോൾ പൎവ്വതത്തിൻെറ മുകൾഭാഗം കമ്പിതമാവു കയും ഗിരിഗുഹകൾ ഭേരിശബ്ദംകൊണ്ടു മാറെറാലി കൊ

ള്ളുകയും ചെയ്യും. രാജപുത്രസൈന്യം പെട്ടെന്നു മൊഗള സേനാനിവേശത്തെ ആക്രമിച്ചു മൊഗളസൈന്യത്തെ ഛിന്നഭിന്നമാക്കുകയും അവരുടെ ചോരപ്രവാഹംകൊണ്ടു പർവ്വതത്തെ രക്തവർണ്ണമാക്കിത്തീക്കുകയും ചെയ്തതിൻെറ ശേഷം രാജപുത്രസൈന്യം അവക്കു മാത്രം നിശ്ചയമുള്ള വഴിയിൽകൂടി പോയി ഒളിക്കുകയും ചെയ്യേണ്ടും. ഒരിക്കൽ ഫ്രീദഖാൻ ഒരു ദിക്കിൽവെച്ചു പ്രതാപനെ തോല്പിച്ചു. അപ്പോൾ പ്രതാപനെ തടവുകാരനായി പിടിക്കേണമെന്നുള്ള ആശകൊണ്ട് അയാൾ തന്നെത്താൻ മറന്നുകളഞ്ഞു. ഈ സമയത്തിൽ പ്രതാപൻെറ കൌശലപ്രയോഗംകൊണ്ടു ഫ്രീദഖാൻെറ സൈന്യം ഒരു മലയിടുക്കിലകപ്പെട്ടുകയും അവരിൽ ഒരാൾക്കെങ്കിലും ജീവനോടുകൂടി തിരിച്ചുപോകാൻ സാധിക്കാതെ വരികയും ചെയ്തു. ഈ മാതിരിയിലുള്ള യുദ്ധം ചെയ്വാൻ മൊഗളസൈന്യങ്ങൾക്കു ശീലമുണ്ടായിരുന്നില്ല. പ്രതാപനെ ഒതുക്കാൻ അവക്കു സാധിച്ചില്ല. ബുദ്ധിശാലികളായ സൈന്യാധിപന്മാരുടെ ആലോചനകളെല്ലാം വ്യൎത്ഥമായിപ്പോയി. അപ്പോഴെയ്ക്കും വഷക്കാലവും ആയി. ഗിരിനദികളിൽകൂടി വെള്ളം കുത്തി ഒലിക്കുകയും പർവ്വതപ്രദേശങ്ങളിൽ കടക്കാൻ ഞെരുക്കമാവുകയും ചെയ്തു. മൊഗളന്മാർ മീവാരം വിട്ടൊഴിച്ചു പോയി. വഷക്കാലം തുടങ്ങിയപ്പോൾ പ്രതാപനു ശ്വാസംവിടാൻ അവസരം കിട്ടി.

ഇങ്ങിനെ കുറെ കൊല്ലങ്ങൾ കഴിഞ്ഞു. എല്ലാ കൊല്ലത്തിലും വഷം തുടങ്ങുമ്പോൾ മൊഗളന്മാർ മീവാരം വി

ട്ടുപോകും. വസന്താരംഭത്തിൽ വീണ്ടും പുതിയ ബലത്തോടുകൂടി മീവാരത്തെ ആക്രമിക്കും. പ്രതാപൻ ആ പൎവ്വതപ്രദേശത്തിൽ തന്നെ താമസിച്ച് അതേ യുദ്ധക്രമത്തെത്തന്നെ തുടൎന്നു വളരെ കഷ്ടാരിഷ്ടങ്ങളോടുകൂടി ആത്മരക്ഷ ചെയ്തുപോന്നു എങ്കിലും അദ്ദേഹത്തിൻെറ കഠോരവ്രതത്തിന്നു ഭംഗമുണ്ടായില്ല. പ്രതിജ്ഞയ്ക്കു ഇളക്കവും വന്നില്ല. രാജപുത്രപ്രഭുക്കന്മാർ സ്വാമിധൎമ്മത്തെ മറന്നുകളഞ്ഞില്ല. അവരുടെ അനുചരന്മാരുടെ മനസ്സിന്നു് ഒരണുപോലും കുലുക്കമുണ്ടായില്ല. ഫലമൂലങ്ങൾ ഭക്ഷിച്ചും മരച്ചുവട്ടിൽ കിടന്നും വീരഭൂമിയുടെ സുസന്താനങ്ങൾ ഹീനന്മാരെപ്പോലെ ദിവസം കഴിച്ചുകൂട്ടി. മഹാറാണൻെറ നല്ല കാലത്തു രാജധാനിയിലിരിക്കുമ്പോൾ സാമന്തന്മാർ ഏതെല്ലാം ഉപചാരങ്ങൾ ചെയ്തുവന്നിരുന്നുവോ അതെല്ലാം ആപത്തിലും അദ്ദേഹം ദീനഭാവത്തിൽ പൎവ്വതഗുഹകളിൽ താമസിക്കുമ്പോഴും ലേശം വ്യത്യാസംകൂടാതെ അവർ അനുഷ്ഠിച്ചുവന്നു.

പ്രതാപൻെറ സ്ഥിതിയെപ്പററി അറിവാൻ അക്ബർ എപ്പോഴും ഉൽസുകനായിരുന്നു. പ്രതാപൻെറ വൎത്തമാനങ്ങളറിവാൻ അക്ബർ പല ദിക്കുകളിലേയ്ക്കും ഗൂഢചാരന്മാരെ അയച്ചിരുന്നു. അവരിൽ ചിലർ പ്രതാപൻെറ കാൎയ്യാദികൾ നേരിട്ടു കണ്ടറിഞ്ഞും മററചിലർ അപ്രത്യക്ഷമായി അറിഞ്ഞും വിവരങ്ങളെല്ലാം മൊഗളസൎക്കാരിലേയ്ക്കു് അറിവു കൊടുത്തു. പ്രതാപൻെറ ശത്രുക്കൾകൂടി അദ്ദേഹത്തിൻെറ അലോകസാമാന്യമായ വീൎയ്യവൃ

ത്താന്തങ്ങൾ കേട്ട വിസ്മയിക്കുകയും അമ്പരന്നുപോവുകയും ചെയ്തു. അദ്ദേഹത്തിൻെറ ശത്രുക്കൾക്കുകൂടി അദ്ദേഹത്തിൻെറ നേരെ ഭക്തി തോന്നുകയും അവർ അദ്ദേഹത്തെ പുകഴ്ത്തുകയും ചെയ്തു. എന്തിനധികം പറയുന്നു. ഒരു ദിവസം മൊഗളചക്രവൎത്തിയുടെ സൎവ്വപ്രധാനസേനാധിപനായ ഖാൻഖാനൻ പ്രതാപൻെറ മഹത്വത്തേയും വീരതയേയും പുകഴ്ത്തിക്കൊണ്ട് അദ്ദേഹത്തിന്ന് ഒരു ചെറിയ കവിത അയച്ചുകൊടുത്തു. അതിൻെറ ഒരു തൎജ്ജമ താഴേ ചേൎക്കുന്നു.

കുന്നും കാടുമിടങ്ങളും കുടികളും
കൊട്ടാരവും മററുമി-
ങ്ങിന്നും നാളയുമായ് ദ്ധ്രുവം മുടിയുമേ
സമ്പൂൎണ്ണസാമ്രാജ്യവും
ഒന്നുംതന്നെ നശിച്ചിടാത്തവകയ-
ല്ലെന്നാൽ "മഹാ"നെന്നപേ-
രെന്നും ശാശ്വതമാണതൊന്നവനിയിൽ-
ദ്ദിക്കാലകൂലങ്കഷം

ആജ്യത്താലെരിതിയ്യുപോലെവിനയാൽ
പ്രത്യുത്ഥി കത്തുമ്പോഴും
പ്രാജ്യശ്രീകലരും പ്രതാപനെതിരായ്
നിന്നാനുരച്ചങ്ങിനെ
രാജ്യംപോയ് സ്വജനം വെടിഞ്ഞു ധനമി-
ല്ലെന്നായിയെന്നാലുമ-
പ്പൂജ്യൻ ശത്രുപദങ്ങളിൽ തലകുനി-
ഞ്ഞില്ലെന്നതൊന്നില്ലയോ?

ഓരുമ്പോൾബ്ഭരതാവനീരമണരിൽ
തീരെ പ്രതാപന്നനേ_
രാരുംതന്നെ മനസ്സ്വിയെന്ന നിലയിൽ
സ്സമ്മാന്യനായ് വന്നിടാ-
പ്പേരുററവുള്ളൊരു ധന്യധന്യനൃവരൻ
സൂക്ഷിച്ചുപോന്നൂ സുഖം
ചേരുംമാറു മുറയ്ക്കു തദ്ധരണിയിൽ
സ്വാതന്ത്ര്യവും ധൎമ്മവും.

—*—

MUL 034876

## പന്ത്രണ്ടാം അദ്ധ്യായ

# പൃത്ഥ്വീരാജാവിൻെറ പത്രം

ഈ ലോകത്തിൽ സ്നേഹശക്തിപോലെ കരുത്തുള്ള ശക്തി വേറെ ഒന്നുംതന്നെ ഇല്ല. കഠിനമായ രാജദണ്ഡം ധരിച്ചു രൌദ്രതയോടുകൂടി രാജ്യം ഭരിക്കുന്ന രാജാവുകൂടി തൻെറ ഭാൎയ്യാപുത്രാദികളോടു പെരുമാറുമ്പോൾ ചിരിച്ചു കളിച്ചുകൊണ്ടു നൎമ്മാലാപങ്ങൾ ചെയ്യുന്നു. പോൎക്കളത്തിൽ ശത്രുക്കളായി യുദ്ധം ചെയ്യുമ്പോൾ സംഹാരരുദ്രനെന്നു തോന്നപ്പെടുന്ന ഒരുവൻ തൻെറ ഓമനമകളുടെ കാൽത്തളിരിൽ മുള്ളുതറച്ചു കാണുമ്പോൾ കണ്ണീർ പൊഴിക്കുന്നു. ഏതൊരുവൻെറ കഠോരപ്രതിജ്ഞയും ഇളക്കമില്ലാത്തതായ ഉദ്ദേശവും ദുഷ്കരങ്ങളായ പ്രവൃത്തികളും കണ്ടു ശത്രുക്കൾക്കു കൂടി പ്രീതിയും ഭക്തിയും തോന്നിയിരുന്നുവോ അ

പ്രതാപൻ തന്നെ ഭാൎയ്യാപുത്രാദികളുടെ ദാരുണമായ കഷ്ടാവസ്ഥ കണ്ടു ചില സമയങ്ങളിൽ പരവശനായി തന്നെത്താൻ മറന്നുകളഞ്ഞു. അദ്ദേഹത്തിൻെറ ഭാൎയ്യാപുത്രാദികളെ പൎവ്വതങ്ങളിലും കാടുകളിലുംവെച്ചു ഭിലന്മാർ രക്ഷിച്ചിരുന്നു എന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. അവർ കൊട്ടകൾ മടഞ്ഞ് അവയിൽ ഇരിമ്പു വട്ടക്കണ്ണികൾ കൊളുത്തി അവയിൽ കയറുകൾകൊണ്ടു കെട്ടിയിരുന്നു.* പ്രതാപൻെറ ഭാൎയ്യാപുത്രാദികളെ കാട്ടുമൃഗങ്ങളിൽനിന്നു രക്ഷിക്കാൻവേണ്ടി പല സമയങ്ങളിലും ഭിലന്മാർ അവരെ ഈ കൊട്ടകളിലിരുത്തി ഉയൎന്ന വൃക്ഷങ്ങളിൽ കെട്ടിത്തൂക്കുകയും വനമദ്ധ്യത്തിൽനിന്ന് ആഹാരാദിപദാൎത്ഥങ്ങൾ ശേഖരിച്ച് അവൎക്കു കൊടുക്കുകയും ചെയ്തിരുന്നു. ചൌന്ദാനഗരത്തെ ശത്രുക്കൾ വളഞ്ഞപ്പോൾ ഭിലന്മാർ പ്രതാപൻെറ കുടുംബങ്ങളെ ജഹ്വരയിലെ കൂരിരുട്ടായ തകരഖനികളിൽ ഒളിപ്പിച്ചു. ജഹ്വരയിലും ചൌന്ദയിലുമുള്ള ഏതേതു വലിയ വൃക്ഷങ്ങളിൽ കൊട്ടകൾ കെട്ടിത്തൂക്കി രാജഭാൎയ്യയും കുട്ടികളും താമസിച്ചുവന്നിരുന്നുവോ ആ വക വൃക്ഷങ്ങൾ നിന്നിരുന്ന സകല സ്ഥലങ്ങളും ഇന്നും തദ്ദേശനിവാസികൾ കാണികൾക്കു ശുഷ്കാന്തിയോടുകൂടി കാണിച്ചുകൊടുക്കുന്നുണ്ട്. മഹാനായ ടോഡ് (Todd) സായ്വ് ഈ പ്രദേശങ്ങളിൽ സഞ്ചരിച്ചിരുന്ന സമയത്തു മുമ്പറഞ്ഞ കൊട്ടകൾ വട്ടക്കണ്ണികൾ മുതലായവ അദ്ദേഹത്തിൻെറ സ്വന്തം കണ്ണുകൾകൊണ്ടു കണ്ടിട്ടുണ്ടായിരുന്നു.

മനുഷ്യന് എല്ലാം സഹിക്കാൻ കഴിയും. എങ്കിലും വിശന്നുവലയുന്ന തൻെറ കുട്ടികൾക്കു ജലപാനം കിട്ടാതെ അവർ കഷ്ടപ്പെടുന്നതു കാണുമ്പോൾ ആരുടെ ഹൃദയമാണു പിളരാതിരിക്കുന്നതു്? വിശേഷിച്ചു രാജപദവിയിലിരുന്നു സകല സുഖാനുഭവങ്ങളും അനുഭവിക്കേണ്ടവരും അനേകം ദാസിദാസന്മാരാൽ പരിചരിക്കപ്പെടേണ്ടവരും ആയവർ ഒരു പിടിച്ചോറുംകൂടി കിട്ടാതെ പട്ടിണികിടന്നു ബുദ്ധിമുട്ടുന്ന കാഴ്ച ഏററവും കഠിനവും മർമ്മം പിളക്കുന്നതുമാകുന്നു. പ്രതാപൻെറ പുത്രകന്യകമാർ പലപ്പോഴും കാട്ടിലുണ്ടാവുന്ന കായ്കനികൾ തിന്നു പ്രാണൻ രക്ഷിച്ചുവന്നു. പ്രതാപൻെറ പ്രിയതമയായ രാജ്ഞി പലപ്പോഴും ഒരു മറവും രക്ഷയുമില്ലാത്ത സ്ഥലങ്ങളിൽ താമസിക്കുകയും തുക്കികളിൽനിന്നു പാതിവ്രത്യഭംഗം വരാതിരിപ്പാൻവേണ്ടി വളരെ ബുദ്ധിമുട്ടുകയും ചെയ്തിരുന്നു. ചിലപ്പോൾ ഭക്ഷണം തയ്യാറാക്കുന്ന സമയങ്ങളിൽ ശത്രുക്കൾ അടുത്തെത്തിയ വിവരം കേട്ടു ഭക്ഷണം കഴിക്കാതെ അവക്കു ഓടിപ്പോകേണ്ടിവന്നിരുന്നു. ദുഷ്ടന്മാരായ മൊഗളന്മാർ ഏകാഗ്രഭാവത്തോടുകൂടി പലപ്പോഴും അവരെ പിന്തുടൎന്നുകൊണ്ടിരുന്നു. ഒരു ദിവസം മഹാറാണൻെറ കുടുംബങ്ങൾക്കു ഭക്ഷണം കഴിപ്പാൻവേണ്ടി അഞ്ചുപ്രാവശ്യം ഭക്ഷണം തയ്യാറാക്കി. അഞ്ചുപ്രാവശ്യവും വെച്ച പദാൎത്ഥങ്ങൾ കഴിക്കാതെ അവക്കു് ഓടിപ്പോകേണ്ടിവന്നു. ഒരിക്കലെങ്കിലും അവക്കു ഭക്ഷണം കഴിപ്പാനുള്ള അവസരം കിട്ടിയില്ല.

മനുഷ്യജിവിതത്തിൽ ചില സമയങ്ങളിൽ യഥാസ ഗതിയായ ഓരോ സംഭവങ്ങറം നേരിടുന്നു. അവ സാധാരണയും വിശേഷവിധി അല്ലാത്തതും ആണെങ്കിലും അവനിമിത്തം ആ മനുഷ്യൻെറ ചിരസ്ഥായിയായ നടപടിക്ക് ഒരു മാററം വന്നുപോകുന്നു. പ്രതാപൻെറ ജീവിതദശയിൽ ഒരു ദിവസം ഈ മാതിരി ഒരു സംഭവം ഉണ്ടായി. ഒരു ദിവസം അദ്ദേഹത്തിൻെറ ഭാൎയ്യയും പുത്രൻെറ ഭാൎയ്യയുംകൂടി "മല" എന്ന ഒരു ജാതി പുല്ലിൻെറ കിഴങ്ങുകറം കൊണ്ടു കുറേ അപ്പങ്ങറം ഉണ്ടാക്കി കുട്ടികറംക്ക് ഓരോ അപ്പംവീതം കൊടുത്തു. അന്നേയ്ക്കു വേറെ ഭക്ഷണപദാൎത്ഥങ്ങറം ഒന്നുമില്ലായിരുന്നു. ഈ ഓരോ അപ്പം മാത്രമായിരുന്നു അവൎക്ക് ആധാരം. അപ്പത്തിൽ പകുതി അപ്പോറം കഴിക്കാനും ബാക്കി പകുതി വൈകുന്നേരത്തേയ്ക്കു സൂക്ഷിച്ചുവെയ്ക്കാനും അവർ തീൎച്ചയാക്കി. പ്രതാപൻെറ മകറം പകുതി അപ്പം മടിയിൽവെച്ചു മറേറപകുതി തിന്നുകൊണ്ടിരിക്കുമ്പോറം ഒരു കാട്ടുപൂച്ച ഓടിവന്ന് അവളുടെ മടിയിലുണ്ടായിരുന്ന പകുതി അപ്പം പിടുങ്ങിക്കൊണ്ടുപോയി. ആ കുട്ടി ഉറക്കേ കരഞ്ഞുതുടങ്ങി. ഈ സമയത്തിൽ പ്രതാപൻ അടുത്തൊരുദിക്കിൽ പുല്ലുകൊണ്ടുണ്ടാക്കിയ കിടക്കയിൽ ചാരി ഇരുന്നു തൻേറയും സ്വരാജ്യത്തിൻേറയും ഭാവിയെപ്പററി ആലോചിച്ചുംകൊണ്ടു ശോകാകുലനായിരിക്കുകയായിരുന്നു. കുട്ടിയുടെ ദയനീയമായ കരച്ചിൽ കേട്ടു് അദ്ദേഹം ഞെട്ടി എഴുന്നേററു നോക്കിയപ്പോറം പ്രകൃതമെല്ലാം മനസ്സിലായി. അപ്പോറം അദ്ദേഹത്തിൻെറ ഹൃദയം തകൎന്നുപോയി. പോൎക്കളത്തിൽ അനേകം ബന്ധു

മിത്രങ്ങളും വീണുമരിക്കുന്നതു കണ്ടിട്ടുംകൂടി ലേശം കുലുക്കമില്ലാതിരുന്ന അദ്ദേഹം എന്തെന്നറിയാതെ ഈ സാമാന്യസംഭവംകണ്ടു മതിമറന്നവനെപ്പോലെ ആയിത്തീൎന്നു. രാജ്യം, ധനം, ആഡംബരം ഇതെല്ലാം പോയപ്പോഴും ഒട്ടും കുസലില്ലാതിരുന്ന പ്രതാപൻ മകളുടെ ദീനസ്വരം കേട്ടപ്പോൾ തന്നെത്താൻ മറന്നുകളഞ്ഞു. അദ്ദേഹത്തിൻെറ ധൈൎയ്യമെല്ലാം അസ്തമിച്ചു. അല്പനേരത്തേയ്ക്കു തൻെറ കഠോരവ്രതത്തിൻെറ കഥയും മറന്നുപോയി. എങ്കിലും തത്സമയാതന്നെ കീഴ്ക്കടെ താൻ അനുഭവിച്ച അനേകവിധകഷ്ടങ്ങളും ദുഃഖങ്ങളും അദ്ദേഹത്തിൻെറ മനസ്സിലുദിച്ചു. അപ്പോൾ അദ്ദേഹത്തിൻെറ കണ്ണിൽനിന്നു വെള്ളം ധാരമുറിയാതെ വീണുതുടങ്ങി. അദ്ദേഹം നിരാശനായിട്ട് "എനിക്ക് എല്ലാംകൊണ്ടും മതി വന്നു. അൿബറുടെ ഇഷ്ടം സാധിക്കട്ടെ" എന്നിങ്ങിനെ പറഞ്ഞു. ഭാൎയ്യ അദ്ദേഹത്തിനെ വളരെ ആശ്വസിപ്പിച്ചുനോക്കി. പ്രഭുക്കന്മാർ വളരെ ഉപദേശിച്ചുനോക്കി. ഒന്നുകൊണ്ടും പ്രയോജനമുണ്ടായില്ല. ഊക്കോടുകൂടി ഒഴുകുന്ന ഗിരിനദിപ്രവാഹം ഒരു പ്രതിബന്ധത്തേയും കൂട്ടാക്കിയില്ല. പ്രതാപസിംഹൻ അൿബൎക്കു കീഴടങ്ങിയതായിട്ട് ഒരു കത്തയച്ചു.

ഇതു പ്രതാപൻെറ ചരിത്രത്തിൽ ഒരു ന്യൂനതയായി വിചാരിക്കപ്പെടാമെങ്കിലും ഒരിക്കലും അദ്ദേഹത്തിന്ന് ഒരു കളങ്കമായി വരുന്നതല്ലെന്നു നിശ്ചയമായും പറയാം. എന്തുകൊണ്ടെന്നാൽ ഇതിൽ അസ്വാഭാവികമായിട്ട് ഒന്നും തന്നെ ഇല്ല. അദ്ദേഹത്തിൻെറ കൎമ്മങ്ങളിൽ ദിവ്യത്വം

ഉണ്ടായിരുന്നു എങ്കിലും അദ്ദേഹം ഒരു മനുഷ്യൻതന്നെയായിരുന്നു. മനുഷ്യൎക്കുണ്ടാവുന്ന ദുൎബ്ബലത, സ്നേഹം, ഭ്രാന്തി ഇവയിൽനിന്നു വിമുക്തനാവാൻ അദ്ദേഹത്തിന്നു സാധിച്ചില്ല. തന്റെ മനസ്സു കല്ലുപോലെ കഠിനമാണെങ്കിലും അതു പുഷ്പംപോലെ മൃദുവായിട്ടുള്ളതാണെന്നു പ്രതാപൻ മറെറാരുവിധത്തിൽ സ്പഷ്ടമാക്കി. കഠിനതയുടേയും മാൎദ്ദവത്തിന്റേയും കലൎപ്പിനെയാണു മഹത്വം എന്നു പറയുന്നതു്. ആ മഹത്വം പ്രതാപന്നുണ്ടായിരുന്നു.

"ഉത്തമപുരുഷന്മാരുടെ
ഹൃദയം വജ്രത്തിലും തുലോംകഠിനം
നൽത്താരിലും മൃദുതരം
സത്യസ്ഥിതി പാൎക്കിലാൎക്കറിയാം"

എന്ന വചനം ഈ സന്ദൎഭത്തിൽ സ്മരണീയമാണു്. പാറകളിൽനിന്നു് ഉറവെടുക്കുന്ന വെള്ളം വൎദ്ധിച്ചു് ആ പാറകളെ എങ്ങിനെ മുക്കുന്നുവോ അങ്ങിനെതന്നെ പ്രതാപന്റെ ഹൃദയത്തിൽനിന്നു വഴിഞ്ഞൊഴുകിയ സ്നേഹാധിക്യം അദ്ദേഹത്തിന്റെ മനസ്സിനേയും അൎദ്രമാക്കിത്തീൎത്തു.

പ്രതാപന്റെ ആ എഴുത്തു കിട്ടിയപ്പോഠം അക്ബർ ചക്രവൎത്തിക്കുണ്ടായ സന്തോഷം പറഞ്ഞറിയിക്കാൻ ഞെരുക്കമാണു്. അദ്ദേഹത്തിന്നു മിവാരരാജ്യം പിടിച്ചടക്കേണമെന്നോ ആ രാജ്യത്തിലെ മുതലുകഠം കിട്ടേണമെന്നോ ആഗ്രഹമുണ്ടായിരുന്നില്ല. പ്രതാപൻ ഒരിക്കിലെങ്കിലും തനിക്കു കീഴടങ്ങേണമെന്നേ അക്ബൎക്കു

മോഹമുണ്ടായിരുന്നുള്ളു. അദ്ദേഹത്തിൻെറ ആ മോഹം പൂർത്തിയായി. ദില്ലിരാജധാനി മുഴുവനും ആനന്ദഭരിതമായി. എല്ലാ ദിക്കിലും ആനന്ദോത്സവം കൊണ്ടാടിത്തുടങ്ങി. അക്ബർ ഈ എഴുത്തിനെ പൃത്ഥ്വീരാജാവിന്നു് കാണിച്ചു കൊടുത്തു. അപ്പോൾ അദ്ദേഹത്തിന്നു് അതിയായ മനോവേദനയുണ്ടായി. മൊഗളന്മാരെ ആശ്രയിച്ചു തൃപ്തിപ്പെട്ടിരുന്ന രാജപുത്രന്മാരുടെ ഇടയിൽവെച്ചു പൃത്ഥ്വീരാജാവിനെപ്പോലെ സ്വദേശഭക്തനും മഹാനുഭാവനും ആയി വേറെ ആരും തന്നെ ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്നു് ആദ്യം ഈ എഴുത്തിനെപ്പററി വിശ്വാസം വന്നില്ല. പിന്നീടു വിശ്വാസം വന്നപ്പോൾ അതു് ഏററവും കഷ്ടമായ ഒരു വർത്തമാനമാണെന്നു അദ്ദേഹത്തിന്നു തോന്നി. അദ്ദേഹം ചക്രവർത്തിയോടു വെളിവായി ഇങ്ങിനെ പറഞ്ഞു. "പ്രഭോ! ഈ എഴുത്തു വ്യാജമായിട്ടുള്ളതാണു്. പ്രതാപനു ഒരിക്കലും അങ്ങയ്ക്കു കീഴടങ്ങുകയില്ല. ഞാൻ പ്രതാപനെ നല്ലവണ്ണം അറിയും. അങ്ങയുടെ കിരീടം കിട്ടുന്നതായാൽ കൂടി അങ്ങയുടെ ഇഷ്ടപ്രകാരം സന്ധിചെയ്യാൻ പ്രതാപൻ സമ്മതിക്കുകയില്ല. ഒരുവേള പ്രതാപൻെറ ശത്രുക്കളിൽ ആരെങ്കിലും ഈ എഴുത്തു് അയച്ചതായിരിക്കണം." താൻതന്നെ പ്രതാപന്നു് ഒരു എഴുത്തു് എഴുതി അയയ്ക്കുന്നതിന്നു് അദ്ദേഹം അക്ബരുടെ സമ്മതം വാങ്ങി. ഈ സംഭവം ശരിയാണോ എന്നറിയാൻവേണ്ടിയാണു താൻ എഴുത്തയക്കുന്നതു് എന്നു് അദ്ദേഹം അക്ബരെ അറിയിച്ചു. എന്നാൽ അദ്ദേഹത്തിൻെറ പ്രകൃതോദ്ദേശം മറിച്ചായിരുന്നു.

പ്രതാപനെക്കൊണ്ടു് ഈ എഴുത്തു പിൻവലിപ്പിച്ചു ശിശോദിയകുലമഹിമയെ രക്ഷിക്കേണമെന്നായിരുന്നു അദ്ദേഹത്തിൻെറ ശുദ്ധമായ ഉദ്ദേശം. പൃത്ഥ്വീരാജാവു നല്ലൊരു കവിയായിരുന്നു. ജനങ്ങളെല്ലാം അദ്ദേഹത്തിൻെറ കവിതകളെ പ്രശംസിച്ചിരുന്നു. അദ്ദേഹം തൻെറ മാതൃഭാഷയിൽ സാരഗർഭവും തേജോമയവും ആയ ഒരു ചെറിയ കവിതയുണ്ടാക്കി പ്രതാപനു് അയച്ചുകൊടുത്തു. രാജപുത്രജാതി എത്രകാലം നിലനില്ക്കുന്നുവോ, ഭാരതവർഷചരിത്രത്തിൽ രാജപുത്രന്മാരുടെ നാമധേയം എത്ര കാലം നശിക്കാതെ നിലനില്ക്കുമോ അത്രകാലംവരെ പൃത്ഥ്വീരാജാവിൻെറ മഹത്വവും അദ്ദേഹത്തിൻെറ കവിതയുടെ മാഹാത്മ്യവും ഹാനികൂടാതെ നിലനിന്നുപോരുന്നതാണു്. അദ്ദേഹത്തിൻെറ പത്രം ഭാരതവർഷചരിത്രത്തിൻെറ ഒരു അംഗമായിത്തീർന്നിരിക്കുന്നു. ആ പ്രസിദ്ധ കവിതയുടെ ഒരു തർജ്ജമ താഴെ ചേർക്കുന്നു. തർജ്ജമയിൽ മൂലത്തിൻെറ ഗൌരവം മുഴുവനും വന്നിട്ടില്ലെന്നു പറയേണ്ടതില്ല.

## പത്രം.

1. ഹിന്ദുക്കൾതന്നാശകളാകമാനം
ഹിന്ദുക്കളെത്തന്നെയണഞ്ഞിടുന്നു
ഹിന്ദുപ്രവീരാഗ്രണി റാണനന്യേ
ഹിന്ദുക്കളാരെശ്ശരണം ഗമിക്കും ?

2. ക്ഷത്രാവലോകത്തൊടുകൂടെ രാജ-
പുത്രാന്വയം തീരെയധഃപതിച്ചു
കുത്രാപി തല്ലക്ഷ്മിയുമസ്തമിച്ചു
സത്രാസമോ മാനവുമന്തരിച്ചു.

3. മീവാരധാത്രി മടിയിൽ പ്രതാപ-
ഭൂവാം പ്രതാപൻ സുതനില്ലയെങ്കിൽ
ചാവാതെ ചത്തിമൊഗളന്നു കീഴാ-
യ്പ്പോവാതെപോമോ രജപുത്രരെല്ലാം?

4. ശ്രീതാവുമസ്മദഭിഭവാപണത്തിൽ
ക്രേതാവൊരാളക്രമിയക്ബരെല്ലാം
വീതാമയം വാങ്ങിയിനിക്കഴിച്ചോ-
ന്നേതാണതൊന്നുണ്ടു ദയാത്മജൻതാൻ.

5. ഹാ ഹന്ത! ശുദ്ധം രജപുത്രരക്തം
ദേഹത്തിലെല്ലാമൊഴുകുന്നനേരം
മോഹത്തിനാല'ന്നവരോജ'പുണ്യ-
ഗേഹത്തിലാർ വിററിട്ടമാത്മധർമ്മം.

6. മാനത്തെയും ക്ഷത്രിയനൊത്തപൂജ്യ-
സ്ഥാനത്തെയും വിററവരാണശേഷം
നൂനം ചിതോരിന്നുയരാം പ്രതാപൻ
താനത്രപോവാൻ നിരുപിക്കുമോവാൻ?

7. ഒന്നായ്നശിച്ചു നിജനാട്ടു റാണ-
ന്നൊന്നാന്തരം തൽപുരവും തുലഞ്ഞു
എന്നാകിലും മാനയശോധനത്തെ
യിന്നാമഹാൻ മാനി ഭരിച്ചിട്ടുന്നു!

8. നൈരാശ്യമോടി'ന്നവരോജി'ലെത്ര-
പേരാഗമിച്ചേററിതു മാനഭംഗം
പേരാന്ന ഹാമീർകുലജൻ പ്രതാപ-
താരാധിപൻ തത്ര കളങ്കിയല്ല.

9. സ്വൈരം സ്വധമ്മസ്ഥിതിയിൽപ്രതാപ
നാരങ്ങു താങ്ങെന്നുഴലുന്നു ലോകം
വീരന്നു താന്തുരിയ വാളു, ധൈയ്യ-
മിരണ്ടുമാണുത്തമതാങ്ങലോത്താൽ.

10. ഏതാകിലും നമ്മുടെ ധമ്മപുണ്യ-
ക്രേതാവൊരുന്നാൾ നിയേ പതിക്കും
സ്ഥിതാശമന്നാളണയും പ്രതാപ-
ജേതാവിനെപ്പാത്തു ജനങ്ങളെല്ലാം.

11. ആരാല്ലതാസസ്യവിഹീനമാമ-
ശ്ശ്രീരാജപുത്രാവനിയിൽത്തദാനീം
ധീരാഗ്ര്യരാകും രജപുത്രർ ഭാഗ്യ-
സാരായിതും വിത്തുവിതക്കുമല്ലോ.

12. ആവിത്തു കാക്കുന്നതിനായ് പ്രതാപ-
നാവുന്നയത്നം നലമോടു ചെയ്യാൽ
കേൾവിപ്പെട്ടും ക്ഷത്രിയജാതിധമ്മം
ജീവിക്കുമെന്നായ് കരുതുന്നു ഞങ്ങൾ.

വീരകവിയുടെ ഉദ്ദീപകമായ ഈ കവിതയെ പ്രതാപസിംഹൻ വീണ്ടും വീണ്ടും വായിച്ചു. മൊഗളചക്രവത്തിക്ക് എഴുത്തയച്ചതിന്നുശേഷം അദ്ദേഹം അതികഠിനമായ മനോവേദന അനുഭവിച്ചിരുന്നു. ഈ പത്രം വായിച്ചപ്പോൾ അതിരില്ലാതായി. മനസ്സിന്റെ വാട്ടവും തീന്നുപോയി. മഹാറാണന്റെ മനസ്സിൽ വീണ്ടും ആശ കടന്നുകൂടി. അദ്ദേഹം തന്റെ നിശ്ചയത്തിൽനിന്നു പിൻവലിച്ചു സ്വദേശത്തിന്റെ ഉന്നതിക്കുവേണ്ടി വീ

ണ്ടും പ്രയത്നിക്കാനായി തീച്ചയാക്കി. രാജപുത്രന്മാരുടെ മഹിമക്കു ഹാനി വന്നില്ല. മീവാരത്തിൻെറ ഭാഗ്യാകാശത്തിൽ കറുത്തിരുണ്ടുകൂടിയ മേഘനിരകളെല്ലാം പൃത്ഥീരാജാവിൻെറ പ്രൌഢകവിതയാകുന്ന കൊടുങ്കാററടിച്ചു ഛിന്നഭിന്നമായി കാണാതാവുകയും ചെയ്തു.

---

പതിമൂന്നാം അദ്ധ്യായം

## ഭാഗ്യവിവത്തനം

ഗിരിനദിയുടെ ഊക്കോടുകൂടിയ ജലപ്രവാഹത്തിന്നു പാറക്കൂട്ടം തടസ്ഥമായി വരുമ്പോൾ അതിൻെറ ഗതിക്ക് എങ്ങിനെ മാററം വരുന്നുവോ അങ്ങിനെതന്നെ പൃത്ഥീരാജാവിൻെറ പത്രംകൊണ്ടു പ്രതാപൻെറ ജീവിതപ്രവാഹത്തിന്നും ഒരു മാററം ഉണ്ടായി. അദ്ദേഹം അക്ബൎക്കു കീഴടങ്ങുകയില്ലെന്ന് ഉറച്ചു. എന്നാൽ എന്താണു മേലിൽ പ്രവൎത്തിക്കേണ്ടതു് എന്നു തീച്ചപ്പെടുത്താൻ കഴിഞ്ഞില്ല. എണ്ണമില്ലാത്ത മൊഗളസൈന്യങ്ങളോടു വീണ്ടും വീണ്ടും യുദ്ധം ചെയ്തു പ്രതാപൻെറ സൈന്യം വളരെ ചുരുങ്ങിപ്പോയി. മൊഗളസൈന്യത്തിന്നുണ്ടായ കോട്ടങ്ങളെല്ലാം രാജധാനിയിൽനിന്നു പുതുതായി അയച്ച സൈന്യംകൊണ്ടു തീൎന്നുപോയിരുന്നു. പ്രതാപൻെറ സൈന്യങ്ങൾക്കുണ്ടായ കോട്ടം തീപ്പാൻ ഒരു വഴിയും ഉണ്ടായിരുന്നില്ല. വിശേഷിച്ച് അദ്ദേഹത്തിൻെറ ഭണ്ഡാരം ശുദ്ധശൂന്യമായിരുന്നതുകൊണ്ടു തൻെറ ഒന്നിച്ചുണ്ടായിരുന്ന

സൈന്യങ്ങൾക്കു ഭക്ഷണം, ഉടുപ്പു മുതലായതു കൊടുക്കാൻ കൂടി പ്രതാപൻ വളരെ കഷ്ടപ്പെട്ടു. താൻ അക്ബൎക്കു കീഴടങ്ങില്ലെന്നു തീൎച്ചയാക്കി എങ്കിലും തന്നെ ആശ്രയിച്ചിരിക്കുന്നവൎക്കു ഉപജീവനമാൎഗ്ഗം എന്താണെന്നു് ആലോചിച്ചു നിവൃത്തി കാണാതെ പ്രതാപൻ വളരെ സങ്കടപ്പെട്ടു.

മുമ്പു ചിത്തോരു രാജധാനി ഉപേക്ഷിച്ചതുപോലെ ഇപ്പോൾ മീവാരരാജ്യവും ഉപേക്ഷിച്ചുകളയാമെന്നും വളരെക്കാലം തന്റെ പൂൎവ്വന്മാരുടെ കേളീരംഗമായിരുന്ന ചിത്തോരിന്നു നേരിട്ട അവസ്ഥതന്നെ തന്റെ മീവാരരാജ്യത്തിന്നും നേരിട്ടുകൊള്ളട്ടെ എന്നും പ്രതാപൻ തീൎച്ചയാക്കി. തന്റെ പരിവാരങ്ങളൊന്നിച്ചു് ആരാവല്ലിപൎവ്വതം കടന്നു പോയി വിസ്താരമായ മരുഭൂമിയേയും കടന്നു് എത്രയോ ദൂരത്തുള്ളതും സിന്ധുനദി ഒഴുകുന്നതുമായ സിന്ധുരാജ്യത്തിൽ ചെന്നു സ്വാമിഭക്തന്മാരായ രാജപുത്രന്മാരൊന്നിച്ചു താമസിക്കാമെന്നു പ്രതാപൻ ഒടുവിൽ നിശ്ചയിച്ചു. വളരെക്കാലം താൻ ആദരവോടുകൂടി സ്നേഹിച്ചിരുന്ന മീവാരരാജ്യം ഉപേക്ഷിച്ചു സിന്ധുദേശത്തു പുതുതായ ഒരു മീവാരരാജ്യം സ്ഥാപിക്കാമെന്നു പ്രതാപൻ വിചാരിച്ചു. താമസിയാതെ പ്രതാപൻ തന്റെ ഉദ്ദേശസാദ്ധ്യത്തിന്നുള്ള പ്രവൃത്തികൾ തുടങ്ങി. നാലു ദിക്കിലും ഗൂഢമായി ഈ വിവരം അറിയിച്ചു, യാത്രയ്ക്കുവേണ്ട ഒരുക്കങ്ങൾ ചെയ്തു. അവിടവിടെ ചിന്നിച്ചിതറിപ്പോയിരുന്ന രാജപുത്രസൈന്യം മഹാറാണന്റെ ചുവന്ന കൊടിക്കൂറയുടെ കീഴിൽ വന്നുചേൎന്നു. ഒടുക്കം പ്രതാപനും പരിവാ

രങ്ങളും തങ്ങളുടെ സ്വജനങ്ങളോടും സേവകന്മാരോടുംകൂടി കണ്ണിൽ വെള്ളം നിറച്ചുംകൊണ്ടു സ്വദേശത്തോടു യാത്രപറഞ്ഞു് ആരാവല്ലിപൎവ്വതത്തിൽനിന്നു പടിഞ്ഞാട്ടായി എറങ്ങിത്തുടങ്ങി. പൎവ്വതത്തിൻെറ അടിവാരത്തിൽ മരുഭൂമിയുടെ കിഴക്കുവശത്തായി പാളയമടിച്ചു താമസിച്ചു. രാജസ്ഥാനത്തിലെ നാനാദിക്കുകളിൽനിന്നു നാനാജാതിക്കാരായ സ്വജനങ്ങൾ ഒടുവിലത്തെ യാത്രപറവാനായി പ്രതാപൻെറ അടുക്കൽ വന്നു. അവരുടെ കൂട്ടത്തിൽ മീവാരത്തിൻെറ പഴയ മന്ത്രിയായ ഭാമാസാഹയും ഉണ്ടായിരുന്നു.

മീവാരചരിത്രത്തിൽ കഠിനകൃത്യങ്ങളുടെ ഉദാഹരണങ്ങൾ വേണ്ടുവോളം ഉണ്ടു്. എന്നാൽ അതിൽ അലൌകികകരുണാരസപൂൎണ്ണമായ പ്രവൃത്തികളുടെ ദൃഷ്ടാന്തങ്ങളും ഇല്ലാതിരുന്നില്ല. ചെറിയ വനാസ നദി ഓളംവെട്ടിക്കൊണ്ടു പ്രവഹിച്ചു് ആരാവല്ലിപ്രദേശത്തിൻെറ താഴ്വരകളെ ഏതുവിധം പ്രശാന്തരമണീയമാക്കിത്തീക്കുന്നുവോ ആ വിധംതന്നെ ആത്മത്യാഗത്തിൻെറ ക്ഷീരധാരയും രാജപുത്രന്മാരുടെ കഠോരജീവിതത്തെ അമൃതമയമാക്കിത്തീത്തിട്ടുണ്ടു്. മനുഷ്യൻ ഓരോ ഉദ്ദേശം കരുതി പ്രവൎത്തിക്കുന്നു. എങ്കിലും അതിൻെറ വിധാനകൎത്താവു് ഈശ്വരൻതന്നെയാണു്. "അന്യഥാ ചിന്തിതം കാൎയ്യം ദൈവമന്യത്രചിന്തയേൽ." പ്രതാപൻ അക്ബൎക്കു കീഴടങ്ങാൻ തീൎച്ചയാക്കിയിരുന്നതു് പൃഥ്വീരാജാവിൻെറ പത്രംകൊണ്ടു തിരെ മാറിപ്പോയി. പിന്നെ അദ്ദേഹം വേറെ ഒരു കാൎയ്യം ചെയ്യാൻ തീൎച്ചയാക്കിയിരുന്നു. ഈശ്വരകൃപകൊണ്ടു് ആ

ഉദ്ദേശത്തിന്നും തിരെ ഒരു മാററം വന്നു. പ്രതാപൻ ദൈന്യതയോടുകൂടി സ്വന്തരാജ്യം വിട്ടുപോവാൻ തീച്ച്യയാക്കിയിരുന്നു. എന്നാൽ മന്ത്രിവരനായിരുന്ന ഭാമാസാഹയുടെ അസാധാരണയായ ആത്മത്യാഗം നിമിത്തം പ്രതാപന്നു വീണ്ടും മീവാരസിംഹാസനത്തിലിരിക്കാൻ കഴിവുണ്ടായി.

ഏതെങ്കിലും ഒരു കാൎയ്യത്തെക്കുറിച്ചു മനുഷ്യന്നു് ആന്തരമായ താല്പൎയ്യം ഇല്ലെങ്കിൽ അവന്റെ മനസ്സ് ഇളകിക്കൊണ്ടിരിക്കുകയും ആ കാൎയ്യം നിൎവ്വഹിക്കുന്നതിൽ കാലതാമസം വരികയും ചെയ്യുന്നു. പ്രകൃതിസുന്ദരമായ തന്റെ സ്വദേശം വിട്ടു ചരൽ നിറഞ്ഞ മരുഭൂമിയിൽ പോയി താമസിക്കാൻ പ്രതാപന്നു മനസ്സുണ്ടായിരുന്നില്ല. ആൎക്കെങ്കിലും അതിന്നു മനസ്സു വരുമോ ? ആത്മാഭിമാനത്തെ രക്ഷിച്ചുംകൊണ്ടു സ്വദേശത്തിൽതന്നെ താമസിക്കാൻ വല്ല ഉപായവും ഉണ്ടോ എന്നു പ്രതാപൻ പലപ്പോഴും കുലപതികളുമായി ആലോചിച്ചിരുന്നു. ഈ സമയത്തിൽ തല മുഴുവനും വെഞ്ചാമരപോലെ നരച്ചിരുന്ന വൃദ്ധമന്ത്രിയായ ഭാമാസാഹ നല്ലൊരു ഉപായം ആലോചിച്ചു് എല്ലാ സംശയങ്ങൾക്കും നിവൃത്തിവരുത്തിക്കൊടുത്തു. അദ്ദേഹവും അദ്ദേഹത്തിന്റെ പൂൎവ്വന്മാരും വളരെക്കാലം മീവാരത്തിന്റെ മന്ത്രിസ്ഥാനം വഹിച്ചു വളരെ പണം സമ്പാദിച്ചിട്ടുണ്ടായിരുന്നു! ഭാമാസാഹ സ്വന്തം മനസ്സാലെ ആ ധനമെല്ലാം പ്രതാപന്റെ കാക്കൽ കാഴ്ചയായി വെച്ചു. ആ ധനംകൊണ്ടു് ഇരുപത്തയ്യായിരം ഭടന്മാൎക്കു പന്ത്രണ്ടു കൊല്ലത്തിന്നു വേണ്ട

ചിലവുകഠം കഴിക്കാൻ ധാരാളം മതിയായിരുന്നു. പ്ര താപനും അദ്ദേഹത്തിൻെറ സാമന്തന്മാരും ഈ അത്യ ത്ഭുതദാതൃത്വം കണ്ടു സ്തബ്ധന്മാരായി നിന്നുപോയി. ഒരു നൊടിയിടയിൽ ശോകാകുലന്മാരായ അനേകായിരം ജ നങ്ങളുടെ മുഖകമലങ്ങഠം സന്തോഷംകൊണ്ടു വികസി ച്ചുതുടങ്ങി. മഹാറാണൻെറ പാളയം സന്തോഷകോ ലാഹലംകൊണ്ടു മുഴങ്ങി. 'ജയജയ ഭാമാസാഹാ' എന്ന ഘോഷശബ്ദംകൊണ്ടു ദിക്കുകളെല്ലാം മാറെറാലിക്കൊ ണ്ടു. അന്നുമുതൽക്കു ഭാമാസാഹയ്ക്കു 'മീവാരോദ്ധാരക ൎത്താവ്' എന്നു പേർ സിദ്ധിച്ചു.

പൃത്ഥ്വിരാജാവിൻെറ പത്രത്തിൻെറയും ഭാമാസാ ഹയുടെ ധനത്തിൻെറയും സഹായംകൊണ്ടു പ്രതാപ ൻെറ സാഹസവും ആശയും ഇരട്ടി വൎദ്ധിച്ചു. രാജ പുത്രനാദ്ധികളിൽകൂടി ചൂടോടുകൂടിയ ചോര വീണ്ടും ഒഴു കിത്തുടങ്ങി. സ്വദേശശത്രുക്കളായ തുൎക്കികളോടു ശേ ഷം ചോദിക്കാനുള്ള ആഗ്രഹത്തിന്നു ഉണൎച്ചവന്നു. മരു ഭൂമി കടന്നുപോകാനുള്ള വിചാരം നിലച്ചു. പ്രതാപൻ ധൈൎയ്യത്തോടുകൂടി തൻെറ കൎത്തവ്യകൃത്യം ഇന്നതാണെ ന്നു തീൎച്ചപ്പെടുത്തി ഉടനെ യുദ്ധത്തിന്നുള്ള കോപ്പുകഠം കൂട്ടിത്തുടങ്ങി.

സൈന്യത്തിന്നുവേണ്ട ഭക്ഷണദ്രവ്യങ്ങഠം ശേഖരി ച്ചു. അവൎക്കു വേണ്ട ഉടുപ്പുകളും ആയുധങ്ങളും ഉണ്ടാ ക്കിച്ചു. പണമില്ലാത്തതു നിമിത്തം പിരിച്ചയക്കേണ്ടിവ ന്നിരുന്ന എല്ലാ ഭടന്മാരേയും ബദ്ധപ്പെട്ടു വിളിച്ചുവരു

ത്തി. യുദ്ധത്തിന്നുവേണ്ട സാമഗ്രികൾ വേണ്ടുവോളം ശേഖരിച്ചു. പുതിയ കുതിരകളെ വിലയ്ക്കുവാങ്ങി. രാജപുത്രസൈന്യത്തിൻെറ ബലം വദ്ധിപ്പിച്ചു. ഈ സകല കാൎയ്യങ്ങളും വളരെ സ്വല്പകാലംകൊണ്ടും വളരെ ശ്രദ്ധമായും നിൎവ്വഹിച്ചതുകൊണ്ടു മൊഗളന്മാൎക്ക് ഇതിനെപ്പററി കുറച്ചെങ്കിലും അറിവാൻ സാധിച്ചില്ല.

---

## പതിനാലാം അദ്ധ്യായം

# മീവാരവിജയം

സൈന്യങ്ങളും യുദ്ധസാമഗ്രികളും ശേഖരിച്ചതിന്നു ശേഷം പ്രതാപസിംഹൻ മരുപ്രദേശം വിട്ടു സ്വദേശത്തിൻെറ പുനരുദ്ധാരണത്തിന്നു വേണ്ടി മടങ്ങി സ്വദേശസ്വാതന്ത്ര്യത്തിന്നുവേണ്ടി കഴിയുന്നത്ര പ്രയത്നം ചെയ്യു നോക്കാതിരിക്കയില്ലെന്നും തൻെറ ഉദ്ദേശം സാധിക്കാത്തപക്ഷം പോൎക്കളത്തിൽ പ്രാണൻ കളഞ്ഞു തൻെറ തീവ്രമനോവേദനയ്ക്കു പരിസമാപ്തി വരുത്തുന്നതാണെന്നും പ്രതാപൻ പ്രതിജ്ഞ ചെയ്യു. ഏററവും ചുരുങ്ങിയ സമയത്തിന്നുള്ളിൽ പ്രതാപൻ യുദ്ധത്തിന്നുവേണ്ട ഒരുക്കങ്ങൾ കൂട്ടി. ഇതു നിമിത്തം മൊഗളന്മാൎക്കു സംശയത്തിന്നുകൂടി അവസരം കിട്ടിയില്ല. വിശേഷിച്ചു പ്രതാപൻ സ്വദേശം വിട്ടു ദൂരദേശത്തിലേയ്ക്കു യാത്രചെയ്യാൻ ഉദ്ദേശിച്ചിരുന്നു എന്നു് അവൎക്ക് അറിവുണ്ടായിരുന്നതുകൊണ്ടു് അദ്ദേഹം മീവാരം വിട്ടുപോയാൽ രക്തപ്ര

വാഹം കൂടാതെതന്നെ മീവാരം മൊഗളന്മാക്ക് അധീന മാവുമെന്ന് അവർ വിചാരിച്ചു. അതുകൊണ്ടു പ്രതാപ ൻെറ ഒരുക്കങ്ങളെപ്പററി അറിഞ്ഞിരുന്നവർകൂടി പ്രതാപ നോട്ട് എതിത്തു വെറുതെ ആത്മനാശം വരുത്താൻ ആഗ്ര ഹിച്ചില്ല.

മൊഗള സേനാപതിയായ സാഹാബാജഖാൻ സൈന്യങ്ങളോടുകൂടി മീവാരത്തിൻെറ വടക്കുഭാഗത്തുള്ള ദേവീരം എന്ന ദിക്കിൽ പാളയമടിച്ചു താമസിച്ചിരുന്നു അടുത്തുള്ള പ്രദേശങ്ങളിൽ ശത്രുസൈന്യങ്ങളില്ലെന്നുള്ള വിചാരത്തിന്മേൽ അയാഠം മീവാരത്തെ പിടിച്ചടക്കാമെ ന്ന് ഉദ്ദേശിച്ചിരുന്നു. പ്രതാപൻ സൈന്യസമേതം ആരാ വല്ലിയുടെ പാശ്ചഭാഗത്തിൽനിന്ന് അതിവേഗത്തിൽ അ യാളുടെ അടുത്തെത്തിയ വിവരം അയാഠം അറിഞ്ഞിരു ന്നില്ല. രാജപുത്രസൈന്യം പെട്ടെന്നു മൊഗളസൈന്യത്തെ ആക്രമിച്ചു. അയാളുടെ സൈന്യം ഇങ്ങിനെ പൊടുന്ന നവെയുള്ള ആക്രമണത്തിന്നു തെയ്യാറായിരുന്നില്ല. രാജ പുത്രന്മാർ ബാഹുബലത്തോടും ഉത്സാഹത്തോടും വാശി യോടുംകൂടി മൊഗളന്മാരോട്ട് എതിത്തു ഭയങ്കരയുദ്ധം നട ന്നു. മൊഗളന്മാർ തോററു. സാഹാബാജയുടെ സൈ ന്യത്തിൽ മിക്കപേരും രാജപുത്രന്മാരുടെ വാളിന്നിരയായി. തോററ് ഓടിയവരെ ആമായിതം എന്ന ദിക്കുവരെ രാജ പുത്രന്മാർ പിന്തുടൎന്നു. ഈ സ്ഥലത്തു ഒരു മൊഗളസൈ ന്യം ഉണ്ടായിരുന്നു. ഈ സൈന്യത്തേയും രാജപുത്രന്മാർ കൊന്നൊടുക്കി.

ദേവീരയുദ്ധത്തിൽ രാജപുത്രന്മാക്കുണ്ടായ ജയത്തി

ൻെറ ഫലം വളരെ മഹത്തായിരുന്നു. ദേവീരത്തിൽ വെച്ചു രാജപുത്രന്മാരുടെ ഭാഗ്യത്തിൻെറ ഒഴുക്കിന്നു് ഒരു മാററം സംഭവിച്ചു. ഊക്കോട്ടുകൂടി ഒഴുകുന്ന നദികൾ പർവ്വതഗുഹയിൽ തടസ്ഥം നേരിടുമ്പോഠം ജലരാശിയുടെ ആകാരവൃദ്ധിയോട്ടുകൂടി അതിന്നു് എങ്ങിനെ ബലവർദ്ധന ഉണ്ടാകുന്നുവോ അങ്ങിനെതന്നെ പല ദിക്കുകളിലും വെച്ചു മൊഗളന്മാരാൽ തടയപ്പെട്ടതും തോല്പിക്കപ്പെട്ടതും ഓടിക്കപ്പെട്ടതുമായ രാജ്യപുത്രസൈന്യത്തിന്നും ക്രമത്തിൽ ബലം വർദ്ധിച്ചുവന്നു. തടസ്ഥമായിരുന്ന ശിലാഖണ്ഡം ദൈവഗത്യാ നീങ്ങിപ്പോയാൽ ഗതിവേഗത്തിന്നു തടസ്ഥം നേരിട്ടിരുന്ന നദിയുടെ പ്രവാഹം എങ്ങിനെ അതിവേഗത്തോട്ടുകൂടി ഇരുകരകളേയും മുക്കിക്കൊണ്ടു് ഒഴുകിപ്പോകുന്നുവോ അങ്ങിനെതന്നെ രാജ്യപുത്രസൈന്യം ദേവീരപോക്കളത്തിൽവെച്ചു് ചിരശത്രുവായ മൊഗളസൈന്യത്തെ തോല്പിച്ചു് അതിവേഗത്തോട്ടുകൂടി അവരെ പിന്തുടൎന്നു. എന്തുബലം പ്രയോഗിച്ചിട്ടും എന്തു കൌശലം എടുത്തിട്ടും രാജപുത്രവിജയവാഹിനിയുടെ പ്രവാഹത്തെ തടുത്തുനില്ക്കുവാൻ മൊഗളന്മാൎക്കു സാധിച്ചില്ല. ഹല്ദിഘട്ടത്തിൽവെച്ചുണ്ടായ തോല്മയ്ക്കുശേഷം ഏതുപ്രകാരം രാജപുത്രന്മാൎക്കു് അടിക്കടി തോല്മ വന്നിരുന്നുവോ അതേപ്രകാരംതന്നെ ദേവീരത്തിലെ വിജയത്തിന്നുശേഷം അവൎക്കു സൎവ്വത്ര വിജയവും ഉണ്ടായിത്തുടങ്ങി. ഹല്ദിഘട്ടത്തിലുണ്ടായ പ്രതിബന്ധം ദേവീരത്തിൽവെച്ചു നീങ്ങിപ്പോയി. ഹല്ദിഘട്ടത്തിലെ സന്ധ്യ ദേവീരത്തിലെ പ്രഭാതത്തിൽ പരിണമിച്ചു കാലതാമസം കൂടാതെ സൂൎയ്യ

വംശക്കാരനായ രാജപുത്രരുടെ ഗൌരവസൂൎയ്യൻ അവരുടെ ഭാഗ്യഗഗനത്തിൽ ഉദിച്ചുയൎന്നു.

മൊഗളസൈന്യം ദുൎഘടത്തിലകപ്പെട്ടു. അവൎക്ക് അതിൽനിന്നു മോചനം കിട്ടുന്നതിന്നുമുമ്പായി രാജപുത്രന്മാർ കമലമിരത്തിലുള്ള മലങ്കോട്ടയെ ആക്രമിച്ചു. അവിടെ ആബദുല്ല്യാ എന്നു പേരായ സേനാധിപൻ സൈന്യത്തോടുകൂടി പാൎത്തുവന്നിരുന്നു. രാജപുത്രന്മാർ അയാളെയും സൈന്യത്തേയും കൊന്നൊടുക്കി. ജയോന്മത്തന്മാരായ രാജപുത്രന്മാർ സ്വദേശത്തിന്റേയും സ്വജാതിയുടേയും ശത്രുക്കളുടെ നേരെ ഭയങ്കരമായ പ്രതിക്രിയ ചെയ്തു. അവരുടെ ഊരിയ വാളിൽനിന്ന് ആൎക്കും രക്ഷ കിട്ടിയില്ല. മീവാരരാജ്യം മൊഗളന്മാരുടെ ചോരയിലണിഞ്ഞുതുടങ്ങി. മുമ്പൊരിക്കൽ പ്രതാപസിംഹൻ സ്വജാതിക്കാരെ അവരുടെ വാസസ്ഥലങ്ങളിൽനിന്നു മാററി ആ ദിക്കുകളെല്ലാം ശ്മശാനതുല്യമാക്കിത്തീൎത്തിരുന്നു. ഇപ്പോൾ അദ്ദേഹം വിജാതിയന്മാരായ ശത്രുക്കളെ പൊടിഭസ്മമാക്കി മീവാരത്തിലെ സകല മലയിടുക്കുകളേയും പോൎക്കളങ്ങളേയും ശ്മശാനതുല്യമാക്കിത്തീൎത്തു. കുറച്ചുദിവസങ്ങൾക്കുള്ളിൽ കമലമിരം മാത്രമല്ല ഓരോന്നായി അദ്ദേഹം മുപ്പത്തിരണ്ടു കോട്ടകളെ ആക്രമിച്ചു പിടിച്ചു.

പ്രതാപൻ മീവാരത്തെ മരുഭൂമിക്കുതുല്യമാക്കിത്തീൎത്തു. അതിന്റെ അതിരുകളിൽ ഉണ്ടായിരുന്ന എല്ലാ സാധനങ്ങളേയും അദ്ദേഹം നശിപ്പിച്ചുകളഞ്ഞു. ഇതു ഭയങ്കരമായ പ്രതിക്രിയതന്നെയാണെങ്കിലും കേവലം അസ്വാഭാവികമാണെന്നു പറവാൻ പാടില്ല. കഴിഞ്ഞ ഇരുപത്ത

ച്ചു കൊല്ലുകാലം എത്രയൊരു പ്രബലശത്രു രാജപുതന യുടെ പല ഭാഗങ്ങളേയും ആക്രമിച്ചു രാജപുത്രന്മാരെ തോല്പിക്കുകയും കൊല്ലുകയും ഓടിക്കുകയും ചെയ്യുശേഷം ഗൃഹത്തേയും ഭാൎയ്യാപുത്രാദികളേയും ഉപേക്ഷിക്കേണ്ടി വന്ന പുരുഷന്മാരെക്കൊണ്ടു സന്ന്യാസിവേഷം ധരിപ്പിക്കുകയും അവരുടെ സ്ത്രീകളെക്കൊണ്ടു 'ജഹരവ്രതം' അനുഷ്ഠിപ്പിച്ചു പ്രാണത്യാഗം ചെയ്യിക്കുകയും അവരെ നിൎമ്മൂലം നശിപ്പിക്കാൻവേണ്ടി കഴിയുന്നേടത്തോളം ശ്രമിക്കുകയും ചെയ്തിരുന്നുവോ ആ ശത്രുവിൻെറ നേരെ ഇപ്പോഠ ദയാദാക്ഷിണ്യത്തോടുകൂടി പകരം വീട്ടാൻ രാജപുത്രന്മാൎക്ക് എളുപ്പത്തിൽ സാധിക്കുന്നതല്ല. പുണ്ണിൽ കൊള്ളിവെച്ചാലെന്നപോലെയും മുറിയിൽ ഉപ്പിട്ടാലുള്ളപോലേയും കഠിനമായ മൎമ്മവേദന മുസൽമാന്മാർ രാജപുത്രന്മാരെ അനുഭവിപ്പിച്ചിരുന്നു. ഇപ്പോഠ തരം കിട്ടിയപ്പോഠ അവർ അതിന്നെല്ലാം പകരം വീട്ടിത്തുടങ്ങി. ഇങ്ങിനെയുള്ള അവസരങ്ങളിൽ ക്ഷമിക്കുന്നതാണ മഹത്വത്തിൻെറ ലക്ഷണം എന്നുള്ളതിന്നു സംശയമില്ല. അങ്ങിനെയായാൽ മനുഷ്യരും ഈശ്വരനും തമ്മിൽ വ്യത്യാസമുണ്ടാവുന്നതല്ല. ഈ അവസ്ഥയിൽ മനുഷ്യൎക്കു ക്ഷമിക്കാൻ കഴിയുമോ എന്നതു് ആലോചനായോഗ്യമാണ്. രാജപുത്രന്മാരുടെ പ്രതിജ്ഞയും പ്രവൃത്തിയും എത്രത്തോളം ഭയങ്കരമായിരുന്നുവോ അവരുടെ പ്രതിക്രിയയും അത്രത്തോളം ഭയങ്കരമായിരുന്നു. കുറച്ചുസമയംകൊണ്ടു പ്രതാപൻ ചിത്തോരു്, അജ്മീരം, മണ്ഡലഗഡ എന്നിവ ഒഴികെയുള്ള മീവാരത്തിലെ സകല സ്ഥലങ്ങളും കൈവശപ്പെടുത്തി.

മാൻസിംഹൻ പ്രതാപന്റെ അടുക്കൽനിന്നു മാനഹാനിയോടുകൂടി പോയതിന്റെശേഷം പ്രതാപന്റെ ഗൎവ്വം ശമിപ്പിച്ചേയടങ്ങുമെന്നുള്ള തന്റെ പ്രതിജ്ഞയെ ശരിയായി നിൎവ്വഹിച്ച് ഏററവും അഹംഭാവത്തോടുകൂടി കാലക്ഷേപം കഴിച്ചുവന്നിരുന്നു. ഇപ്പോൾ നല്ല അവസരമാണെന്നു കരുതി പ്രതാപൻ അദ്ദേഹത്തിനെ ഒരു പാഠം പഠിപ്പിക്കേണമെന്നു തീൎച്ചയാക്കി അംബേരത്തെ ആക്രമിക്കുകയും അതിന്റെ പ്രധാന കച്ചവടസ്ഥലമായിരുന്ന മാലപുരത്തെ കവൎച്ച ചെയ്യുകയും ചെയ്തു.

മുസൽമാന്മാർ പലദിക്കിലും തോററ് ഓട്ടം തുടങ്ങി. ഉദയപുരത്തിലുണ്ടായിരുന്ന അക്ബരുടെ സൈന്യങ്ങൾക്ക് ആ സ്ഥലം രക്ഷിക്കാൻ വളരെ പ്രയാസമായിത്തീൎന്നതുകൊണ്ട് അവർ സ്വയമേവ ആ സ്ഥലം വിട്ടുപോയി. അതുകൊണ്ടു പ്രതാപൻ തന്റെ രാജധാനിയെ എളുപ്പത്തിൽ വീണ്ടെടുത്തു. വളരെ കൊല്ലങ്ങൾക്കുശേഷവും വളരെ കഷ്ടപ്പാടുകൾ അനുഭവിച്ചതിന്റെ ശേഷവും ഭഗീരഥപ്രയത്നംകൊണ്ടു മീവാരത്തിന്നു വീണ്ടും സ്വാതന്ത്ര്യം ലഭിച്ചു. ഇതിന്നുവേണ്ടി രാജപുത്രന്മാർ പ്രദൎശിപ്പിച്ചതുപോലെയുള്ള അമാനുഷികമായ ആത്മത്യാഗവും സഹനശീലവും വീരപരാക്രമങ്ങളും ഭൂലോകത്തിലെ ഏതൊരു രാജ്യചരിത്രത്തിലും കാണുമോ എന്നുള്ളതു വളരെ സംശയമാണ്.

---

## പതിനഞ്ചാം അദ്ധ്യായം.

---

# ജീവനസന്ധ്യ.

ഉദയപുരം വീണ്ടെടുത്തതിൻെറശേഷം പ്രതാപസിംഹൻ അവിടെ രാജധാനി നിമ്മിച്ചു. മീവാരത്തിൻെറ മിക്കഭാഗവും അദ്ദേഹത്തിൻെറ അധീനത്തിലായി എങ്കിലും ശിശോദീയ രാജപുത്രന്മാരുടെ പുരാതന രാജധാനിയായ ചിതോരു പ്രതാപൻെറ കൈവശത്തിൽ വന്നില്ല. പ്രതാപസിംഹൻ ഭാമാസാഹയുടെ ധനസഹായംകൊണ്ടു സൈന്യം ശേഖരിച്ചതിൻെറശേഷം പല ദിക്കുകളിലും വെച്ചു പല യുദ്ധങ്ങളും ചെയ്യുതുകൊണ്ട് ആ പണം മിക്കതും ചിലവായിപ്പോയി. ബാക്കിയുണ്ടായിരുന്ന പണം അദ്ദേഹത്തിൻെറ സ്വന്തം രക്ഷയ്ക്കു് അത്യാവശ്യമായിരുന്നു. വിശേഷിച്ചു സുരക്ഷിതമായ ചിതോരിലെ കോട്ടയിലുള്ള മുസൽമാൻ സൈന്യത്തോടു യുദ്ധം ചെയ്യാനായി ചുരുങ്ങിയ ഒരു സൈന്യത്തോടുകൂടി പോകുന്നതു് അന്യായമായിരിക്കും. യുദ്ധം ചെയ്തു ക്ഷീണിച്ച സൈന്യം പ്രതാപൻെറ കൈവശത്തിൽ വന്ന സ്ഥലങ്ങളെക്കൂടി രക്ഷിക്കാൻ മതിയായില്ല. ഇതുനിമിത്തം പ്രതാപനു ചിതോരിനെ വീണ്ടെടുക്കാൻ സാധിക്കാതെ വന്നു.

ചിതോരായിരുന്നു പ്രതാപൻെറ പൂവ്വന്മാരുടെ ലീലാസ്ഥലം. ചിതോരിൽനിന്നു പുറത്താക്കപ്പെട്ടതോടുകൂടി രാജപുത്രന്മാരുടെ ശ്രീയും അസ്തമിച്ചു. ചിതോരു വീണ്ടെടുക്കാൻ വേണ്ടിയാണു പ്രതാപൻ കഠോരപ്രതിജ്ഞ

ചെയ്യിരുന്നതു്. മിവാരത്തിൻെറ മിക്കഭാഗവും തൻെറ അധീനത്തിലായി എങ്കിലും ചിതോരു തൻെറ കൈവശത്തിൽ വരാതിരുന്നതുകൊണ്ടു പ്രതാപൻ തൻെറ വ്രതത്തിന്നു ഭംഗം വരുത്തിയില്ല. അദ്ദേഹം തൻെറ മീശ കളഞ്ഞില്ല. സ്വർണ്ണപാത്രങ്ങളിൽ പാനഭോജനാദികൾ ചെയ്യാൻ തുടങ്ങിയില്ല. മാളികയിൽ താമസിക്കാൻ അദ്ദേഹം ആഗ്രഹിച്ചില്ല. ഉദയപുരത്തിൽ രാജധാനി ഉണ്ടായിരുന്നു എങ്കിലും അദ്ദേഹം അതിൽ താമസിച്ചില്ല. അദ്ദേഹത്തിന്നുവേണ്ടി വേശോലതടാകത്തിൻെറ തീരത്തു ചില പർണ്ണശാലകൾ പണി ചെയ്യിച്ചു പരിവാരങ്ങളോടു കൂടി അദ്ദേഹം അവിടെ താമസം തുടങ്ങി. രാജസഭ കൂടിയിരുന്നതും രാജ്യകാൎയ്യങ്ങൾ നടത്തിയിരുന്നതും ഇവിടെ വെച്ചായിരുന്നു. പ്രഭുക്കന്മാർ മഹാറാണയെ കാണാൻ വന്നതും രാജോചിതമായ ആഘോഷങ്ങൾ കൂട്ടിയിരുന്നതും ഇവിടെതന്നെയായിരുന്നു. ഇവിടെ അധിവസിച്ചിരുന്നവരുടെ മഹാമനസ്കതയും കല്പനാശക്തിയും ആഗ്രയിലെ മണിമാളികകളിൽ താമസിച്ചിരുന്നവൎക്കു് ഉണ്ടായിരുന്നില്ല. മഹാറാണൻെറ ജീവനസന്ധ്യ ഈ കുടീരങ്ങളിൽ തന്നെ കഴിഞ്ഞുകൂടി.

പല ദിക്കുകളിൽവെച്ചു് അടിക്കടി തോററതിൻെറ ശേഷം മൊഗളസൈന്യം ഉദയപുരം വിട്ടുപോയി. പിന്നിട്ടു് ആ സ്ഥലം വീണ്ടും കയ്യിലാക്കാൻ അവർ ശ്രമിച്ചില്ല. ഏകദേശം മുപ്പതുകൊല്ലകാലം മൊഗളന്മാർ രാജപുത്രന്മാരുമായി ഇടവിടാതെ യുദ്ധം ചെയ്തു. ജയവും തോല്മയും എത്ര പ്രാവശ്യം ഉണ്ടായി എന്നുള്ളതിന്നു ക

ണക്കില്ല. സ്വദേശത്തിന്നും സ്വജാതിക്കും വേണ്ടിയാണു രാജപുത്രന്മാർ യുദ്ധംചെയ്യുന്നതു്. ധനലോഭം കൊണ്ടും ശമ്പളത്തിന്നുവേണ്ടിയുമാണു മൊഗളന്മാർ യുദ്ധം ചെയ്യുന്നതു്. രാജപുത്രന്മാരുടെ മഹോത്സാഹവും മഹോത്സൎഗ്ഗവും മുസൽമാന്മാൎക്കുണ്ടായിരുന്നില്ല. അനേകംപേർ മരിച്ചിട്ടും രാജപുത്രന്മാരുടെ ഉത്സാഹത്തിന്നു കുറവു വന്നില്ല. അനവധി സൈന്യം ഉണ്ടായിരുന്നിട്ടുകൂടി മൊഗളന്മാൎക്കു് ഉത്സാഹം ഉണ്ടായില്ല. പ്രതാപൻ ഉദയപുരത്തിൽ മടങ്ങിച്ചെന്നതിൻെറശേഷം മുസൽമാന്മാർ രാജപുതനയെ വിട്ടുപോകാനുള്ള ഒന്നാമത്തെ കാരണം ഇതുതന്നെയായിരുന്നു.

രണ്ടാമതു പ്രതാപൻെറ കഠോരവ്രതവും അസാധാരണ ക്ഷമയും പരിശ്രമവും സ്വാൎത്ഥത്യാഗവും കണ്ടു ബന്ധുശത്രുക്കൾ ഒരുപോലെ മോഹിതന്മാരായിത്തീൎന്നു. പ്രതാപൻെറ സ്വന്തം ആളുകൾ അദ്ദേഹത്തെ ഈശ്വരനെപ്പോലെ ഭക്തിയോടുകൂടി വിചാരിച്ചുവന്നിരുന്നു. മൊഗളപക്ഷം അവലംബിച്ചിരുന്നവരിൽ അനേകം പേർ പ്രതാപനെ ഭക്തിബഹുമാനങ്ങളോടുകൂടി ആദരിച്ചുവരികയും പ്രതാപനു് അനിഷ്ടമായ പ്രവൃത്തികളിൽനിന്നു വിരമിക്കുകയും ചെയ്തിരുന്നു. "ഛേദരൊരുദിക്കിൽ കൂറൊരുദിക്കിൽ" എന്നായിരുന്നു അവരുടെ സ്ഥിതി. പൃത്ഥ്വീരാജാവിന്നു പ്രതാപൻെറ നേരെ എത്രത്തോളം പ്രതിപത്തിയുണ്ടായിരുന്നു എന്നു് അദ്ദേഹത്തിൻെറ പത്രത്തിൽ വെളിപ്പെട്ടിട്ടുണ്ടല്ലൊ. രാജപുത്രന്മാരുടെ കൂട്ടത്തിൽ

പ്രതാപന്റെ വിരോധികളായിരുന്നവരിൽവെച്ചു പ്രധാനി മാനസിംഹനായിരുന്നു. അദ്ദേഹം പ്രതാപന്റെ അടുക്കൽനിന്ന് അവമാനത്തോടുകൂടി പോയ സംഗതി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഹല്ദിഘട്ടത്തിൽവെച്ച് അതിന്നു പകരം വീട്ടിയശേഷം ആ മാനസിംഹനും പ്രതാപന്റെ നേരെ ഭക്തിയുള്ളവനായിത്തീൎന്നു. ഒരിക്കൽ പ്രതാപനെ പിന്തുടൎന്നുംകൊണ്ടു മാനസിംഹൻ പൎവ്വതപ്രദേശങ്ങളിൽ എത്തിയപ്പോൾ അദ്ദേഹത്തിന്റെ കീഴിലുണ്ടായിരുന്ന മൊഗളസൈന്യം ഭക്ഷണം കിട്ടാതെ വളരെ ബുദ്ധിമുട്ടിലായി. ഭക്ഷണദ്രവ്യങ്ങൾ കിട്ടാത്തതുകൊണ്ടു വളരെ പേർ മരിച്ചുപോയി. ഈ വിവരം കേട്ട് അക്ബർ മാനസിംഹനോടു മടങ്ങിച്ചെല്ലുവാൻ കല്പന കൊടുത്തു. പ്രതാപന്റെ രാജ്യം കൊള്ളയിട്ടുപോകരുതെന്നു മാനസിംഹൻ സൈന്യങ്ങളെ വിലക്കിയിരുന്നതുകൊണ്ടാണ ഭക്ഷണദ്രവ്യങ്ങൾ കിട്ടാതിരുന്നതെന്ന് അന്വേഷണത്തിൽ അക്ബൎക്കു മനസ്സിലായി. ഇതുനിമിത്തം അക്ബൎക്ക് അദ്ദേഹത്തിന്റെ നേരെ വളരെ അപ്രീതിയുണ്ടാവുകയും അദ്ദേഹത്തിനെ രാജസദസ്സിൽനിന്നു പുറത്താക്കുകയും ചെയ്തു. മാനസിംഹൻ മാത്രമല്ല സേനാപതിയായ ആസഫ്ഖാനും ഈ കാരണംകൊണ്ടുതന്നെ ചക്രവൎത്തിയുടെ വിരക്തിഭാജനമായിത്തീൎന്നു. മൊഗളസൎവ്വപ്രധാനസേനാപതിയായ ഖാൻഖാനാൻ പ്രതാപനെ വളരെ ശ്ലാഘിച്ചുകൊണ്ട് ഒരു ചെറിയ കവിത അദ്ദേഹത്തിന്ന് അയച്ചുകൊടുത്തതായി മുമ്പു വിവരിച്ചിട്ടുണ്ടല്ലോ. അന്യന്മാരുടെ കഥ പോകട്ടെ. പ്ര

താപൻെറ അത്ഭുതചരിത്രങ്ങൾ കേട്ട് അക്ബർതന്നെ അദ്ദേഹത്തിൻെറ നേരെ വളരെ പ്രീതി തോന്നി. പ്രതാപൻെറ നേരെ പ്രതിക്രിയ ചെയ്വാൻ വേണ്ടി ആദ്യം അക്ബർ വളരെ യത്നിച്ചു എങ്കിലും പിന്നീടു പ്രതാപൻെറ വീര്യാതിശയം കണ്ടു് അക്ബരും മോഹിതനായി ഭവിച്ചു.

വിശേഷിച്ചു പർവ്വതങ്ങൾകൊണ്ടു നിറഞ്ഞ മീവാരത്തിൽ യുദ്ധം ചെയ്യുതുകൊണ്ടു വിശേഷഫലം ഉണ്ടായില്ല. എന്തുകൊണ്ടെന്നാൽ ജയിച്ചാലും തോററാലും ഫലം ഏകദേശം ഒരുപോലെയായിരുന്നു. ഒരു വിധത്തിലും അടങ്ങാത്ത രാജപുത്രന്മാരെ ഒതുക്കാൻ ഞെരുക്കമാണ്. അതുകൊണ്ടു മീവാരവിജയത്തിന്നുവേണ്ടി അവിടെ ഒരു സൈന്യത്തെ നിർത്തി രക്ഷിക്കുന്നതു് അനാവശ്യമാണെന്നു ചക്രവർത്തിക്കു ബോദ്ധ്യമായി.

മൂന്നാമതു് ഈ സമയത്തു വംഗദേശം, കാശ്മീരം, ദക്ഷിണഇന്ത്യ മുതലായ രാജ്യങ്ങളെ പിടിച്ചടക്കാൻവേണ്ടി അക്ബർ വലിയ പരിശ്രമങ്ങൾ ചെയ്യിരുന്നു. ക്രിസ്ത്വാബ്ദം 1576-ാമാണ്ടിൽ മൊഗളന്മാർ വംഗദേശത്തെ ആക്രമിച്ചു ജയം നേടി. എന്നാൽ പോൎക്കളത്തിൽ ജയിക്കുന്ന കാൎയ്യം ഒന്നു വേറെ. രാജ്യം പിടിച്ചതിന്നുശേഷം ശാസനരീതികളെ ഏൎപ്പെടുത്തി രാജ്യം ഭരിക്കുന്ന കാൎയ്യം മറെറാന്നു വേറെ. പൊയ്കയിൽ ഒരു കല്ലെടുത്തിട്ടാൽ വെള്ളം നീങ്ങി ഏതുപ്രകാരം കല്ലിന്നു പ്രവേശസ്ഥാനം ലഭിക്കുകയും തൽക്ഷണംതന്നെ ആ സ്ഥാനത്തു വെള്ളം വന്നു മൂടുകയും ചെയ്യുന്നുവോ അപ്രകാരംതന്നെ വംഗദേശത്തെ മൊഗളന്മാർ

ആക്രമിക്കുമ്പോഠം അവിടെയുള്ള പറാണികളും ക്ഷത്രിയന്മാരും യുദ്ധത്തിൽ തോററാൽ അവിടം വിട്ടു പോകുകയും പിന്നീടു തക്കം കിട്ടിയാൽ മുമ്പിലത്തെപ്പോലെ തങ്ങളുടെ സ്വായാധികാരത്തെ നടത്താൻ ശ്രമിക്കുകയും ചെയ്യും. സമൃദ്ധിയുള്ള വംഗദേശം പിടിച്ചടക്കാൻ മൊഗളന്മാക്ക് അതിയായ ആഗ്രഹം ഉണ്ടായിരുന്നു. അതിന്നുവേണ്ടി എല്ലായ്പോഴും അക്ബർ സൈന്യങ്ങളെ അയച്ചിരുന്നു. കാശ്മീരത്തേയും കാബൂലിനേയും ജയിക്കാൻവേണ്ടി വളരെ സൈന്യനാശം ഉണ്ടായി. ഈ സമയത്തുതന്നെ തെക്കേ ഇന്ത്യയിലുള്ള അഹമ്മതുനഗരം പിടിച്ചടക്കാൻവേണ്ടി ചക്രവത്തിക്കു ദീഘകാലം നിലനില്ക്കുന്നതായ ഒരു യുദ്ധത്തിൽ ഏപ്പെടേണ്ടി വന്നു. ക്രമത്തിൽ അവിടെയുള്ള യുദ്ധം വളരെ ഘോരമായിത്തീന്നുകൊണ്ടു സൈന്യത്തിൻെറ അധികഭാഗവും അവിടേക്കു് അയക്കേണ്ടതായി വന്നു.

ഈ സകല കാരണങ്ങഠംകൊണ്ടു മൊഗളന്മാർ രാജപുതന്നയെ ഉപേക്ഷിച്ചു. വളരെ ദൂരം നടന്നു ക്ഷീണിച്ച വഴിയാത്രക്കാർ വഴിയമ്പലങ്ങളിൽ ചെന്നിരുന്നു എങ്ങിനെ വിശ്രമിക്കുന്നുവോ അങ്ങിനെതന്നെ യുദ്ധം ചെയ്തു ക്ഷീണിച്ചവനും വിരവിക്രമിയും ആയ മഹാറാണനും ഉദയപുരത്തിലുള്ള ജീണ്ണകുടീരത്തിൽ താമസിച്ചു തൻെറ ജീവിതദശയിലെ ഏതാനും ദിവസങ്ങഠം ഒരു സൊല്ലയും കൂടാതെ കഴിച്ചുകൂട്ടാൻ അവസരം കിട്ടി.

എന്നാൽ വിശ്രമംകൊണ്ടുമാത്രം മനശ്ശാന്തി വരുന്നതല്ല. മനുഷ്യൻെറ മനസ്സിന്നാണു ശാന്തി വരേണ്ട

ത്തു്. മനസ്സിന്നു സമാധാനമില്ലെങ്കിൽ വിശ്രമംകൊണ്ടു ദേഹത്തിന്നു ക്ഷീണമാണു് ഉണ്ടായിത്തീരുന്നതു്. പ്രതാപൻ ജീവകാലം മുഴുവനും യുദ്ധം ചെയ്തു എന്നിരിക്കിലും പൂർവ്വപുരുഷന്മാരുടെ കേളിരംഗസ്ഥലവും തന്റെ ചിരപ്രയത്നഹേതുവും ആയ ചിത്തോരു് അദ്ദേഹത്തിന്റെ അധീനത്തിലായില്ല. രാപ്പകൽ ഒരുപോലെ അദ്ദേഹം ചിത്തോരിനെപ്പററി വിചാരിച്ചുകൊണ്ടിരുന്നു. ആ വിചാരത്തിനു് അവസാനം കണ്ടില്ല. അദ്ദേഹത്തിന്റെ ആശാപൂരണത്തിന്നും വഴി കണ്ടില്ല. നിരാശനായ പ്രതാപന്നു് എല്ലാം അന്ധകാരമയമായിത്തോന്നി. പർവ്വതത്തിന്റെ ഉയർന്ന കൊടുമുടിയിൽനിന്നു ദൂരത്തിലിരിക്കുന്ന ചിത്തോരിന്റെ നേരെ അദ്ദേഹത്തിന്റെ ദൃഷ്ടി പതിക്കുമ്പോഴൊക്കെയും ക്രോധംകൊണ്ടും വ്യസനംകൊണ്ടും നൈരാശ്യംകൊണ്ടും അദ്ദേഹം തന്നെത്താൻ മറന്നിരുന്നു. തന്റെ പൂർവ്വന്മാരുടെ ലീലാസ്ഥലമായിരുന്ന ചിത്തോരു തുർക്കികളുടെ കൈവശത്തിലായല്ലോ എന്നുള്ള വിചാരം പ്രതാപന്നു ഒട്ടും സഹിക്കാൻ കഴിഞ്ഞില്ല. യൌവനയുക്തനെങ്കിലും അനേകം യുദ്ധങ്ങളിൽ ഏററ മുറികളുടെ കലകളോടുകൂടിയവനും ക്ഷീണിച്ച ദേഹത്തോടുകൂടിയവനും ആയ ആ വീരയോദ്ധാവു ദൂരത്തുനിന്നു് ഔൽസുക്യത്തോടുകൂടി തന്റെ പൂർവ്വന്മാരുടെ ചോരയണിഞ്ഞ ചിത്തോരിനെ കണ്ടപ്പോൾ അവിടെവെച്ചു നടന്നതായ വീരകൃത്യങ്ങൾ സ്വർഗ്ഗീയതേജസ്സോടുകൂടി ഓരോന്നായി അദ്ദേഹത്തിന്റെ അന്ധകാരമയമായ മനസ്സിൽ ഉദിച്ചു. കീർത്തിമാനായ ബാപ്പാരായന്റെ വീര്യവും രാജപുത്രസ്വാതന്ത്ര്യ

ത്തിന്നുവേണ്ടി സമരസിംഹൻ പ്രാണത്യാഗം ചെയ്യുതും ലക്ഷ്മണസിംഹൻെറ ആത്മബലിയും ബാദലൻ, ഹമ്പിരൻ, പുത്തൻ, ജയമല്ലൻ മുതലായ വീരയോദ്ധാക്കളുടെ അസാമാന്യമായ വീൎയ്യവും ശൌൎയ്യവും ചന്ദായത്ത റാണി പുത്രിയൊന്നിച്ച രാജപുത്രന്മാരെ ഉത്സാഹിപ്പിച്ചുംകൊണ്ടു പോൎക്കളത്തിൽ വീണു മരിച്ചതും എല്ലാം ഓരോന്നായി പ്രതാപൻെറ മനോദൃഷ്ടിയിൽ പതിഞ്ഞു. ഒടുക്കം ചിത്തോരിൻെറ മഹിമ മങ്ങിത്തുടങ്ങി. ചിത്തോരിൻെറ കുലദേവത അതിനെ ഉപേക്ഷിച്ച പൊയ്ക്കളഞ്ഞു. അതിൻെറ മഹാഹാത്മ്യത്തിന്നു കളങ്കം തട്ടിത്തുടങ്ങി. കഷ്ടം! തൻെറ അച്ഛനായ ഉദയസിംഹൻ തൻെറ കുലഗൌരവത്തിൻെറ ആസ്പദമായ ചിത്തോരു വിട്ട് ഓടിപ്പോകുന്നതും തൻെറ മനോദൃഷ്ടിയിൽ പതിഞ്ഞു. വ്യസനംകൊണ്ടു മലിനമായ അദ്ദേഹത്തിൻെറ മുഖം ഗാംഭീരഭാവത്തെ ധരിച്ചു. ഇളക്കമില്ലാത്ത ഒരു കല്ലുപോലെ അദ്ദേഹം നിശ്ചലനായി നിന്നു. ആധി നിമിത്തം വ്രതംകൊണ്ടു മെലിഞ്ഞ അദ്ദേഹത്തിൻെറ ശരീരത്തിന്നു ക്ഷീണം തട്ടി.

വിചാരത്തിന്ന് അതിരില്ലാതേയും അതിൽനിന്നു മോചനം കിട്ടാൻ വഴിയില്ലാതേയും വരുമ്പോൾ ആധി വ്യാധിയായി പരിണമിക്കുന്നു. തീപോലെ ജ്വലിക്കുന്ന പ്രതാപൻെറ ശരീരം വിളൎത്തുവശായി. അദ്ദേഹത്തിന്നു അകാലത്തിൽ വാൎദ്ധക്യം ബാധിച്ചു. അദ്ദേഹത്തിൻെറ ജീവിതകാലം മുഴുവനും ഒന്നിച്ചുണ്ടായിരുന്ന പ്രഭുക്കന്മാർ എല്ലായ്പോഴും അദ്ദേഹത്തിനെ സമാധാനപ്പെടുത്താൻ ശ്രമിച്ചു എങ്കിലും അതെല്ലാം നിഷ്ഫലമായതേയുള്ളു. എന്തുകൊണ്ടെന്നാൽ പ്രതാപനെപ്പോലെ മനോധൈൎയ്യമുള്ള

വർ ഈ ലോകത്തിൽ ദുല്ലഭമാണ്. അങ്ങിനെയുള്ള മനസ്സിൽ ആധിപത്യം നേടാൻ ശ്രമിക്കുന്നതു വിഡംബന മാത്രമാണ്. പ്രതാപസിംഹൻ തൻെറ പണ്ണകുടീരത്തിൽ ദീനം പിടിച്ച കിടന്നു തൻെറ ചരമകാലത്തെ പ്രതിക്ഷിച്ചുംകൊണ്ടിരുന്നു.

പ്രതാപനു പതിനേഴ് പുത്രന്മാരുള്ളവരിൽ അമരസിംഹൻ ജ്യേഷ്ഠപുത്രനായിരുന്നു. പ്രതാപൻ മൂത്തപുത്രനെത്തന്നെ തൻെറ പിന്തുടച്ച്ാവകാശിയായി നിശ്ചയിച്ച. യുവരാജാവായ അമരസിംഹൻ തൻെറ പൂവ്വന്മാരുടെ മഹിമയെ കാത്തുരക്ഷിക്കാൻ സമത്ഥനാവുമോ എന്നതിനെപ്പററി പ്രതാപനു വളരെ വിചാരമുണ്ടായിരുന്നു. അമരസിംഹൻ കുറെ പൊക്കമുള്ള ആളായിരുന്നു. ഒരിക്കൽ അച്ഛൻെറ കുടീരത്തിൽനിന്നും അയാൾ എന്തോ ഒരു മനോരാജ്യത്തോടുകൂടി വെളിയിലേയ്ക്കു പോകുന്ന സമയം അയാളുടെ തലപ്പാവ് എറയത്തിൻെറ ഒരു മൂലയിൽ തട്ടി നിലത്തുവീണു. മകൻെറ മുഖത്തിൽ പെട്ടെന്നുണ്ടായ ഒരു ഭാവഭേദം കണ്ടിട്ടു സംശയഗ്രസ്തനായ പ്രതാപൻ ഇതു് ഒരു അശുഭലക്ഷണമാണെന്നു തീച്ചപ്പെടുത്തി. അമരസിംഹനു തൻെറ കഠോരവ്രതം ദീക്ഷിക്കാൻ കഴികയില്ലെന്നും പൂവ്വന്മാരുടെ മഹിമയെ നിലനിത്താനാവില്ലെന്നും ഉള്ള ആ ശങ്ക പ്രതാപൻെറ മനസ്സിനെ പലപ്പോഴും ദണ്ഡിപ്പിച്ചിരുന്നു.

ഇങ്ങിനെ ദിവസങ്ങൾ കഴിഞ്ഞുകൂടി ഒടുവിൽ പ്രതാപൻെറ അവസാനകാലം അടുത്തുകൂടി. പ്രതാപൻ ദീനം പിടിച്ച കിടക്കയിൽ കിടന്നിരുന്നു. അദ്ദേഹത്തി

ന്റെ നാലുഭാഗത്തും പ്രധാനികളായ പ്രഭുക്കന്മാരെല്ലാവരും ഒത്തുകൂടി നിന്നിരുന്നു. ആരും ഒന്നും സംസാരിച്ചിരുന്നില്ല. മനസ്സിലുള്ള വ്യസനാധിക്യംകൊണ്ടു പരവശന്മാരായി സകലരും ആ മഹാവീരന്റെ മരണം കാത്തുകൊണ്ടിരുന്നു. ഈ സമയത്തു പ്രതാപന്റെ മുഖത്തിൽനിന്നു് ഒരു ദീനസ്വരം പുറപ്പെട്ടു. 'മനസ്സമാധാനത്തോടുകൂടി മരിക്കാതിരിക്കത്തക്കവണ്ണം എന്തൊരു വ്യസനമാണു മഹാരാണായെ പീഡിപ്പിക്കുന്നതു്?' എന്നു ചന്ദായത്തുപ്രഭു മൃദുസ്വരത്തിൽ ചോദിച്ചു. പ്രതാപൻ പ്രകൃതിസ്ഥനായിട്ടു് ഉത്തരം പറഞ്ഞു. 'മീവാരഭൂമിയെ തുൎക്കികളുടെ കയ്യിലകപ്പെടാൻ സമ്മതിക്കയില്ലെന്നുള്ള പ്രതിജ്ഞ കേട്ടാൽ മാത്രമേ എനിക്കു സമാധാനത്തോടുകൂടി മരിക്കാൻ കഴിയുകയുള്ളു.'

കുറച്ചു സമയം കഴിഞ്ഞതിന്റെശേഷം പ്രതാപൻ സാവധാനത്തിൽ അമരസിംഹനെ സംബന്ധിച്ചു മുൻപ്രസ്താവിച്ച സംഭവത്തെ വിവരിച്ചതിന്റെ ശേഷം ഇപ്രകാരം പറഞ്ഞു. 'സാലുംബ്രാപതേ! ചിതോരിനെ വീണ്ടെടുക്കാൻ എനിക്കു സാധിച്ചില്ല. എന്റെ പുത്രനും സാധിക്കുമെന്നു തോന്നുന്നില്ല. ഈ രാജ്യം രക്ഷിക്കാൻവേണ്ടി എന്തെല്ലാം കഷ്ടപ്പാടുകളും കഠോരവ്രതാനുഷ്ഠാനങ്ങളും ആവശ്യമാണോ അതെല്ലാം സഹിപ്പാൻ അമരസിംഹനു സാധിക്കുമെന്നു തോന്നുന്നില്ല. ഇവിടെ ഇപ്പോൾകാണുന്ന കുടീരങ്ങളെല്ലാം പൊളിച്ചുകളഞ്ഞു ആ സ്ഥലങ്ങളിൽ മനോഹരമായ രാജധാനിയും മണിമാളികകളും നിൎമ്മിക്കപ്പെടുമെന്നു് എന്റെ ജ്ഞാനദൃഷ്ടികൊണ്ടു ഞാൻ കാണു

ന്നുണ്ട്. അതിൽനിന്നു സുഖാനുഭവത്തിന്നുള്ള വാസനയുണ്ടായിത്തീരും. സുഖാനുഭവത്തിന്ന് ഉപയുക്തങ്ങളായ സകല പദാൎത്ഥങ്ങളും ഇവിടെ ഉണ്ടായിത്തീരും. ജന്മഭൂമിയുടെ സ്വാതന്ത്ര്യരക്ഷയ്ക്കുവേണ്ടി നമ്മുടെ ദേഹത്തിലെ ചോര വെള്ളംപോലെ കളഞ്ഞതെല്ലാം ആ സുഖാനുഭവത്തിന്റെ ഇടയിൽ മറന്നുപോകുമല്ലോ. ഹാ കഷ്ടം! നിങ്ങളുംകൂടി ആ സാധുവായ ദൃഷ്ടാന്തത്തെ അനുകരിക്കുമല്ലോ.'

ദ്വേഷ്യംകൊണ്ടും ക്ഷോഭംകൊണ്ടും മരിക്കാൻ കിടക്കുന്ന ആ വീരൻ കിടക്കയിൽനിന്ന് എണീക്കാൻ ശ്രമിച്ചു. പ്രഭുക്കന്മാർ അദ്ദേഹത്തിനെ ആശ്വസിപ്പിച്ചു. പിന്നെ അവർ എല്ലാവരും ശപഥംചെയ്തു പറഞ്ഞു. 'ഞങ്ങൾ ബാപ്പാരായന്റെ പവിത്രമായ സിംഹാസനം തൊട്ടു സത്യം ചെയ്യുന്നു. മിവാരരാജ്യത്തിന്നു പൂൎണ്ണസ്വാതന്ത്ര്യം ലഭിക്കുന്നതുവരെ ഈ സ്ഥലത്തു വിശേഷമായ കെട്ടിടങ്ങൾ പണിചെയ്യിക്കുകയില്ല. ഞങ്ങൾ അങ്ങയുടെ പുത്രനുവേണ്ടി ജാമ്യം നില്ക്കുന്നു' ഈ പ്രതിജ്ഞ കേട്ടപ്പോൾ പ്രതാപന്നു തൃപ്തിയായി. പിന്നെ ഈശ്വരനാമം സ്മരിച്ചുകൊണ്ട് അദ്ദേഹം ആനന്ദത്തോടുകൂടി മരിക്കയും ചെയ്തു.

മഹത്വം, വീരത്വം, സ്വദേശസ്നേഹം ഇവയുടെ പവിത്രമൂൎത്തിയായ പ്രതാപസിംഹൻ കാലഗതിയെ പ്രാപിച്ചു. രാജപുത്രന്മാരുടെ ആശയെ വളൎത്തുവാനും ഹിന്തുരാജാക്കന്മാരുടെ സഹായവും അവലംബവും ആയവനും ഹിന്തുസ്ഥാനത്തിന്റെ ഗൌരവം വൎദ്ധിപ്പിച്ച് അതിന്ന് അലങ്കാരമായിത്തീൎന്നവനും മഹാ വീരനുമായ പ്രതാപ

സിംഹൻ അമ്പത്തഞ്ചാമത്തെ വയസ്സിൽ ഇഹലോകവാസം ഉപേക്ഷിച്ചുപോയി. സമരസിംഹൻ്റേയും സംഗ്രാമസിംഹൻ്റേയും അനുരൂപനായ അനന്തിരവൻ· വളരെ കാലം യുദ്ധംചെയ്ത് അനേകം കഷ്ടപ്പാടുകഠം അനുഭവിച്ചതിൻ്റെ ശേഷം ചിരനിദ്രയെ പ്രാപിച്ചു. ഭാരതഭൂമിയുടെ ഭാഗ്യാകാശത്തിൽനിന്ന് അത്യുജ്ജ്വലമായ ഒരു നക്ഷത്രം വീണുപോയി. ഭാരതജനനിയുടെ കണ്ഠാഭരണത്തിൻ്റെ നടുനായകക്കല്ല് ഊരി വീണുപോയി. രാജ്യം മുഴവനും വ്യസനാക്രാന്തന്മാരായ ആബാലവൃദ്ധവനിതകളുടെ ഹാഹാകാരശബ്ദംകൊണ്ടു മുഴങ്ങി. രാജപുത്രന്മാരും ഭീലന്മാരും, ഹിന്തുക്കളും മുസൽമാന്മാരും, ശത്രുക്കളും ബന്ധുക്കളും, ധനികന്മാരും ദരിദ്രന്മാരും, പ്രഭുക്കളും പിച്ചക്കാരും ഒരുപോലെ പ്രതാപൻ്റെ മരണത്തെപ്പററി ദുഃഖിച്ചു. പ്രതാപൻ്റെ മരണദിവസം ഭാരതവഷത്തിൽ ഒരു വലിയ ദുഃഖദിവസമായിരുന്നു.

പതിനാറാം അദ്ധ്യായം.

## ചരിത്രവും ശിക്ഷയും.

ഭാരതഭൂമി വീരജനനിയാണ്. ഏററവും പുരാതനകാലം മുതല്ക്കുതന്നെ ഭാരതവഷത്തിലെ ആയ്യന്മാർ വീയ്യശൌയ്യാദിഗുണങ്ങഠംകൊണ്ടു പ്രസിദ്ധി നേടിയവരാണ്. സിന്ധുദേശവും പഞ്ചനദവും വേദദ്ധ്വനികൊണ്ടു മുഴങ്ങിയിരുന്ന കാലത്തും മുനിവ്രതന്മാരായ ആയ്യന്മാരു

ടെ ഇടയിൽ വീരന്മാർ ഇല്ലാതിരുന്നില്ല. അതിന്റെ പിറേറക്കാലങ്ങളിൽ നടന്ന സംഭവങ്ങളുടെ പ്രതിബിംബസ്വരൂപങ്ങളായ സംസ്കൃത കാവ്യഗ്രന്ഥങ്ങളുടെ അധികഭാഗവും വീരകഥകളാണ്. പിന്നീട് ആര്യന്മാരുടെ ബുദ്ധി, ധർമ്മത്തിന്റേയും ദർശനങ്ങളുടേയും സൂക്ഷ്മതത്വങ്ങൾ കണ്ടുപിടിക്കുന്നതിൽ പ്രസക്തിയോടുകൂടി ഇരുന്ന കാലത്തും ഭാരതവർഷത്തിൽ ഹിന്തുധർമ്മത്തിന്റേയും ബൌദ്ധധർമ്മത്തിന്റേയും നീതിപ്രവാഹം ഉണ്ടായിക്കൊണ്ടിരുന്ന കാലത്തും ഭാരതനിവാസികൾ വീരധർമ്മത്തിന്റേയും യുദ്ധനീതിയുടേയും ഗൌരവവർദ്ധനക്കുവേണ്ടി പരിശ്രമം ചെയ്യാതിരുന്നില്ല. പുരാതനകാലത്തിലെ വീരകീർത്തികഥകളെ തള്ളിയാൽക്കൂടി ആര്യന്മാരുടെ വീരത്വത്തിന്നു ഹാനി വരുന്നതല്ല.

ഏകദേശം ഒരായിരം കൊല്ലത്തിന്നിപ്പുറമുള്ള ചരിത്രം നോക്കിയാൽകൂടി മുസൽമാന്മാരുടെ വാഴ്ചകാലത്തു രാജപുത്രന്മാർ, മഹാരാഷ്ട്രന്മാർ, ശിഖന്മാർ എന്നീ മൂന്നു വീരജാതികളുടെ ആവിർഭാവം ഉണ്ടായിട്ടുണ്ട്. ഇവർതന്നെയാണ ക്രമത്തിൽ പ്രബലന്മാരായ മുസൽമാന്മാരുടെ ബലക്ഷയത്തിന്നു കാരണമായിത്തീൎന്നതു്. ഇതുകൊണ്ടുതന്നെയാണ മുസൽമാന്മാരുടെ കീഴിലായിരുന്ന ഭാരതഭൂമി ഒടുക്കം എളുപ്പത്തിൽ ബ്രിട്ടീഷുകാൎക്ക് അധീനമായിത്തീൎന്നതു്. മേല്പറഞ്ഞ മൂന്നു വീരജാതിക്കാരുടെ ഇടയിൽ അനേകം വീരപുരുഷന്മാർ ഉണ്ടായിട്ടുണ്ട്. ഇന്നും ഈ ജാതിക്കാരുടേയും മറവും ശൌര്യത്തിന്നു യാതൊരു ഹാനിയും വന്നിട്ടില്ലെന്നു് ഇയ്യിടയിൽ യൂറോപ്പുഖണ്ഡത്തിൽവെച്ചു

നടന്ന മഹാ ഭയങ്കരമായ യുദ്ധം ഒരു ദൃഷ്ടാന്തമാണ്. ഇന്ത്യാസൈന്യങ്ങളുടെ വീരകൃത്യങ്ങളെ പ്രശംസിച്ചുകൊണ്ടു ഓരോ യൂറോപ്യലേഖകന്മാർ എഴുതിയിരുന്നതു നാം ദിനം പ്രതി വത്തമാനക്കടലാസ്സുകളിൽ വായിച്ച് ആനന്ദിച്ചിരുന്നുവല്ലോ. പ്രസ്തുത പ്രതാപസിംഹൻെറ വംശജനായ സർ പ്രതാപസിംഹൻ എഴുപതു വയസ്സു പ്രായമായിട്ടുകൂടി ഈ യുദ്ധത്തിന്നു പോയിരിക്കുന്നു. അദ്ദേഹത്തിൻെറ മരുമകനായ ഉദയപുരരാജാവിന്നു സുമാറു പതിനാറു വയസ്സു പ്രായമേ ആയിട്ടുള്ളൂ എങ്കിലും അദ്ദേഹവും തൻെറ അമ്മാമനൊന്നിച്ചു യൂറോപ്പിലേയ്ക്കു യുദ്ധത്തിന്നു പോയി. ഇന്ത്യക്കാർ മോശക്കാരാണെന്നും കൂലിക്കാരാണെന്നും അവർ ഈ യുദ്ധത്തിൽ ചേരാൻ യോഗ്യന്മാരല്ലെന്നും അവരെ നിന്ദിച്ചിരുന്ന ജൎമ്മൻ ചക്രവത്തിക്കും ജൎമ്മൻ രാജ്യക്കാക്കും ഇന്ത്യയിലെ പട്ടാളക്കാർ നല്ലൊ.ു പാഠം പഠിപ്പിച്ചിരിക്കുന്നു. ഇന്ത്യക്കാരുടെ വീൎയ്യശൌൎയ്യാദിഗുണങ്ങൾ പ്രദശിപ്പിക്കാനും തന്മൂലം ഇന്ത്യക്കാരുടെ ഖ്യാതിയും ഗൌരവവും ലോകപ്രസിദ്ധമാക്കിത്തീക്കാനും പ്രധാനകാരണഭൂതനും നീതിനിപുണനും മഹാമനസ്കനും ഇന്ത്യാക്കാരെ നിൎവ്യാജം സ്നേഹിക്കുന്നവനും അന്നത്തെ നമ്മുടെ വൈസ്രോയിയും ആയ ഹാർഡിഞ്ച് പ്രഭുവിൻെറ നേരെ നാം എത്രത്തോളം നന്ദിയുള്ളവരായിരിക്കേണ്ടതാണെന്നു പറഞ്ഞറിയിക്കാൻ ഞെരുക്കമാണ്. ഇദ്ദേഹം ആയുരാരോഗ്യ സമ്പത്സമൃദ്ധിയോടുകൂടി ലോകഗുണത്തിന്നുവേണ്ടി വളരെക്കാലം ജീവിച്ചിരിപ്പാൻ ജഗദീശ്വരൻ കടാക്ഷിക്കട്ടെ.

മേല്പറഞ്ഞ മൂന്നു ജാതിക്കാരുടെ ഇടയിൽ വെച്ച മഹാറാണനായ പ്രതാപസിംഹൻ, ശിവാജി, ശിഖഗുരു ഗോവിന്ദസിംഹൻ എന്നീ മൂന്നുപേർ എല്ലാംകൊണ്ടും സൎവ്വപ്രധാനികളാണെന്നു പറയാം. ഈ മൂന്നു മഹാനുഭവന്മാരുടെ അസാധാരണ പ്രവൃത്തികൾകൊണ്ടും അവരുടെ ദൃഷ്ടാന്തത്തെ അനുസരിച്ചതുകൊണ്ടുമാണ് ഈ മൂന്നു ജാതിക്കാരുടെ മഹത്വവും വീരത്വവും ലോകവിശ്രുതമായിത്തീൎന്നതു്. ഈ മൂന്നു വീരന്മാരിൽ വെച്ച പ്രതാപസിംഹനാണ് ഏററവും ശ്രേഷ്ഠൻ എന്നു പറയാവുന്നതാണ്. ശാന്തജലത്തിൽ നാവികന്മാരുടെ സാമൎത്ഥ്യം കാണിക്കാൻ തരമില്ല. പ്രബലന്മാരായ ശത്രുക്കളോട്ട് എതിൎത്തു യുദ്ധം ചെയ്യാതിരിക്കുമ്പോൾ ആരുടെയും വീൎയ്യപരാക്രമങ്ങൾക്കു പ്രകാശം ഉണ്ടാവുന്നതല്ല. പലപ്പോഴും എതിരാളികളായി കൂട്ടിമുട്ടി യുദ്ധം ചെയ്യുമ്പോൾ മാത്രമാണു പോരാളികളുടെ സാമൎത്ഥ്യവും ശക്തിയും അറിവാനിടവരുന്നതു്. മുസൽമാൻ ചക്രവൎത്തികളിൽവെച്ച സൎവ്വശ്രേഷ്ഠൻ ആരൊരുവനോ, ആരൊരുത്തന്റെ ശാസനാനീതിയുടെ മോഹിനീശക്തികൊണ്ടു ഹിന്തുക്കളും മുസൽമാന്മാരും ഒരുപോലെ തന്റെ നേരെ ഭക്തിയുള്ളവരായിത്തീൎന്നുവോ ആ ലോകപ്രസിദ്ധനായ അക്ബർ ചക്രവൎത്തിതന്നെയായിരുന്നു പ്രതാപന്റെ എതിരാളി. ശിവാജിയുടെ പരമശത്രുവായിരുന്ന അറങ്ങസിബ്ബ ചക്രവൎത്തി തന്റെ കൂടനീതികൊണ്ടും ദ്രോഹംകൊണ്ടും തന്റെ പ്രജകളിൽ അധികപക്ഷക്കാരേയും വെറുപ്പുള്ളവരാക്കിത്തീൎത്തു. അറങ്ങസിബ്ബിന്റെ മഹത്തായ ശക്തി

യും ഉജ്ജ്വലമഹിമയും സൂക്ഷ്മത്തിൽ അന്തസ്സാരശൂന്യങ്ങളായിരുന്നു. ഗോവിന്ദസിംഹൻെറ ആവിർഭാവകാലത്തു മൊഗളന്മാരുടെ വീര്യാഗ്നി കെടാറായിരുന്നു. മൊഗളന്മാരുടെ പ്രതാപത്തിൻെറ നട്ടുച്ച സമയത്തു സ്വല്പസൈന്യങ്ങളുടെ സഹായത്തോടുകൂടി വളരെ കൊല്ലകാലം പ്രബലശത്രുവിനോടു പടപൊരുതി നിന്ന പ്രതാപൻ വീരത്വത്തിൻെറ പരമകാഷ്ഠയെ പ്രദശിപ്പിച്ചു. പ്രതാപൻെറ ശത്രുവിൻെറ ബലവും ഉൽകഷ്വും ഒരുക്കങ്ങളും മററു രണ്ടു പേരുടെ ശത്രുക്കളുടേതിനേക്കാൾ എത്രയോ അധികമായിരുന്നതുകൊണ്ടു പ്രതാപൻ തന്നെയാണു മൂന്നു പേരിലും വെച്ച് ഏററവും ശ്രേഷ്ഠൻ. പ്രതാപസിംഹൻ തന്നെയാണു വീരചൂഡാമണി.

പ്രതാപൻെറ വീരത്വത്തിൽ നീചതയുടെ ലാഞ്ഛനംകൂടി ഇല്ല. ദുബ്ബലന്മാരായ ശത്രുക്കളുടെ നേരെ നിമ്മയ്യാദയായ പ്രവൃത്തികളോ ശത്രുനാശത്തിനുവേണ്ടി കപടപ്രവൃത്തികളോ വിശ്വാസവഞ്ചനയോ സത്യം വിട്ടിട്ടുള്ള പ്രവൃത്തികളോ പ്രതാപൻെറ ചരിത്രത്തിലെങ്ങും കാണുകയില്ല. പ്രതാപൻെറ കഠോരശാസനകൊണ്ടു രാജപുതന ശ്മശാനത്തിന്നു തുല്യമായിത്തീൎന്നു. എന്നാൽ ആ ശ്മശാനഭൂമിയിൽ, വെറുപ്പു തോന്നത്തക്ക കാഴ്ചകളോ, അശുചിയോ, ദുഗ്ഗന്ധമോ, ഉണ്ടായിരുന്നില്ല. പ്രതാപൻെറ ജീവിതത്തിൽ ധമ്മത്തേയും നീതിയേയും ധിക്കരിച്ച് ഒരു പ്രവൃത്തിയെങ്കിലും കാണില്ല. പ്രതാപൻെറ ചരിത്രം നിമ്മലവും വിശുദ്ധവും വെൺനിലാവുപോലെ ശുഭ്രമായിട്ടുള്ളതും

ആകുന്നു. രാജപൂതനയുടെ എല്ലാ ഭാഗവും ഈ പവിത്ര ചരിത്രത്തിൻെറ ഉജ്ജ്വലകാന്തികൊണ്ടു പ്രശോഭിതമായിത്തീന്നു.

പ്രതാപൻെറ ചരിത്രത്തിൽ വീരത്വത്തെക്കാളധികം പ്രധാനമായി നില്ക്കുന്നതു മഹത്വമാണ്. പ്രതാപൻെറ ജീവിതം ഒരു യോദ്ധാവിൻെറ ജീവിതമായിരുന്നു എങ്കിലും അദ്ദേഹം സാധാരണ യോദ്ധാക്കന്മാരെപ്പോലെ അന്യ രാജ്യങ്ങൾ പിടിച്ചടക്കാൻ ആഗ്രഹിച്ചിരുന്നില്ല. അന്യന്മാരുടെ ധനം അപഹരിപ്പാൻ അദ്ദേഹം ശ്രമിച്ചില്ല. അന്യായവും അനൎത്ഥകരവുമായ വധം ചെയ്ത് അദ്ദേഹം തൻെറ ഊരിയ വാളിനെ മലിനമാക്കിയില്ല. സ്വരാജ്യത്തിൻെറ ഉദ്ധാരണമായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശം. അന്യരാജ്യങ്ങൾ കൈക്കലാക്കാനുള്ള മോഹംതന്നെ അദ്ദേഹത്തിന്ന് ഉണ്ടായിരുന്നില്ല. സ്വഭാവഗുണംകൊണ്ടു കൎമ്മശൂരനായ പ്രതാപന്നു മനുഷ്യരുടെ ഇടയിൽവെച്ച് ഒരു അത്യുന്നതപദവി സിദ്ധിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ ദേവതുല്യമായ ശരീരവും ദിവ്യമായ ചരിത്രവും ഹിന്തുസ്ഥാനത്തിലെ സകല ഗൃഹങ്ങളിലും ആരാധിക്കപ്പെടുവാൻ യോഗ്യമായിട്ടുള്ളതാണ്.

തങ്ങൾ വളരെ ആലോചന ചെയ്തതിൻെറ ശേഷം ഒരു കാൎയ്യം നടത്തേണമെന്നു തീൎച്ചപ്പെടുത്തിയാൽ പിന്നെ എന്തുതന്നെ വിഘ്നങ്ങൾ നേരിട്ടാലും അവർ ആ കാൎയ്യത്തിൽനിന്നു പിൻവലിക്കുകയില്ലെന്നുള്ളതാണു മഹാത്മാക്കളുടെ പ്രധാനമായ ഒരു ലക്ഷണം.

'വിഘ്നൈർമ്മുഹുർമ്മുഹുരപിപ്രതിഹന്യമാനാഃ
പ്രാരംഭമുത്തമഗുണാ ന പരിത്യജന്തി'.

മഹാവീരനായ നെപ്പോളിയൻ ഇററലി രാജ്യത്തെ ആക്രമിച്ചു ജയിക്കേണമെന്നു തീച്ചയാക്കിയപ്പോഠ 'ആല്പ്സ് പൎവ്വതം ദൂരെ നീങ്ങിപ്പോയ്ക്കൊള്ളും' എന്നു പറയുകയുണ്ടായി. ആകാശം മുട്ടി നില്ക്കുന്നതും ദുരാരോഹവുമായ ആല്പ്സ് പൎവ്വതം ഇററലിയുടെ നേരെയുള്ള തൻെറ യാത്രയ്ക്കു മുടക്കമായി വരികയില്ലെന്നുള്ള അൎത്ഥത്തിലാണ് അദ്ദേഹം മേൽപ്രകാരം പറഞ്ഞതു്. മഹാവീരനായ പ്രതാപസിംഹൻ തൻെറ പരമശത്രുക്കളായ തുക്കികഠക്കു സ്വദേശത്തെ വിക്രയം ചെയ്യില്ലെന്ന് എപ്പോഠ തീച്ചപ്പെടുത്തിയോ അപ്പോഠ മഹാപരാക്രമിയും പ്രജകളുടെ കണ്ണിലുണ്ണിയും ആയ അക്ബർ ചക്രവൎത്തിയുടെ സൈന്യബലത്തേയും അൎത്ഥബലത്തേയും മന്ത്രബലത്തേയും അദ്ദേഹം വകവെച്ചില്ല. സ്വജാതിക്കാരായ അനേകം വീരന്മാർ ശത്രുപക്ഷത്തിൽ ചേൎന്നു. അങ്ങിനെ ആവട്ടെ. അനേകായിരം ശത്രുസൈന്യങ്ങഠ ആരാവല്ലി പൎവ്വതത്തിൻെറ ഇടുക്കുകളിൽ വന്നു ചേൎന്നു. അതും ആവട്ടേ. കോട്ടകളും രാജ്യത്തിൻെറ മിക്ക ഭാഗങ്ങളും ശത്രുക്കളുടെ കയ്യിലായിപ്പോയി. അതും ആവട്ടേ. അതുകൊണ്ടൊന്നും പ്രതാപന്നു ലേശം കുലുക്കമോ ക്ലേശമോ ഉണ്ടായില്ല. തന്നെയോ രാജ്യത്തേയോ ശത്രുവിന്നു വില്ക്കുകയില്ല എന്നുള്ള പ്രതാപൻെറ പ്രതിജ്ഞയ്ക്കു ലേശം ഇളക്കമുണ്ടായില്ല. മൊഗളചക്രവൎത്തിയുടെ ആധിപത്യം പേരിന്നുമാത്രം സ്വീകരി

ച്ചാൽ സ്വദേശം മടക്കിക്കിട്ടും. വളരെക്കാലമായി ആഗ്രഹിച്ചിരുന്ന ചിതോരിൽ പ്രവേശിക്കാനുള്ള അധികാരവും കിട്ടും. എന്നാൽ പ്രതാപൻ അതിനെ ആഗ്രഹിച്ചില്ല. പേരിന്നു മാത്രം കീഴടങ്ങിയാൽ ചക്രവർത്തിയുടെ പ്രീതിയും സ്വരാജ്യത്തിലെ അതുലമായ സമ്പത്തിന്നു് അധികാരവും ഉണ്ടായിത്തീരും. പ്രതാപൻ അതും ആഗ്രഹിച്ചില്ല. ശത്രുവിങ്കൽനിന്നു് ഒരനുഗ്രഹം പ്രാർത്ഥിക്കുന്നതു് ഏററവും നിന്ദ്യമായിട്ടാണു പ്രതാപൻ കരുതിയിരുന്നതു്. തൻെറ മാനത്തേയും സ്വദേശത്തേയും വിററുകളവാൻ പ്രതാപനെ പ്രേരിപ്പിക്കത്തക്ക യാതൊരു വസ്തുവും ഈ ലോകത്തിൽ ഉണ്ടായിരുന്നില്ല. അദ്ദേഹം ആത്മാഭിമാനത്തേയും സ്വദേശത്തിൻെറ മഹിമയേയും ഒരിക്കലും മറന്നുകളഞ്ഞില്ല. ദുഷ്ടാന്തന്മാരായ മൊഗളന്മാരോടു ശത്രുഭാവം അംഗീകരിച്ചാൽ രാജ്യവും രാജധാനിയും സമ്പത്തും സൌഖ്യവും എല്ലാം പൊയ്പ്പോകും. തൻെറ സ്വജനങ്ങളിൽ വളരെ പേർ മരിച്ചുപോകും. തൻെറ സംബന്ധികളുടെ ചോരകൊണ്ടു പർവ്വതനിരകൾ രക്തവർണ്ണമായിത്തീരും. രാജ്യം തകരാറിലായിപ്പോകും എന്നുള്ള വിചാരം പ്രതാപന്നു് ഒരു പ്രതിബന്ധമായി വന്നില്ല. സ്വദേശസ്വാതന്ത്ര്യത്തിന്നുവേണ്ടി സ്വദേശികളിൽ കുറെ പേരുടെ പ്രാണഹാനി വരുന്നതു പ്രതാപൻ അത്ര വലുതായികരുതിയില്ല. തൻെറ പ്രതിജ്ഞ നിറവേററാൻ സർവ്വസ്വവും ഉപേക്ഷിക്കാൻ പ്രതാപൻ ഒരുക്കമായിരുന്നു. പ്രതിജ്ഞ സഫലമാക്കാൻ കഴിഞ്ഞില്ലെങ്കിൽ പിന്നെ എ

ന്നുണ്ടായിട്ടും ഫലമില്ല. 'ഹതോവാ പ്രാപ്സ്യസിസ്വർഗ്ഗം ജിത്വാവാ ഭോക്ഷ്യസേമഹീം' (യുദ്ധത്തിൽ മരിച്ചാൽ സ്വർഗ്ഗലോകത്തിൽ പോകാം. യുദ്ധത്തിൽ ജയിച്ചാൽ രാജ്യം ഭരിച്ചു സുഖമായിരിക്കാം) എന്നുള്ള ഭഗവദ്വചനത്തെ പ്രതാപൻ ഒരിക്കലും മറന്നില്ല. ഈ രണ്ടിലൊന്നായിരുന്നു പ്രതാപൻെറ ജീവിതത്തിലെ ലക്ഷ്യം. ജന്മഭൂമിക്കു വേണ്ടി പ്രതാപൻ ചെയ്തു ആത്മത്യാഗത്തിന്നു തുല്യമായി ഈ ലോകത്തിൽ കാണ്മാൻ ഞെരുക്കമാണ്.

'മന്ത്രസ്യസാധനം കിംവാശരീരപാതനം' (ഒന്നുകിൽ കാൎയ്യസാദ്ധ്യം അല്ലെങ്കിൽ മരണം) എന്നുള്ള സിദ്ധാന്തമാണു പ്രതാപൻെറ ജീവിതത്തിൻെറ മൂലസൂത്രം. ഈ മൂലസൂത്രം കൂടാതെ തൻെറ പൌരുഷം രക്ഷിച്ച് ആൎക്കും ഒരിക്കലും ഉന്നതി ലഭിക്കാൻ സാധിക്കുന്നതല്ല. പ്രതാപൻ തൻെറ കാൎയ്യസിദ്ധിക്കുവേണ്ടി ഒരു അത്ഭുതമായ കഠോരവ്രതം അനുഷ്ഠിച്ചു. തൻെറ ജീവകാലം മുഴുവനും സുഖവിലാസങ്ങളെ ഉപേക്ഷിച്ചും തൻെറ അനന്തിരവന്മാർ പരമ്പരയായി സുഖാനുഭവങ്ങൾ ഉപേക്ഷിക്കേണമെന്നു താക്കീതു ചെയ്തും തൻെറ രാജ്യത്തെ പാഴാക്കീട്ടും സ്വദേശക്കാരെ മുഴുവനും സന്ന്യാസിവേഷധാരികളാക്കിയും പ്രതാപൻ സ്വദേശത്തിൻെറ ഉദ്ധാരണത്തിന്നു വേണ്ടി ഒരു പുതിയ മാതൃകയും ഒരു പുതിയ വഴിയും കണ്ടുപിടിച്ചു. അദ്ദേഹത്തിൻെറ ശപഥം എത്രത്തോളം കഠിനമായിരുന്നുവോ ആ ശപഥം നിറവേററാൻ അദ്ദേഹം എടുത്ത ഉപായങ്ങളും അത്രത്തോളം കഠിനമായിരുന്നു.

ധൎമ്മത്തിന്നും മോക്ഷപ്രാപ്തിക്കും വേണ്ടിയാണ ജനങ്ങൾ സാധാരണയായി തപസ്സു ചെയ്യുന്നതു്. സ്വരാജ്യത്തിന്നും സ്വരാജ്യസ്വാതന്ത്ര്യത്തിന്നും വേണ്ടിയാണ പ്രതാപൻ തപസ്സു ചെയ്തതു്. പ്രതാപൻെറ രാജനീതിസംബന്ധമായ തപസ്സ് അദ്ദേഹത്തിനെ വീരേന്ദ്രസമാജത്തിൽ വരിക്കപ്പെടുവാൻ തക്ക യോഗ്യനാക്കിത്തീൎത്തു.

പ്രതാപൻെറ ചരിത്രത്തിലെ സൎവ്വപ്രധാനമായ വിശേഷത്വം അദ്ദേഹത്തിൻെറ സ്വദേശഭക്തിയും മാതൃപൂജയും ആകുന്നു. യഥാൎത്ഥത്തിൽ അദ്ദേഹം ജന്മഭൂമിയെ "സ്വൎഗ്ഗാദപിഗരീയസി" (സ്വൎഗ്ഗത്തെക്കാൾ വലുതായിട്ടാണ്) എന്ന നിലയിലാണ കരുതിപ്പോന്നതു്. അദ്ദേഹത്തിൻെറ സകല വാക്കുകളിലും പ്രവൃത്തികളിലും ഈ മാതൃഭക്തി വെളിപ്പെട്ടിരുന്നു. അമ്മയുടെ മരണത്തിൽ മക്കൾ വ്യസനിക്കുന്നതു് എല്ലാവരും കണ്ടിട്ടുണ്ടു്. വളരെ ആളുകൾക്കു് അതു് അനുഭവവുമാണ്. എന്നാൽ ചിത്തോരിൻെറ നാശത്തെപ്പററി പ്രതാപനുണ്ടായ കഠിനവ്യസനവും മരണംവരെ ജന്മഭൂമിയുടെ ഉദ്ധാരണത്തിന്നുവേണ്ട അദ്ദേഹം അനുഭവിച്ച കഷ്ടപ്പാടുകളും നമ്മുടെ കല്പനാശക്തിക്കുകൂടി ഗ്രഹിക്കാൻ കഴിയുന്നതല്ല. സ്വദേശത്തിനെ സ്വന്തം അമ്മയെപ്പോലെ ഭക്തിയോടുകൂടി വിചാരിക്കാൻ കഴിയുന്നതു് എങ്ങിനെയാണെന്നും ജന്മഭൂമിയെ ഒരു ദേവിയുടെ നിലയിൽ പൂജിക്കാൻ കഴിയുന്നതു് എങ്ങിനെയാണെന്നും ലോകാചാരവും ധൎമ്മാചാരവും എല്ലാം മാതൃപൂജയിൽ അന്തൎഭവിപ്പിക്കാൻ കഴിയുന്നതു് എങ്ങിനെയാണെന്നും പ്രതാപൻ തൻെറ ചരിത്രത്തിൽ നല്ലവണ്ണം വെ

ളിപ്പെട്ടത്തിട്ടുണ്ട്. പ്രതാപൻെറ ചരിത്രം ആദ്യാവസാനം വരെ മാതൃപൂജയുടെയും അസാധാരണമായ ആത്മോത്സഗ്ഗ ത്തിൻെറയും ഉജ്ജ്വലചരിത്രമാണ്. സ്വദേശഭക്തന്മാരായ മഹാനുഭാവന്മാരുടെ കൂട്ടത്തിൽ പ്രതാപൻ പ്രഥമഗണനീയനാണ്.

സ്വദേശഭക്തിയില്ലാത്തവനെ മനുഷ്യനെന്നു പറഞ്ഞുകൂട. "സോപദ്രവാപിസുഖദാ ഖലു ജന്മഭൂമിഃ" എന്ന ആപ്തവാക്യം സവ്വഥാ ആദരണീയമാണ്. സ്വദേശമഹിമയെ രക്ഷിപ്പാൻ കഴിയാത്തവന്ന് ആത്മാഭിമാനത്തേയും രക്ഷിപ്പാൻ കഴിയുന്നതല്ല. മനുഷ്യരുടെ സമഷ്ടി ജീവിതംകൊണ്ടാണ സമുദായവും ജാതിയും ഉണ്ടായിട്ടുള്ളത്. സമുദായാംഗങ്ങളുടെ മഹത്വവും ഉന്നതിയും കൂടാതെ സമുദായത്തിന്നോ ജാതിക്കോ ഉന്നതി വരുന്നതല്ല. സ്വദേശഭക്തിയില്ലാത്ത ഒരു ജാതിയും ഒരിക്കലും ഉന്നതിയെ പ്രാപിച്ചിട്ടില്ല. സ്വജാതിക്ക് എത്രത്തോളം സ്വദേശഭക്തിയുണ്ടോ അത്രത്തോളം ആ ജാതി ഉന്നതപദവിയിൽ എത്തുന്നതാണ്. ധമ്മം ഇല്ലാത്ത മനുഷ്യൻ മനുഷ്യനല്ല. കേവലം മൃഗംതന്നെയാണെന്നാണ പറയേണ്ടത്. സ്വദേശഭക്തി മനുഷ്യൻെറ ഒരു പ്രധാന ധമ്മമാണ്. അതില്ലാത്ത മനുഷ്യനും മൃഗവും തമ്മിൽ ഒരു വ്യത്യാസവും ഇല്ല. ഈ ധമ്മമുണ്ടെങ്കിൽ മൃഗവും മനുഷ്യനായിത്തീരും. മനുഷ്യൻ ദേവനുമായിത്തീരും. പ്രതാപനെപ്പോലെയുള്ള മഹാനുഭാവന്മാർ ഈ ലോകത്തെ സ്വഗ്ഗതുല്യമാക്കിത്തീക്കുന്നു. സ്വദേശസ്നേഹത്തിൻെറ സഞ്ജീവനശക്തി കൂടാതെ അധോഗതിയെ പ്രാപിച്ചിരിക്കുന്ന ഒരു

ജാതിക്കും ഉന്നതി ലഭിക്കാൻ കഴിയുന്നതല്ല. അധോഗതിയെ പ്രാപിച്ചിരിക്കുന്ന ഏതൊരു ജാതി ഉന്നതിയേയും മംഗളത്തേയും ആഗ്രഹിക്കുന്നുവോ, അവൎക്കു മാതൃപൂജതന്നെയാണ് ഏകാധാരമായിട്ടുള്ളതു്. പ്രതാപന്റെ മാതൃപൂജതന്നെയാണ് അവൎക്കു മാതൃകയായിത്തീരുന്നതു്. പ്രതാപസിംഹൻ മാതൃകാപുരുഷനാണ്. ഭാരതവൎഷത്തിലെ സകലവീടുകളിലും പ്രതാപന്റെ പുണ്യചരിത്രത്തിനു പ്രചാരം ഉണ്ടായി വരട്ടേ!

ശുഭം.

PRINTED AT THE VIDYA VINODINI PRESS

17 DEC 1942